ഭൂമിയുടെ അതിർത്തികൾ വരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി നിന്നെ
സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 08 ഒക്ടോബർ 2016 ലക്കം 10

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


1. Prot. No. 488/16; Circular No. 16/2016 .................................................... 5
2. Prot. No. 489/16; Circular No. 17/2016 .................................................... 8
3. Prot. No. 490/16; Circular No. 18/2016 .................................................... 11
4. ലോകമിഷൻ ഞായർ – 2016 .................................................... 15
5. കച്ചേരിക്കാര്യം .................................................... 20
6. ദൈവകരുണയുടെ കുടുംബവർഷം .................................................... 25
7. അതിരൂപത ഇന്റർനെറ്റ് മിഷൻ .................................................... 26
8. വൈദികസമ്മേളനം – റിപ്പോർട്ട് .................................................... 28
9. വിശ്വാസപരിശീലനം .................................................... 30
10. ബൈബിൾ അപ്പൊസ്തൊലേറ്റ് .................................................... 34
11. ചെറുപുഷ്പ മിഷൻലീഗ് .................................................... 40
12. തിരുബാലസഖ്യം .................................................... 50
13. യുവജനശുശ്രൂഷ .................................................... 51
14. കുടുംബ പ്രേഷിതത്വം .................................................... 59
15. വിദ്യാഭ്യാസ ഏജൻസി .................................................... 65
16. വിമൽജ്യോതി വാർത്തകൾ .................................................... 69
17. കരിസ്മാറ്റിക് നവീകരണരംഗം .................................................... 71
18. എകെസിസി .................................................... 73
19. ഇൻഫാം വാർത്തകൾ .................................................... 77
20. കെസിബിസി മദ്യവിരുദ്ധ സമിതി .................................................... 79
21. പ്രതീക്ഷ വാർത്തകൾ .................................................... 85
22. സാമൂഹ്യസേവനവേദി .................................................... 87
23. ധ്യാനകേന്ദ്രങ്ങളിലൂടെ .................................................... 91
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................... 92
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................... 94
26. Programme of the Abp. Emeritus Mar George Njaralakatt ............ 96
27. Programme of the Archbishop Mar George Valiamattam ............ 98

**Prot. No. 488/16, Circular No. 16/2016**

# ജപമാലവണക്കവും സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥനയും

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

പരിശുദ്ധ അമ്മയുടെ സ്തുതിക്കായുള്ള ജപമാല വണക്കത്തിന് പ്രത്യേകം സമർപ്പിതമായിരിക്കുന്ന മാസമാണല്ലോ ഒക്ടോബർ. നമ്മുടെ പാരമ്പര്യമനുസരിച്ച് എല്ലാ ഇടവകകളിലും പത്തുദിവസം ആഘോഷമായ കൊന്തനമസ്കാരം നടത്തിവരാറുണ്ട്. ഈ വർഷവും എല്ലാ ഇടവകകളിലും പൂർവ്വാധികം ഭക്തിയോടെ ജപമാലവണക്കം നടത്താൻ ശ്രദ്ധിക്കണം. അതുപോലെ ഈ മാസത്തിൽ വ്യക്തിപരമായി കൂടുതൽ ജപമാലകൾ ചൊല്ലാനും കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ചിരുന്ന് മുടങ്ങാതെ കൊന്തചൊല്ലി പ്രാർത്ഥിക്കാനും പ്രത്യേകം താത്പര്യമെടുക്കണം. ജപമാല ചൊല്ലുമ്പോൾ നാം പരിശുദ്ധ അമ്മയോടൊപ്പം രക്ഷാകരരഹസ്യങ്ങളിലൂടെയുള്ള തീർത്ഥാടനം നടത്തുകയാണ്. ധ്യാനപൂർവ്വം ജപമാല ചൊല്ലുന്നവർക്ക് പരി. അമ്മയുടെ സംരക്ഷണവും സഹായവും എപ്പോഴും ഉണ്ടായിരിക്കും. നമ്മുടെ അമ്മയും നാഥയുമായ പരിശുദ്ധ കന്യാകമറിയത്തോടുചേർന്ന് രക്ഷാകരരഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കുകയും നമുക്കും നമ്മുടെ കുടുംബങ്ങൾക്കും നമ്മുടെ നാടിനുംവേണ്ടി മാദ്ധ്യസ്ഥ്യം യാചിക്കുകയും ചെയ്യാം.

ഈ വർഷത്തെ നമ്മുടെ കൊന്തനമസ്കാരത്തിന്റെ പ്രത്യേക നിയോഗമായി പ്രധാനപ്പെട്ട ഒരു വിഷയം നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാടിന്റെ ശാന്തിക്കും സമാധാനത്തിനും വേണ്ടി പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം നമുക്ക് അപേക്ഷിക്കാം. നമ്മുടെ ചുറ്റുപാടുകളിൽ ഓരോ ദിവസവും അരങ്ങേറികൊണ്ടിരിക്കുന്ന സംഭവങ്ങൾ സമാധാനരാജ്ഞിയായ പരി. മറിയത്തിന്റെ പ്രത്യേകമായ ഇടപെടലിനുവേണ്ടി പ്രാർത്ഥിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും പേരിൽ മനുഷ്യൻ മനുഷ്യനെ കൊല്ലുന്ന പ്രാകൃതസംസ്കാരം ഇന്നും നമ്മുടെ ഇടയിൽ നിലനിൽക്കുമ്പോൾ സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് വലിയ പ്രസക്തിയുണ്ട്. കഴിഞ്ഞ ഏതാനും മാസങ്ങളായി നാം ജീവിക്കുന്ന, കണ്ണൂർ,

കാസർഗോഡ് ജില്ലകളിൽനിന്ന് ഒട്ടും ശുഭകരമല്ലാത്ത വാർത്തകളാണ് കേട്ടുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയകൊലപാതകങ്ങളുടെ പേരിൽ കുപ്രസിദ്ധി നേടിയ നമ്മുടെ നാട് അത്തരം ഭ്രാന്തിൽനിന്നും മോചനം നേടിയെന്ന് നാം സമാശ്വസിച്ചിരിക്കുമ്പോഴാണ്, വീണ്ടും കൊലപാതകപരമ്പരകൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്. കഴിഞ്ഞ മൂന്ന് മാസത്തിനിടെ നാല് കൊലപാതകങ്ങൾ, അഞ്ച് ഹർത്താലുകൾ, നിരവധി അക്രമണങ്ങൾ, ബോംബേറുകൾ - നാട് വീണ്ടും അശാന്തമാവുകയാണ്. പാർട്ടി ഓഫീസുകൾക്കും വീടുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും നേരെയുള്ള ആക്രമണങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

ഇങ്ങനെ സ്ഫോടനാത്മകമായ ഒരു സാഹചര്യം നിലനിൽക്കുമ്പോഴും രാഷ്ട്രീയ നേതൃത്വം പരസ്പരമുള്ള കുറ്റപ്പെടുത്തലുകളും പ്രകോപനപരമായ പ്രസ്താവനകളും നടത്തി എരിതീയിൽ എണ്ണയൊഴിക്കുന്നതല്ലാതെ അണികളോട് ആയുധം താഴെ വയ്ക്കാനും സമാധാനം പാലിക്കാനും ആഹ്വാനം ചെയ്യാത്തത് നമ്മെ ആശങ്കപ്പെടുത്തുന്നു. നമ്മുടെ സംസ്ഥാനത്തെയും രാജ്യത്തെയും ഭരിക്കാൻ കഴിവുള്ളവരെന്നു കരുതി പൗരന്മാർ തിരഞ്ഞെടുത്തുവിട്ട രാഷ്ട്രീയപാർട്ടികൾ തന്നെയാണ് ഈ അക്രമങ്ങൾക്കെല്ലാം പിന്നിലെന്നതാണ് അമ്പരിപ്പിക്കുന്ന സത്യം. നാം സമാദരണീയരായി കരുതുന്ന ഈ നേതാക്കന്മാർക്ക് എന്തുകൊണ്ട് ഒന്നിച്ചിരുന്ന് സംസാരിച്ച് പ്രശ്നങ്ങൾ പരിഹരിച്ചുകൂടാ. കൊല്ലപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്യുന്നവരുടെ ഭവനങ്ങളിൽ നിന്നുയരുന്ന നിലവിളികൾ ബധിരകർണ്ണങ്ങളിലാണോ പതിക്കുന്നത്! ഭർത്താവ് നഷ്ടപ്പെട്ട് വിധവകളായിത്തീർന്ന സ്ത്രീകളുടെ, അച്ഛൻ നഷ്ടപ്പെട്ട മക്കളുടെ, മക്കൾ നഷ്ടപ്പെട്ട മാതാപിതാക്കളുടെ വിലാപങ്ങൾ കണ്ടില്ലെന്നു നടിക്കാൻ മനുഷ്യത്വം മരവിച്ചുപോയിട്ടില്ലാത്ത ആർക്കും സാധിക്കുകയില്ല. ഇത്തരം എല്ലാ അക്രമങ്ങളും അവസാനിപ്പിക്കണമെന്നും നാട്ടിൽ ശാന്തിയും സമാധാനവും പുലരുവാൻ മുൻകൈ എടുക്കണമെന്നും എല്ലാ രാഷ്ട്രീയപ്രവർത്തകരോടും നേതാക്കന്മാരോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ശത്രുവിനെ സ്നേഹിക്കാനും സകലമനുഷ്യരെയും സഹോദരങ്ങളായി കാണാനും പഠിപ്പിച്ച ഈശോയുടെ വചനം എല്ലാവർക്കും മാർഗ്ഗദീപമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ അക്രമണപരമ്പരകളിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട് ദുഃഖാർത്തരായിരിക്കുന്ന എല്ലാ സഹോദരീസഹോദരന്മാർക്കുംവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. അശാന്തമായ അവരുടെ മനസ്സുകളിൽ ദൈവം സമാധാനം കൊടുക്കട്ടെ, ശത്രുക്കളോട് ക്ഷമിക്കാനുള്ള കൃപ അവർക്ക് ലഭിക്കട്ടെ.

നമ്മുടെ നാട്ടിൽ സമാധാനം പുലരുവാനുള്ള നിയോഗംവച്ച് കൊന്തനമസ്കാരത്തിന്റെ അവസരത്തിൽ പ്രത്യേകം പ്രാർത്ഥിക്കണം. ഒപ്പം നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വളർന്നുവരുന്ന വർഗ്ഗീയതയും അസഹിഷ്ണുതയും പരിഹരിക്കപ്പെടാനും മത-ജാതി-വർഗ്ഗങ്ങൾക്കതീതമായി എല്ലാ മനുഷ്യരും തമ്മിൽ സാഹോദര്യം പുലരുവാനും ഇടയാക്കണമെന്ന് പ്രാർത്ഥിക്കാം. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ ഐ. എസ്. ഭീകരന്മാരിൽനിന്നും മറ്റ് തീവ്രവാദിപ്രസ്ഥാനങ്ങളിൽനിന്നും പീഡനമേല്ക്കേണ്ടി വരുന്ന എല്ലാവരെയും നമ്മുടെ പ്രാർത്ഥനകളിൽ ഓർമ്മിക്കാം. പ്രത്യേകിച്ച് ക്രൈസ്തവവിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായിത്തീർന്നവർക്കുവേണ്ടിയും ഇപ്പോഴും ഐ. എസ്. അടിമകളായി പീഡിപ്പിക്കുന്നവർക്കുവേണ്ടിയും പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം യാചിച്ച് പ്രാർത്ഥിക്കാം. അതോടൊപ്പം നമ്മുടെ രാജ്യം അയൽരാജ്യങ്ങളിൽനിന്നും ഭീകരന്മാരിൽനിന്നും നേരിട്ടുകൊണ്ടിരിക്കുന്ന ഭീഷണികളും അതിർത്തികളിൽ നടക്കുന്ന ഏറ്റുമുട്ടലുകളും ആശങ്കയുളവാക്കുന്നതാണ്. അതിർത്തികാക്കാൻ ജീവൻ ത്യജിച്ച എല്ലാ പട്ടാളക്കാരെയും അനുസ്മരിക്കുകയും അവരുടെ കുടുംബാംഗങ്ങളുടെ വേദനയിൽ പങ്കുചേരുകയും ചെയ്യുന്നു. അവരെയും നമ്മുടെ പ്രാർത്ഥനകളിൽ ഓർമ്മിക്കാം. സമാധാനരാജ്ഞിയായ പരിശുദ്ധ മറിയത്തിന്റെ മാദ്ധ്യസ്ഥ്യം ലോകത്തിൽ സമാധാനം സംജാതമാക്കും എന്നതിൽ സംശയമില്ല. കൊന്തനമസ്കാരത്തിന്റെ ദിവസങ്ങളിൽ ഈ പ്രത്യേക നിയോഗം അനുസ്മരിക്കുകയും സാധിക്കുന്നവർ അഞ്ചാമത്തെ രഹസ്യം ത്യാഗപൂർവ്വം കൈവിരിച്ചുപിടിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

നിങ്ങളുടെ വൽസലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
22.09.2016 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** 2016 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Prot. No. 489/16, Circular No. 17/2016**

# മിഷൻ ഞായർ 2016

പ്രിയ ബഹു. വൈദികരെ, സന്യസ്തരേ, സഹോദരരേ,

ആഗോള കത്തോലിക്കാസഭ ഈ വർഷം ഒക്ടോബർ 16-ാം തീയതി മിഷൻ ഞായറായി ആചരിക്കുകയാണല്ലോ. "നിങ്ങൾ ലോക മെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക" (മത്താ 16:15) എന്ന ഈശോയുടെ ആഹ്വാനം അപ്പസ്തോലന്മാരോട് മാത്രമുള്ളതല്ല; നാമെല്ലാവരോടുമുള്ളതാണ്. രണ്ടായിരം വർഷമായി സഭ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും അടി സ്ഥാനം ഉത്ഥിതന്റെ ഈ ആഹ്വാനം തന്നെയാണ്. ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം പ്രസംഗിക്കപ്പെടണമെന്നുള്ള സഭ യുടെ അടിസ്ഥാന ദൗത്യത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ മിഷൻ ഞായറാചരണം.

"തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). പിതാവിന്റെ പ്രേഷിതസ്വ ഭാവം പുത്രനിലൂടെ വെളിപ്പെട്ടു." പ്രേഷിതനായ പുത്രനാകട്ടെ പിതാ വിന്റെ തിരുഹിതം നിറവേറ്റിയതുപോലെ (ഫലി 2:6-7), പ്രേഷിത യായ സഭ പുത്രന്റെ ഇഷ്ടം നിറവേറ്റിയിരിക്കുന്നു (ലൂക്ക 24:47). പിതാവ് ഈശോയെ ലോകത്തിലേക്ക് അയച്ചതുപോലെ ഈശോ തന്റെ ദൗത്യം തുടർന്നുകൊണ്ടുപോകേണ്ടതിന് സഭയെ ലോകത്തിലേക്ക യച്ചിരിക്കുന്നു (യോഹ 20:21). സഭയുടെ അടിസ്ഥാന സ്വഭാവവും ശൈലിയും പ്രേഷിതപ്രവർത്തനമാണ്. അതുകൊണ്ടാണ് സഭ പ്രകൃ ത്യാതന്നെ പ്രേഷിതയാണെന്ന് പറയുന്നത്. (വത്തിക്കാൻ II പ്രേഷിത പ്രവർത്തനം നമ്പർ 2.) മാമോദീസ സ്വീകരിച്ച ഏതൊരുവനും അവന്റെ കഴിവും സാഹചര്യങ്ങളും ജീവിതാന്തസുമനുസരിച്ച് സുവിശേഷ പ്രച രണത്തിനായി പ്രവർത്തിക്കുവാൻ കടപ്പെട്ടിരിക്കുന്നു. സുവിശേഷവ ത്ക്കരണം സഭാമക്കളുടെ മൗലീകാവകാശവും അനിഷേദ്ധ്യമായ ഉത്ത രവാദിത്വവുമാണ്.

ആഗോള കത്തോലിക്കാസഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ സഭാമക്കളായ നമുക്കും ആവേശപൂർവ്വം പങ്കുചേരാം. ആധുനീക മനു

ഷ്യന് മനസിലാകുന്ന ഭാഷയിലും ശൈലിയിലും സുവിശേഷം മറ്റുള്ളവർക്ക് കൊടുക്കുവാൻ നമുക്ക് സാധിക്കണം. നമ്മുടെ തോളോടു തോൾ ചേർന്ന് ജീവിക്കുന്ന നാനാജാതി മതസ്ഥരായ സഹോദരർക്ക് നമ്മുടെ ജീവിതസാക്ഷ്യം വഴി യേശുവിനെ കൊടുക്കുവാൻ സാധിക്കണം. നേരിട്ടുള്ള സുവിശേഷ പ്രഘോഷണം സാദ്ധ്യമാകുന്നിടങ്ങളിലെല്ലാം വിവേകത്തോടും ക്ഷമയോടും കരുണയോടുംകൂടി ക്രിസ്തുവിനെ പരിചയപ്പെടുത്തണം. നല്ല കത്തോലിക്കനെന്ന നിലയിൽ കൗദാശിക ജീവിതവും മാതൃകയും വഴി നമ്മുടെ കുടുംബങ്ങളിലും നമ്മുടെ ഇടവകയിലും നമുക്ക് മിഷനറിമാരാകാം. ദൈവവിളി പ്രോത്സാഹനം വഴി വൈദികരെയും സമർപ്പിതരെയും അവരുടെ ശുശ്രൂഷികളെയും സഹായിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് എല്ലാ മിഷനറിമാരെയും പ്രോത്സാഹിപ്പിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. നമ്മുടെ സമയവും സമ്പത്തും സാദ്ധ്യതകളും പങ്കുവച്ചുകൊണ്ട് നമുക്ക് സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ പങ്കുചേരാം. ഉത്സാഹത്തോടും സന്തോഷത്തോടുംകൂടി സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നതിനുള്ള പ്രചോദനം ഈ മിഷൻ ഞായർ ആചരണത്തിലൂടെ കരഗതമാകട്ടെ.

മിഷൻ ഞായർ ആചരണത്തിന്റെ ഭാഗമായി ആഗോളസഭയുടെ മിഷൻ പ്രവർത്തനങ്ങളെ കൂടുതൽ അറിയുവാൻതക്കവിധം ആഘോഷപരിപാടികൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ആഘോഷമായ വി. കുർബാന, മിഷൻ പ്രവർത്തനങ്ങളെപ്പറ്റി അവബോധം ലഭിക്കത്തക്ക പ്രഭാഷണങ്ങൾ, പൊതുസമ്മേളനങ്ങൾ, റാലികൾ, മിഷനെ സഹായിക്കുന്നതിനുള്ള ധനസമാഹരണമാർഗ്ഗങ്ങൾ: ഉദാഹരണമായി പ്രത്യേക സ്തോത്രക്കാഴ്ച, കുട്ടികളുടെ ഭവനസന്ദർശനം, ഉല്പന്ന പിരിവ്, ലേലം, പരിത്യാഗപ്രവൃത്തികളിലൂടെ സമാഹരിക്കുന്ന തുക തുടങ്ങിയ വിവിധപരിപാടികൾ ഓരോ ഇടവകയിലും ഭംഗിയായി നടത്തണമെന്നകാര്യം ഓർമ്മപ്പെടുത്തുന്നു. നമ്മുടെ കുഞ്ഞുങ്ങളെ മിഷൻ പ്രവർത്തനങ്ങളോട് ആഭിമുഖ്യമുള്ളവരാക്കി വളർത്തേണ്ടത് നമ്മുടെ എല്ലാവരുടെയും ആവശ്യവും ഉത്തരവാദിത്വവുമാണ്. കുട്ടികൾ വളരെ കഷ്ടപ്പെട്ട് കുന്നുംമലയുംകയറി നിങ്ങളുടെ ഭവനങ്ങളിലെത്തുമ്പോൾ അവരെ സ്വീകരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും മറക്കരുത്.

നമ്മുടെ അതിരൂപത വിവിധ മിഷൻ പ്രദേശങ്ങളിലേക്ക് ഭാരതത്തിന് അകത്തും പുറത്തുമായി ധാരാളം മിഷനറിമാരെ നല്കികൊണ്ട്

സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരുന്നു എന്ന കാര്യം സന്തോഷത്തോടെ അനുസ്മരിക്കുന്നു. എല്ലാ മിഷനറി മാരെയും ഇന്നേദിവസം പ്രത്യേകമായി ഓർമിക്കാം. പ്രാർത്ഥന കൊണ്ടും പ്രോത്സാഹനംകൊണ്ടും ദൈവവിളികൾ നൽകികൊണ്ടും സാമ്പത്തികമായി സഹായിച്ചുകൊണ്ടും മിഷനറിമാരുടെ പ്രവർത്ത നങ്ങളിൽ നമുക്കും പങ്കുചേരാം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്ന മിഷനറി മാരെയും വധിക്കപ്പെടുന്ന രക്തസാക്ഷികളെയും പ്രത്യേകമായി അനു സ്മരിക്കാം. നമ്മുടെ പ്രിയ സഹോദരനായ ഫാ. ടോം ഉഴുന്നാലില ച്ചന്റെ മോചനത്തിനുകൂടി ഈ ദിനം പ്രത്യേകമായി പ്രാർത്ഥിക്കാം.

മിഷൻ ഞായർ ആചരണത്തിലൂടെ നമ്മൾ സമാഹരിക്കുന്ന തുക ആഗോള മിഷൻപ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കുവാ നുള്ളതാണ്. എല്ലാവരും തങ്ങളാൽ കഴിയുന്ന വിധം സഹകരിക്കണ മെന്ന് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നു. പ്രേഷിത പ്രവർത്തനങ്ങ ളുടെ സ്വർഗീയ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെയും നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെയും അതിരൂപതയുടെ സ്വർഗീയ മധ്യസ്ഥനായ മാർ യൗസേപ്പിന്റെയും സഹായം നമുക്ക് ഉണ്ടാ കട്ടെയെന്ന് ആശംസിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥി ച്ചുകൊണ്ട്,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി — **മാർ ജോർജ് ഞറളക്കാട്ട്**
29.09.2016 — തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** 2016 ഒക്ടോബർ 16-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Prot. No. 490/16, Circular No. 18/2016**

## കരുണയുടെ വർഷം – സമാപനം

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഫ്രാൻസീസ് പാപ്പ 2015 ഡിസംബർ 8ന് തുടങ്ങിയ കരുണയുടെ വി. ജൂബിലി വർഷം 2016 നവംബർ 20ന് സമാപിക്കുകയാണല്ലോ. നമ്മുടെ അതിരൂപതയിൽ ഈ കഴിഞ്ഞവർഷത്തെ 'ദൈവകരുണയുടെ കുടുംബവർഷ'മായിട്ടാണ് നാം ആചരിച്ചത്. 2015 ഡിസംബർ 13-നാണ് നാം ജൂബിലിവർഷം ഔദ്യോഗികമായി തുടങ്ങിയതും. 'പിതാവിനെ പോലെ കരുണയുള്ളവരായിരിക്കുവിൻ' എന്ന അപ്തവാക്യം ഹൃദയത്തിലേറ്റി കഴിഞ്ഞുപോയ ഈ കാലം നമുക്ക് ദൈവാനുഗ്രഹത്തിന്റെയും ദൈവകരുണയുടെയും അനുഭവകാലമായിരുന്നു. നമ്മുടെ അതിരൂപത മുഴുവൻ നടത്തുവാനായി നമ്മൾ പ്ലാനിട്ട കുടുംബകേന്ദ്രീകൃത ധ്യാനം ഇതിനകം 11 ഫൊറോനകളിൽ നടന്നു. പല ഇടവകകളിലും വിവിധതരത്തിലുള്ള ജീവകാരുണ്യ-ആതുരസേവന പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. വിവിധ ഇടവകകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ തീർത്ഥാടന ദൈവാലയങ്ങളിലേക്ക് തീർത്ഥാടനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. മാനസാന്തരത്തിന്റെയും ഹൃദയപരിവർത്തനത്തിന്റെയും ബാഹ്യപ്രകടനമായ അനുരഞ്ജനകൂദാശ സ്വീകരിക്കുന്നതിനും വി. കുർബാനയിൽ പങ്കെടുക്കുന്നതിനും കൂടുതൽ താല്പര്യങ്ങൾ ഈ കാലഘട്ടത്തിലുണ്ടായി. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ ബഹു. വൈദികർ, സന്യസ്തർ, സംഘടനാഭാരവാഹികൾ, ഇടവക, ഫൊറോന, രൂപതാ നേതൃത്വങ്ങൾ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു, അഭിനന്ദിക്കുന്നു.

കരുണയുടെ വർഷസമാപനത്തിലേക്ക് നമ്മൾ സമീപിക്കുവാൻ പരി. പിതാവ് ഈ പ്രത്യേകവർഷാചരണത്തിലൂടെ ലക്ഷ്യംവച്ച കാര്യങ്ങൾ എത്രമാത്രം നമ്മുടെ വ്യക്തി-സാമൂഹിക ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞുവെന്ന് വിലയിരുത്തുന്നത് ഉപകാരപ്രദമാണ്. നമ്മുടെ കുടുംബങ്ങൾ, അയൽപക്കങ്ങൾ, നമ്മുടെ പ്രവർത്തന മണ്ഡലങ്ങൾ, നമ്മളൊടൊത്ത്- നമുക്ക് കീഴിൽ ജോലി ചെയ്യുന്നവരോടൊക്കെയുള്ള നമ്മുടെ ഇടപെടലും സംസാരങ്ങളും കരുണയോടെ ആയിരുന്നോ? നമ്മുടെ ദുഃശ്ശീലങ്ങളുടെമേൽ വിജയം നേടി, നമ്മുടെ പാപാവസ്ഥയെ പിന്തള്ളി, ദൈവത്തിങ്കലേക്ക് നമ്മെ അടുപ്പിക്കുന്ന

അനുരഞ്ജനകൂദാശയ്ക്ക് അണയുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ആത്മശോധന നടത്താം നമുക്ക്.

കരുണയോടെ മറ്റുള്ളവരോട് ഇടപെടുക നമ്മുടെ സ്വഭാവമാക്കിമാറ്റണം. വ്യക്തിപരമായി നമ്മളോട് കാരുണ്യം പ്രകടിപ്പിക്കുന്ന ദൈവത്തിന് നമ്മുടെ ജീവിതത്തിലുടനീളം നാം കൃതജ്ഞതയുള്ളവരാകണം. നമ്മുടെ ജീവിതം ഒരു കൃതജ്ഞതാബലിയായി മാറണം. കാർക്കശ്യത്തിന്റെയും ക്രോധത്തിന്റെയും ഭാഷ വെടിഞ്ഞ് കരുണയുടെയും കരുതലിന്റെയും കനിവിന്റെയും ഭാഷ നാം ഉപയോഗിക്കണം.

ഫ്രാൻസീസ് പാപ്പാ ഈ സെപ്റ്റംബർ 21-ന്റെ പൊതുസന്ദർശന അവസരത്തിൽ പറഞ്ഞ കാര്യങ്ങൾ ഏറെ ശ്രദ്ധാർഹമാണ്. പിതാവ് മൂന്ന് കാര്യങ്ങൾ എടുത്തുപറഞ്ഞു. 1) ആരെയും വിധിക്കാതിരിക്കുക 2) ആരെയും നിന്ദിക്കാതിരിക്കുക, 3) എല്ലാവരോടും ക്ഷമിക്കുക - ക്ഷമിക്കുന്ന മാനോഭാവം നാം സ്വന്തമാക്കണം. 'കരുണയുടെ മുഖം' എന്ന തന്റെ അപ്പസ്തോലികപ്രബോധനത്തിൽ പാപ്പാ പറയുകയുണ്ടായി: ദ്രോഹങ്ങൾ ക്ഷമിക്കുകയെന്നത് കരുണാപൂർവ്വമായ സ്നേഹത്തിന്റെ ഏറ്റവും വ്യക്തമായ അടയാളമാണെന്ന് (നമ്പർ 9). കരുണാപുർവ്വകമായ സ്വഭാവത്തിന്റെ ഉടമകളാവുക ഒരു നീണ്ട പ്രക്രിയയാണ്. ഏതാനും ദിവസങ്ങളോ മാസങ്ങളോകൊണ്ട് നേടിയെടുക്കാവുന്നതല്ല, നിരന്തരമായ പ്രയത്നം അതിനാവശ്യമാണ്. ജൂബിലി വർഷം സമാപിക്കുമെങ്കിലും ഈ വർഷം നമുക്ക് തന്ന കാഴ്ചപ്പാടുകൾ എന്നും തുടർന്നുകൊണ്ടുപോകണം. അതിനുള്ള പരിശ്രമം നമ്മുടെ ജീവിതത്തിന്റെ എല്ലാതലങ്ങളിലും ഉണ്ടാകട്ടെയെന്ന് ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

2016 നവംബർ 20ന് ദൈവകരുണയുടെ കുടുംബവർഷം അവസാനിപ്പിക്കുന്നതിന് സഹായകമാകുന്ന ഏതാനും നിർദ്ദേശങ്ങൾ നിങ്ങളുടെ സമക്ഷം സമർപ്പിക്കാൻ ആഗ്രഹിക്കുന്നു.

1. നവംബർ 20ന് ഞായറാഴ്ച പ്രധാന കുർബാനയ്ക്കുമുമ്പായി വികാരിയച്ചന്റെ നേതൃത്വത്തിൽ ജനം മുഴുവനും പള്ളിയുടെ മുന്നിൽ വി. കുരിശിന്റെയോ, കൊടിമരത്തിന്റെയോ സമീപത്ത് ഒരുമിച്ച്കൂടി 51-ാം സങ്കീർത്തനം ആലപിച്ചുകൊണ്ട് കരുണയുടെ കവാടം ഉള്ള പള്ളികളിൽ അതിലൂടെയും, മറ്റ് ദൈവാലയങ്ങളിൽ പ്രധാനകവാടത്തിലൂടെയും ദൈവാലയത്തിൽ പ്രവേശിച്ച് കരുണയുടെ ജപ

മാല ചൊല്ലുക - അതിനുശേഷം വി. കുർബാനയും വർഷസമാപനവും നടത്തുക.

2. നമ്മുടെ അതിരൂപതയിൽ കത്തീഡ്രൽ, പേരാവൂർ, എടൂർ, ചെമ്പേരി, തോമാപുരം, വെള്ളരിക്കുണ്ട്, തളിപ്പറമ്പ്, പടന്നക്കാട്, ദൈവാലയങ്ങളെ നാം തീർത്ഥാടനസ്ഥലങ്ങളായി ഈ വർഷത്തേക്ക് പ്രഖ്യാപിച്ചിരുന്നു. ജപമാലയുടെയും മിഷൻ ആചരണത്തിന്റെതുമായ ഈ ഒക്ടോബർ മാസത്തിൽ ബഹു. വികാരിമാരുടെയും, വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, സന്യാസഭവനങ്ങൾ, ഇടവകപ്രതിനിധികൾ, കൈക്കാരന്മാർ, മതാധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ തൊട്ടടുത്തുള്ള കരുണയുടെ കവാടങ്ങളിലേക്ക് തീർത്ഥാടനം നടത്തുക.

3. ഒക്ടോബർ മാസത്തിലെ പത്തുദിവസത്തെ ആഘോഷമായ ജപമാല അർപ്പണത്തോടൊപ്പം എല്ലാവരും അനുരഞ്ജനകൂദാശയ്ക്കണഞ്ഞ് വി. കുർബാനയിൽ സംബന്ധിച്ച്, കരുണയുടെ ജപമാല ചൊല്ലിക്കൊണ്ട് വ്യക്തിപരമായി തീർത്ഥാടനം നടത്തുക.

4. കുടുംബത്തിൽ മാതാപിതാക്കളും മക്കളും ഒരുമിച്ച് പ്രാർത്ഥിച്ച് ഒരുങ്ങി ഒക്ടോബർ, നവംബർ മാസങ്ങളിൽ എപ്പോഴെങ്കിലും കരുണയുടെ കവാടങ്ങളിലേക്ക് തീർത്ഥാടനം നടത്തി ദണ്ഡവിമോചനങ്ങൾ പ്രാപിക്കുക.

5. ഓരോ സൺഡേസ്കൂളിന്റെയും നേതൃത്വത്തിൽ പൊതുവായിട്ടോ, ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ്സ് അടിസ്ഥാനത്തിലോ കാൽനടയായോ വാഹനത്തിലോ പ്രാർത്ഥിച്ചുകൊണ്ട് തൊട്ടടുത്തുള്ള കരുണയുടെ ദൈവാലയം സന്ദർശിച്ച് ദണ്ഡവിമോചനം പ്രാപിക്കുക.

6. നവംബർ 20ന് എല്ലാ സന്യാസഭവനങ്ങളിലും രാവിലെയോ വൈകുന്നേരമോ സമൂഹം ഒരുമിച്ച് കരുണയുടെ ജപമാലചൊല്ലി പ്രാർത്ഥിക്കുക. കൂടാതെ ഏതെങ്കിലും കാരുണ്യപ്രവർത്തികൾ ചെയ്യുന്നതിനുള്ള പ്രായോഗിക തീരുമാനം എടുക്കുക.

7. ബഹു. വികാരിമാർ ദൈവകരുണയുടെ കുടുംബവർഷം ഇടവകകളിൽ എങ്ങനെ ആചരിച്ചു എന്നത് സംബന്ധിച്ച ഒരു റിപ്പോർട്ട് നവംബർ 20ന് മുമ്പായി ജനറാളച്ചൻ ബഹു. അലക്സ് താരാമംഗലത്തിലച്ചന് അയച്ചുകൊടുക്കണം.

8. കുടുംബകേന്ദ്രീകൃതമായ ധ്യാനങ്ങൾ നടത്താനുള്ള ബാക്കി ഫൊറോനകൾ ഒക്ടോബർ, നവംബർ മാസങ്ങളിൽ അത് നട ത്തണം. ഭവനങ്ങൾ സന്ദർശിച്ച്, ആളുകളെ ധ്യാനത്തിലേക്ക് ക്ഷണിച്ച്, പ്രാർത്ഥിച്ചൊരുക്കി നടത്തുവാൻ ബഹു. വികാരിമാർ പ്രയത്നിക്കണം.

9. ഒക്ടോബർ, നവംബർ മാസങ്ങളിലെ ഏതെങ്കിലും മാസധ്യാവേള യിൽ ഫൊറോനയിലെ എല്ലാവൈദികരും ഒരുമിച്ച് കരുണയുടെ കവാടമുള്ള ദൈവാലയത്തിലേക്ക് പ്രാർത്ഥനാനിർഭരമായി തീർത്ഥാ ടനം നടത്തിയാൽ അതൊരു വലിയ സാക്ഷ്യമായിരിക്കും.

10. ബഹു. ഫെറോന വികാരിമാർ ഫൊറോന കൗൺസിൽകൂടി തങ്ങ ളുടെ ഫൊറോനയിൽ ഈ വർഷത്തിന്റെ സമാപനത്തെപ്പറ്റി ആലോ ചിക്കുക. ഫൊറോനാ വികാരിയുടെ നേതൃത്വത്തിൽ കരുണയുടെ കവാടം ഉള്ള ദൈവാലയത്തിലേക്ക് ഫൊറോനാടിസ്ഥാനത്തിൽ തീർത്ഥാടനം നടത്തുന്നതിനെപ്പറ്റി ചർച്ചചെയ്യുക.

ഈ ജൂബിലി വർഷത്തിൽ ദൈവംതന്ന അനുഗ്രഹങ്ങൾക്ക് ഒരു ജനമെന്നനിലയിൽ നമുക്കൊരുമിച്ച് നന്ദിപറയാം. ദൈവകാരു ണ്യത്തിന് നന്ദിപറഞ്ഞ്. ദൈവത്തോട് ചേർന്ന് ജീവിക്കാൻ നമ്മൾ പരിശ്രമിക്കുന്നതോടൊപ്പം മറ്റുള്ളവരോട് കരുണയോടും കരുതലോടും കൂടി വർത്തിക്കുവാൻ നമുക്ക് കഴിയട്ടെ. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നിങ്ങളുടെ വൽസലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
29.09.2016 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** ഈ സർക്കുലർ 2016 ഒക്ടോബർ 23-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 2980/K 35/OL/KCBC/DS 25.08.2016

# ലോകമിഷൻ ഞായർ - 2016

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## *പ്രേഷിതസഭ, കാരുണ്യത്തിന്റെ സാക്ഷിണി*

**പ്രിയ സഹോദരീസഹോദരന്മാരേ,**

സഭ ആഘോഷിക്കുന്ന കാരുണ്യത്തിന്റെ അസാധാരണ ജൂബിലി 2016-ലെ ആഗോളമിഷൻ ഞായറിന്മേൽ സവിശേഷപ്രകാശം ചൊരിയുന്നു: വിജാതിയരെ സംബന്ധിച്ച പ്രേഷിതത്വത്തെ ആധ്യാത്മികവും ഭൗതികവുമായ തലങ്ങളിൽ മഹത്തായ, അളവറ്റ കാരുണ്യപ്രവർത്തനമായി പരിഗണിക്കാൻ അതു നമ്മെ ക്ഷണിക്കുന്നു. പ്രേഷിതരായ ശിഷ്യരായി "പുറത്തേക്കു പോകാൻ" നാം എല്ലാവരും ഈ ആഗോളമിഷൻദിനത്തിൽ ക്ഷണിക്കപ്പെടുന്നു. മുഴുവൻ മനുഷ്യകുടുംബത്തിനും ദൈവത്തിന്റെ വാത്സല്യത്തിന്റെയും സഹതാപത്തിന്റെയും സന്ദേശം നല്കുന്നതിനുവേണ്ടി ഓരോ വ്യക്തിയും തന്റെ കഴിവുകളും സർഗാത്മകതയും ജ്ഞാനവും അനുഭവവും ഉദാരതയോടെ സമർപ്പിച്ചുകൊണ്ട് അപ്രകാരം ചെയ്യാൻ ക്ഷണിക്കപ്പെടുന്നു. പ്രേഷിതത്വ കല്പനയുടെ ശക്തിയാൽ സഭ സുവിശേഷം അറിയാത്തവരെ ശ്രദ്ധിക്കുന്നു. കാരണം, എല്ലാവരും രക്ഷിക്കപ്പെടണമെന്നും കർത്താവിന്റെ സ്നേഹം അനുഭവിക്കണമെന്നും അവൾ ആഗ്രഹിക്കുന്നു. "ദൈവത്തിന്റെ കാരുണ്യം, സുവിശേഷത്തിന്റെ ഹൃദയസ്പന്ദനം" അറിയിക്കാനും (*Misericordiae Vultus*, 12) ലോകത്തിന്റെ എല്ലാ കോണുകളിലും ചെറിയവരും വലിയവരുമായ എല്ലാവരിലേക്കും എത്തിച്ചേർന്നുകൊണ്ട് കാരുണ്യം പ്രഘോഷിക്കാനും അവൾ നിയോഗിക്കപ്പെട്ടിരിക്കുന്നു.

കാരുണ്യം ഒരു വ്യക്തിയെ കണ്ടുമുട്ടുമ്പോൾ അത് നിത്യപിതാവിന്റെ ഹൃദയത്തിൽ അഗാധമായ സന്തോഷം ഉളവാക്കുന്നു. എന്തെന്നാൽ ആരംഭംമുതൽ അവിടന്ന് ഏറ്റവും ദുർബലരായവരിലേക്ക് സ്നേഹപൂർവം തിരിഞ്ഞിട്ടുണ്ട്. കാരണം അവിടത്തെ മഹത്ത്വവും ശക്തിയും കൃത്യമായി വെളിവാക്കപ്പെടുന്നത് കുട്ടികളോടും പാർശവത്കരിക്കപ്പെട്ടവരോടും പീഡിതരോടും താദാത്മ്യപ്പെടാനുള്ള അവിടത്തെ കഴിവിലാണ് (cf. നിയമാ 4:31; സങ്കീ 86:15; 103:8; 111:4). അവിടന്ന് ആവശ്യത്തിൽപ്പെട്ടവരോട് പ്രത്യേകിച്ച് ദരിദ്രരോട് അടുത്തുനില്കുന്ന കാരുണ്യവാനും ശ്രദ്ധാലുവും വിശ്വസ്തനുമായ ദൈവമാണ്.

മാതാവും പിതാവും മക്കളുടെ ജീവിതത്തിൽ ചെയ്യുന്നതുപോലെ അവിടന്ന് മാനുഷിക യാഥാർത്ഥ്യത്തിൽ മൃദുലഹൃദയത്തോടെ ഇടപെടുന്നു (cf. ജെറ 31:20). ബൈബിൾ ഗർഭപാത്രത്തെപ്പറ്റി പറയുമ്പോൾ കാരുണ്യം സൂചിപ്പിക്കുന്ന പദമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് അത് ഒരമ്മയ്ക്ക് കുട്ടികളോടുള്ള സ്നേഹത്തെ പരാമർശിക്കുന്നു. എന്തു സംഭവിക്കുന്നുവെന്നത് പരിഗണിക്കാതെ എല്ലാ സാഹചര്യത്തിലും അവൾ എപ്പോഴും സ്നേഹിക്കുന്നു. കാരണം അവർ അവളുടെ ഉദരഫലമാണ്. ദൈവത്തിന് തന്റെ എല്ലാ മക്കളോടുമുള്ള സ്നേഹത്തിന്റെ സാരാംശപരമായ ഒരു വശമാണിത്. എല്ലാ മക്കളെയും അവിടന്ന് സൃഷ്ടിച്ചതാണ്. അവരെ വളർത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും അവിടന്ന് ആഗ്രഹിക്കുന്നു. അവരുടെ ദുർബലതയും അവിശ്വസ്തതയും കാണുമ്പോൾ അവിടത്തെ ഹൃദയം സഹതാപത്താൽ കീഴടക്കപ്പെടുന്നു (cf. ഹോസി 11:8). എല്ലാവരോടും അവിടന്ന് കാരുണ്യം കാണിക്കുന്നു. അവിടത്തെ സ്നേഹം എല്ലാവരെയും സംബന്ധിച്ചുള്ളതാണ്. അവിടത്തെ സഹതാപം എല്ലാ സൃഷ്ടികളിലേക്കും വ്യാപിക്കുന്നു (cf. സങ്കീ 144:89).

ദൈവകാരുണ്യത്തിന്റെ ഏറ്റവും ശ്രേഷ്ഠവും പൂർണവുമായ പ്രകാശനം മനുഷ്യാവതാരം ചെയ്ത ദിവ്യവചനത്തിലാണുള്ളത്. കരുണാസമ്പന്നനായ പിതാവിന്റെ മുഖം യേശു വെളിപ്പെടുത്തുന്നു. അവിടന്ന് "കാരുണ്യത്തെപ്പറ്റി പറയുകയും താരതമ്യവും ഉപമകളും ഉപയോഗിച്ച് അതിനെ വിശദീകരിക്കുകയും ചെയ്തു. എല്ലാറ്റിലും ഉപരിയായി അവിടന്നു അതിന്റെ അവതാരവും വ്യക്തിത്വവുമായിത്തീർന്നു" (*Dives in Misericordia,* 2). സുവിശേഷങ്ങളും കൂദാശകളും വഴി നാം യേശുവിനെ സ്വാഗതം ചെയ്യുകയും അനുഗമിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ, സ്വർഗസ്ഥനായ കരുണാമയനായ പിതാവിനെപ്പോലെ കരുണാപൂർണരായിത്തീരുന്നു. അവിടന്ന് നമ്മെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാനും നമ്മുടെ ജീവിതത്തെ ഒരു സൗജന്യദാനമായി, അവിടത്തെ നന്മയുടെ അടയാളമാക്കിത്തീർക്കുവാനും നമുക്കു കഴിയും (cf *misericordiae Vultus,* 3). മനുഷ്യവംശത്തിന്റെ മധ്യത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്താൽ ജീവിക്കുന്ന സമൂഹങ്ങളിൽ ഒന്നാമത്തേതാണ് സഭ. സഭ അവിടത്തെ നോട്ടം തിരിച്ചറിയുന്നു. കരുണാപൂർണമായ സ്നേഹത്തോടെ അവിടന്ന് തന്നെ തിരഞ്ഞെടുത്തുവെന്ന് അവൾ അറിയുന്നു. ഈ സ്നേഹത്തിലൂടെയാണ് സഭ തനിക്കുള്ള കല്പന തിരിച്ചറിയുന്നതും അതനുസ

രിച്ചു ജീവിക്കുന്നതും. ഓരോ സംസ്കാരവും മതവിശ്വാസവുമായുള്ള ആദരപൂർവകമായ സംവാദത്തിലൂടെ അതിനെ സകല ജനതകളെയും അറിയിക്കുന്നതും.

കരുണാപൂർണമായ ഈ സ്നേഹത്തിന്, സഭയുടെ ആദിമകാലത്തെന്നതുപോലെ എല്ലാ പ്രായത്തിലും ജീവിതാവസ്ഥയിലുമുള്ള സ്ത്രീപുരുഷന്മാർ സാക്ഷ്യം നല്കിയിട്ടുണ്ട്. പ്രേഷിത ലോകത്ത് പുരുഷന്മാരോടൊപ്പം അധ്വാനിക്കുന്ന സ്ത്രീകളുടെ സാന്നിധ്യം പരിഗണനീയവും വർധമാനവുമാണ്. അത് ദൈവത്തിന്റെ മാതൃത്വപരമായ സ്നേഹത്തിന്റെ ശ്രദ്ധേയമായ അടയാളമാണ്. അല്മായരും സന്ന്യസ്തരുമായ സ്ത്രീകൾ - ഇന്ന് അനേകം കുടുംബങ്ങൾപോലും വ്യത്യസ്ത രീതികളിൽ തങ്ങളുടെ പ്രേഷിതത്വ വിളി നിർവഹിക്കുന്നുണ്ട്. സുവിശേഷപ്രഘോഷണം മുതൽ ജീവകാരുണ്യ പ്രവർത്തനംവരെ നടത്തുന്നുണ്ട്. മിഷണറിമാർ ചെയ്യുന്ന സുവിശേഷപ്രഘോഷണ-കൗദാശിക പ്രവർത്തനങ്ങളോടൊപ്പം സ്ത്രീകൾക്കും കുടുംബങ്ങൾക്കും മിക്കപ്പോഴും ജനങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ പര്യാപ്തമാംവിധം അറിയാൻ കഴിയുന്നതുകൊണ്ട് അവയെ എങ്ങനെ സമുചിതമായ രീതിയിൽ, ചിലപ്പോൾ നവീനരീതിയിൽ, കൈകാര്യം ചെയ്യണമെന്ന് അവർ അറിയുന്നു. വ്യവസ്ഥിതികളിലെന്നതിനെക്കാൾ ജനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ജീവൻ സംരക്ഷിക്കാൻ അവർ അറിയുന്നു. നല്ല ബന്ധങ്ങളും സമന്വയവും സമാധാനവും, ഐക്യദാർഢ്യവും സംവാദവും സഹകരണവും സാഹോദര്യവും സൃഷ്ടിക്കാൻവേണ്ടി മാനുഷികവും ആധ്യാത്മികവുമായ വിഭവങ്ങൾ വിതരണം ചെയ്യാൻ അവർക്കു കഴിയുന്നു. വ്യക്തികളുടെയിടയിലും സാമൂഹിക-സാംസ്കാരിക ജീവിതത്തിലും, പ്രത്യേകിച്ച് ദരിദ്രരെ സംരക്ഷിക്കുന്നതുവഴി, അപ്രകാരം ചെയ്യാൻ കഴിയുന്നു.

പലസ്ഥലങ്ങളിലും സുവിശേഷവത്കരണം തുടങ്ങുന്നത് വിദ്യാഭ്യാസത്തോടെയാണ്. അതിനായി മിഷണറിമാർ ഏറെ സമയവും അധ്വാനവും ചെലവഴിക്കുന്നുണ്ട്. സുവശേഷത്തിൽ കാണുന്ന മുന്തിരിത്തോട്ടത്തിന്റെ ഉടമയെപ്പോലെതന്നെ (cf ലൂക്കാ 13:7-9, യോഹ 15:1). അയാൾ അനേകവർഷം സാവധാനം കൃഷിചെയ്തിട്ട് ഫലത്തിനായി കാത്തിരുന്നല്ലോ. അങ്ങനെ സുവിശേഷവത്കരണം നടത്താൻ കഴിവുള്ള പുതിയ ജനതയെ അവർ ജനിപ്പിക്കുന്നു. മറ്റുവിധത്തിൽ സുവിശേഷവത്കരണം സാധ്യമല്ലെന്നു തോന്നുന്ന സ്ഥലങ്ങളിലേക്ക്

അവർ സുവിശേഷം എത്തിച്ചുകൊടുക്കുന്നു. ഒരിക്കൽ ക്രിസ്തുവിൽ വിശ്വസിക്കാനിരിക്കുന്നവരുടെയും "അമ്മ" എന്ന് സഭയെ നിർവചിക്കാം. അതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധജനം കാരുണ്യത്തിന്റെ മാതൃത്വപരമായ സേവനം തുടരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കർത്താവിനെ കണ്ടുമുട്ടാനും സ്നേഹിക്കാനും വേണ്ടി ഇന്നോളം അവിടത്തെ അറിയാതിരിക്കുന്നവരെ സഹായിക്കുമെന്നു പ്രത്യാശിക്കുന്നു. വിശ്വാസം ദൈവം നല്കുന്ന ദാനമാണ്. അത് മതപരിവർത്തനപ്രക്രിയയുടെ ഫലമല്ല. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന സുവിശേഷപ്രഘോഷകരുടെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സഹായത്താൽ വളരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ ലോകത്തിന്റെ തെരുവീഥികളിലൂടെ നടക്കുമ്പോൾ അതിരുകളില്ലാത്ത സ്നേഹമുള്ളവരായിരിക്കണം. എല്ലാ ജനതകളോടും നമ്മുടെ കർത്താവിനുള്ള സ്നേഹത്തിന്റെ അതേ അളവിലുള്ള സ്നേഹമുള്ളവരായിരിക്കണം. അവിടന്ന് നമുക്കു നല്കിയ ഏറ്റവും സുന്ദരവും വലുതുമായ സമ്മാനങ്ങളെക്കുറിച്ചാണ് നാം പ്രഘോഷിക്കുന്നത്: അവിടത്തെ ജീവനും അവിടത്തെ സ്നേഹവും.

ഓരോ വ്യക്തിക്കും ദൈവം നല്കുന്ന ദാനമായ രക്ഷാസന്ദേശം സ്വീകരിക്കാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശമുണ്ട്. പരിഹാരം കാണേണ്ട എത്രമാത്രം അനീതിയും യുദ്ധങ്ങളും മാനുഷിക വിഷമസന്ധികളുമുണ്ടെന്നു പരിഗണിക്കുമ്പോൾ ഇത് കൂടുതൽ അത്യാവശ്യമായിത്തീരുന്നു. സന്തോഷവും അനുരഞ്ജനവും നീതിയും സമാധാനവും നടപ്പാക്കാൻ ക്ഷമയുടെയും കാരുണ്യത്തിന്റെയും സുവിശേഷത്തിനു സാധിക്കുമെന്ന് മിഷണറിമാർ അനുഭവത്തിൽ നിന്ന് അറിയുന്നു. സുവിശേഷത്തിലെ കല്പന ഇതാണ്: "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28:19-20). ഈ കല്പന കാലഹരണപ്പെട്ടിട്ടില്ല. സർവവെല്ലുവിളികളോടും കൂടിയ ഇന്നത്തെ സാഹചര്യത്തിൽ നവീകൃതമായ പ്രേഷിതത്വ "പ്രചോദനം" ഉണ്ടായിരിക്കാനുള്ള വിളി നാം ശ്രവിക്കാൻ ആ കല്പന നമ്മെ കടപ്പെടുത്തുന്നു. "സുവിശേഷത്തിന്റെ സന്തോഷം" എന്ന എന്റെ അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതുപോലെ തന്നെ.

“ഓരോ ക്രൈസ്തവനും ഓരോ സമൂഹവും കർത്താവു ചൂണ്ടിക്കാണിക്കുന്ന വഴി തിരിച്ചറിയണം. എന്നാൽ സുവിശേഷപ്രകാശം ആവശ്യമായിരിക്കുന്ന അതിരുകളിലേക്ക് എത്തിച്ചേരാൻ സ്വന്തം സുഖസൗകര്യങ്ങളുടെ മണ്ഡലത്തിൽ നിന്ന് മുന്നോട്ടുപോകാനുള്ള അവിടത്തെ വിളി അനുസരിക്കാൻ നമ്മോടു കല്പിക്കപ്പെട്ടിരിക്കുന്നു”. (20)

ഈ ജൂബിലി വർഷം ആഗോളമിഷൻ ദിനാചരണത്തിന്റെ 90-ാം വാർഷികമാണ്. ഇത് 1926-ൽ പീയൂസ് പതിനൊന്നാമൻ മാർപാപ്പാ ആദ്യമായി അംഗീകരിച്ചു. വിശ്വാസപ്രചാരണത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ സംഘം സ്ഥാപിക്കുകയും ചെയ്തു. അതുകൊണ്ട് എന്റെ മുൻഗാമികളുടെ ബുദ്ധിപൂർവകമായ നിർദേശങ്ങൾ അനുസ്മരിക്കുക സമുചിതമാണ്. ലോകം മുഴുവനിലുമുള്ള രൂപതയിലും ഇടവകയിലും സന്ന്യാസസമൂഹത്തിലും അസോസിയേഷനിലും സഭാത്മക പ്രസ്ഥാനത്തിലും നിന്ന് സംഭാവനകൾ ശേഖരിക്കാനും അവകൊണ്ട് ലോകത്ത് എവിടെയുമുള്ള ആവശ്യത്തിൽപ്പെട്ടിരിക്കുന്ന ക്രൈസ്തവസമൂഹങ്ങളെ സംരക്ഷിക്കാനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള സുവിശേഷപ്രഘോഷണത്തെ പിന്താങ്ങാനും വേണ്ടിയുള്ളതായിരിക്കണം ഈ സംഘമെന്ന് എന്റെ ആ മുൻഗാമികൾ കല്പിച്ചിട്ടുണ്ട്. പ്രേഷിതത്വപരമായ സഭാത്മക കൂട്ടായ്മയുടെ ഈ അടയാളത്തിൽ ഇന്നും നാം വിശ്വസിക്കുന്നു. നമുക്കു നമ്മുടെ തന്നെ പ്രത്യേക താത്പര്യങ്ങളിൽ ഹൃദയം അടയ്ക്കാതിരിക്കാം. നമ്മുടെ ഹൃദയങ്ങളെ മുഴുവൻ മനുഷ്യവംശത്തിനുംവേണ്ടി തുറന്നിടാം.

രക്ഷിക്കപ്പെട്ട മനുഷ്യവംശത്തിന്റെ ശ്രേഷ്ഠതയെ ഐക്കണും സഭയ്ക്കുള്ള മിഷണറിമാരുടെ മാതൃകയുമായ പരിശുദ്ധ മറിയം ഉത്ഥിതനായ കർത്താവിന്റെ സജീവവും നിഗൂഢവുമായ സാന്നിധ്യം വളർത്താനും സംരക്ഷിക്കാനും സകല സ്ത്രീ-പുരുഷന്മാരെയും കുടുംബങ്ങളെയും പഠിപ്പിക്കട്ടെ. ഉത്ഥിതനായ കർത്താവ് വൈയക്തികബന്ധങ്ങളെയും സംസ്കാരങ്ങളെയും നവീകരിക്കുകയും സന്തോഷകരമായ കാരുണ്യംകൊണ്ട് എല്ലാവരെയും നിറയ്ക്കുകയും ചെയ്യുന്നവനാണ്.

വത്തിക്കാനിൽ നിന്ന് 15 മേയ് 2016, പെന്തെക്കോസ്താത്തിരുനാൾ

**ഫ്രാൻസിസ് മാർപാപ്പാ**

# കച്ചേരി കാര്യം

## 1. പുതിയ നിയമനങ്ങൾ

1. ഫാ. ജോൺ കോവൂർപുത്തൻപുരയിൽ - ജുഡിഷ്യൽ വികാർ
2. ഫാ. തോമസ് തെങ്ങുംപള്ളിൽ - ചാൻസലർ

## 2. മിഷൻ ഞായർ

ഒക്ടോബർ 16നാണ് ഈ വർഷം മിഷൻ ഞായർ ആഘോഷിക്കുന്നത്. സ്വഭാവത്താലേ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പ്രാർത്ഥനയും മിഷൻപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സംഭാവനകളുടെ സമാഹരണവുംവഴി പങ്കുകാരാകാം. അന്നത്തെ സ്തോത്രക്കാഴ്ചയിൽ ഉദാരമായി സഹകരിക്കാൻ ഇടവകജനത്തെ പ്രോത്സാഹിപ്പിക്കുമല്ലോ. അന്നു ലഭിക്കുന്ന തുക താമസിയാതെ തന്നെ പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽ എത്തിക്കുമല്ലോ. മിഷൻലീഗ് അംഗങ്ങൾ ഭവനസന്ദർശനത്തിലൂടെ മിഷൻ ഞായർ ഫണ്ട് സമാഹരിക്കാൻ ഉത്സാഹിക്കണം.

## 3. അജപാലന സമിതിയോഗം

തലശ്ശേരി അതിരൂപതാ അജപാലനസമിതിയുടെ (പാസ്റ്ററൽ കൗൺസിൽ) ഒരു സാധാരണയോഗം 2016 ഒക്ടോബർ 29-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമുതൽ 1.30 വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. അംഗങ്ങൾക്ക് ക്ഷണക്കത്തുകൾ അയയ്ക്കുന്നതാണ്. എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 4. ഫൊറോന കൗൺസിൽ

ഫൊറോന കൗൺസിലുകളുടെ ഒരു യോഗം ഒക്ടോബർ മാസത്തിൽ വിളിച്ചുകൂട്ടുവാൻ ബഹു. ഫൊറോന വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്. കാരുണ്യവർഷസമാപനം, സഭാജീവിതത്തിലെ ലാളിത്യം എന്നിവയെക്കുറിച്ച് ചർച്ച് ചെയ്ത് നിർദ്ദേശങ്ങൾ അതിരൂപതാ കേന്ദ്രത്തിൽ ഒക്ടോബർ 25ന് മുമ്പായി അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു. പാസ്റ്ററൽ കൗൺസിലിൽ പ്രസ്തുത നിർദ്ദേശങ്ങൾ ചർച്ചചെയ്യുന്നതാണ്.

## 5. ലീഗൽ എയ്ഡ് സെൽ

ഒക്ടോബർ മാസത്തിലെ ഫൊറോന മാസധ്യാന കൂട്ടായ്മയിൽ ലീഗൽ എയ്ഡ് സെല്ലിനെക്കുറിച്ച് ചർച്ച ചെയ്ത് അഭിപ്രായങ്ങൾ അതിരൂ

പതാകേന്ദ്രത്തിൽ അറിയിക്കണമെന്ന് ബഹു. ഫൊറോന വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു. ഈ പുതിയ സംവിധാനത്തെക്കുറിച്ചുള്ള ഒരു കരടു രേഖ ഫൊറോന വികാരിമാർക്ക് നല്കിയിട്ടുണ്ട്. പടിസാധനം പുതുക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളും മാസധ്യാനത്തിൽ ചർച്ചചെയ്ത് അറിയിക്കുമല്ലോ.

### 6. ഡയറക്ടറി

പുതിയ അതിരൂപതാ ഡയറക്ടറി തയ്യാറായിട്ടുണ്ട്. അതിരൂപതാ കേന്ദ്രത്തിൽ ലഭ്യമാണ്. എല്ലാ പള്ളികളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഡയറക്ടറിയുടെ കോപ്പി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഡയറക്ടറിയിൽ ഏതെങ്കിലും തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ നിർദ്ദേശിക്കാനുണ്ടെങ്കിൽ ദയവായി ചാൻസലറച്ചനെ അറിയിക്കേണ്ടതാണ്. Presbyterium Official എന്ന വാട്സ് ആപ്പ് ഗ്രൂപ്പുവഴിയും തിരുത്തലുകൾ അറിയിക്കാം. ഡയറക്ടറിയുടെ വില 190/- രൂപ.

### 7. ശാന്തിഭവൻ നിർമ്മാണഫണ്ട്

ശാന്തിഭവൻ നിർമ്മാണത്തിന് ഇടവകകളിൽനിന്ന് നിശ്ചയിച്ചിരിക്കുന്ന വിഹിതവും അച്ചന്മാരുടെ വ്യക്തിപരമായ സംഭാവനയും ഇനിയും നല്കാത്തവർ ഈ മാസത്തിൽതന്നെ നല്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 8. പുതിയ അഡ്രസുകളും ഫോൺ നമ്പറുകളും

1. Fr. George Kudilil
   St. Ephrem Theological College
   Ephrem Nagar, PB No. 26, Satna - 485001, MP
   Ph: 0898 968 8059

2. Fr. Sebastian Mandapathil
   St. Mel's Church 18, Hamilton Street, Shepparton
   Vic 3630, Melbourne, Australia, Ph: +6142 259 8918

3. Fr. Mathew Mulayolil
   St. Wilfrieds Presbytery, 2A, Winchover Bank, Lower Wortely
   Leeds, West Yorkshire LS12 5 JW, UK, Ph: 0044 7932 4468 85

4. Fr. Antony Kidarathil
   Maison Des, Missionnaires,
   11 Rue Mounin, 03200, VICHY, France
   Ph: +3360 5872 2520

5. Fr. Mathew Kottukappallil
Pontificio Collegio Internazionale Maria Mater Ecclesiae
Via Pietro de Francisci, Largo Girolamo Minervini
00165 Roma, Italy

## 9. ആശംസകൾ, സ്വാഗതം

ഫ്രാൻസിലെ ടുളൂസിലുള്ള കാത്തലിക് ഇൻസ്റ്റിറ്റ്യൂട്ടിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം ആരംഭിച്ചിരിക്കുന്ന ബഹു. ആന്റണി കിടാരത്തിലച്ചനും റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ സഭാചരിത്രത്തിൽ ഉപരിപഠനം നടത്താൻ പുറപ്പെടുന്ന ബഹു. മാത്യു കൊട്ടുകാപ്പള്ളി അച്ചനും തലശ്ശേരി അതിരൂപതയുടെ വിജയാശംസകൾ.

റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി മടങ്ങിയെത്തുന്ന ബഹു. ജോൺ കോവൂർപുത്തൻപുര അച്ചനും റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിൽനിന്നും ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി മടങ്ങിയെത്തുന്ന ബഹു. ജേക്കബ് വെണ്ണായപ്പള്ളി അച്ചനും ഹൃദയനിർഭരമായ അഭിനന്ദനങ്ങളും സ്വാഗതവും ആശംസിക്കുന്നു.

## 10. അനുമോദനം

ചെറുപുഷ്പമിഷൻലീഗിന്റെ സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ പേരിൽ സംഘടന ഏർപ്പെടുത്തിയ പുരസ്ക്കാരത്തിന് അർഹനായ പെരിയ ബഹു. മോൺ. മാത്യു എം. ചാലിൽ അച്ചന് അതിരൂപത അനുമോദനം അറിയിക്കുന്നു.

## 11. ആദരാഞ്ജലി

**സി. സെയിൽസ് എംഎസ്എംഐ :** തലശ്ശേരി സാൻജോസ് പ്രൊവിൻസ് അംഗമായിരുന്ന സി. സെയിൽസ് (79) 2016 സെപ്റ്റം. 2-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പാലാരൂപതയിൽ കാഞ്ഞിരമറ്റം ഇടവകയിലെ ചേന്നാട്ട് മാണി, അന്നമ്മ ദമ്പതികളുടെ മകളാണ്. 1974ൽ വ്രതവാഗ്ദാനം നടത്തിയ സി. സെയിൽസ് - നെല്ലിക്കുറ്റി, തലശ്ശേരി, രണ്ടാംകടവ്, ചുള്ളി, ചന്ദനക്കാംപാറ, കണ്ണിവയൽ, പടുപ്പ്, മേരിഗിരി ഇടവകകളിൽ സേവനമനുഷ്ഠിച്ചു. ദീർഘമായ 23 വർഷക്കാലം തലശ്ശേരി വിമലപ്രിന്റിംഗ് പ്രസ്സ് ആയിരുന്നു സിസ്റ്ററിന്റെ പ്രവർത്തനരംഗം. ശാന്തവും സ്നേഹപൂർണവും പ്രാർത്ഥനാനിർഭരവുമായ



സിസ്റ്ററിന്റെ ജീവിതം പ്രചോദനാത്മകമായിരുന്നു. കണ്ണൂർ പ്രൊവിൻഷ്യൽ ഹൗസിലെ അംഗമായി ചികിത്സയിലായിരിക്കുമ്പോഴാണ് സിസ്റ്റർ മരിച്ചത്. സെപ്റ്റം. 3-ാം തീയതി നെല്ലിക്കുറ്റിയിൽ സിസ്റ്ററിനുവേണ്ടി അർപ്പിച്ച ദിവ്യബലിയിൽ റവ. മോൺ. അലക്സ് താരാമംഗലം മുഖ്യകാർമ്മികനും റവ. ഫാ. ജോസഫ് ആനിത്താനം, റവ. ഫാ. ആന്റണി മുതുകുന്നേൽ എന്നിവർ സഹകാർമികരുമായിരുന്നു. മൃതസംസ്കാരശുശ്രൂഷയുടെ കാർമികത്വം അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവാണ് നിർവഹിച്ചത്. സിസ്റ്ററിന് ദൈവം നിത്യസൗഭാഗ്യം പ്രദാനം ചെയ്യട്ടെ.

## 12. സ്നേഹസ്മൃതി

1. റവ. ഫാ. ബർത്തലോമ്യോ മഴുവഞ്ചേരി സി.എം.ഐ. - 01-10-2006
2. റവ. ഫാ. ജേക്കബ്ബ് ആലുങ്കൽ - 04-10-1994
3. റവ. ഫാ. ജോസഫ് കച്ചിറമറ്റം - 07-10-2001
4. റവ. ഫാ. തോമസ് പുറത്തെമുതുകാട്ടിൽ - 21-10-2013
5. റവ. ഫാ. സാബാസ് കുരുവിത്തടം സി.എം.ഐ. - 23-10-1982
6. റവ. ഫാ. മാത്യു കാനക്കാട്ട് - 24-10-2007
7. റവ. ഫാ. ജേക്കബ്ബ് നെടുമ്പിള്ളി - 26-10-2010
8. റവ. ഫാ. അഡ്രിയാൻ സി.എം.ഐ. - 26-10-1978
9. റവ. ഫാ. ഹൊർമീസ് പെരുമാലിൽ സി.എം.ഐ. - 28-10-1986
10. റവ. ഫാ. ജേക്കബ്ബ് കുന്നപ്പള്ളിൽ - 30-10-2002

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## പരി. പിതാവിന്റെ പ്രാർത്ഥനാനിയോഗങ്ങൾ

**പൊതുനിയോഗം:** മാധ്യമപ്രവർത്തകർ അവരുടെ ജോലിയിൽ സത്യത്തോടും ധാർമ്മികതയോടുമുള്ള ആദരവാൽ നയിക്കപ്പെടാൻ.

**പ്രേഷിതനിയോഗം:** ലോകമിഷൻദിനം - എല്ലാ ക്രിസ്തീയ സമൂഹങ്ങളെയും സുവിശേഷത്തിന്റെ ആനന്ദത്തിലും അതു പ്രസംഗിക്കാനുള്ള ഉത്തരവാദിത്വത്തിലും നവീകരിക്കാൻ.

| Various Collections from the Parishes<br>2015 April 2016 March | | |
|---|---|---|
| Snehagiri (Ummarapoil) | | |
| 1. | Palm Sunday | 4242 |
| 2. | Good Friday | 4600 |
| 3. | Catechetical Sunday | 2165 |
| 4. | Bible Sunday | 1882 |
| 5. | Sabhadinam | 1406 |
| 6. | Justice Sunday | 1193 |
| 7. | Jesus Fraternity | 1968 |
| 8. | Mission Sunday | 4425 |
| 9. | Syro Malabar Mission | 4038 |
| 10. | Temporance Movement | 2808 |
| 11. | Holy Childhood | 1956 |
| 12. | Charity Fund | 15750 |
| 13. | Lenten Collection | 2592 |
| 14. | Nepal Relief Fund | 2317 |
| | **Charity Fund** | |
| 1. | Manakadavu | 25750 |
| 2. | Kottoorvayal | 5850 |
| 3. | Sreekandapuram | 20200 |
| 4. | Marypuram | 23000 |
| 5. | Ayannoor | 11020 |
| 6. | Vellad | 24920 |
| 7. | Kalichamaram | 6200 |
| 8. | Peravoor | 90000 |

| Priests' Home Construction<br>Institutions' Contribution | | |
|---|---|---|
| 1. | St. Joseph's Forane Church, Peravoor | 200000 |
| 2. | St. Thomas Forane Church, Thomapuram | 100000 |
| 3. | St. Xavier Church, Kottody | 300000 |
| 4. | Little Flower Church, Chandanakkampara | 75000 |

# ദൈവകരുണയുടെ കുടുംബവർഷം

ഹൃദയത്തിൽനിന്നും ആരംഭിച്ച് കരങ്ങളിൽ എത്തിച്ചേരുന്ന ഒരു പ്രയാണമാണ് കാരുണ്യം എന്ന് ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. യേശു നമ്മിലേക്ക് ഉറ്റുനോക്കുന്നു, അവിടുത്തെ കാരുണ്യത്താൽ സൗഖ്യപ്പെടുത്തുന്നു. നവഹൃദയത്തോടെ, യേശുവിനാൽ സൗഖ്യമാക്കപ്പെട്ട ഹൃദയത്തോടെ സഹായിക്കാനും സൗഖ്യമാക്കാനും ആവശ്യകതയുള്ള അനേകരെ തെരഞ്ഞുകൊണ്ട് കാരുണ്യപ്രവൃത്തികൾ ചെയ്യാനും നമ്മെ കഴിവുള്ളവരാക്കുന്നു. ഈ ദൈവകാരുണ്യ അനുഭവത്തിലേക്ക് നമ്മെ നയിക്കുവാൻ നമ്മുടെ രൂപതയിൽ നടന്നുകൊണ്ടിരിക്കുന്ന ദൈവകരുണയുടെ കുടുംബവർഷധ്യാനങ്ങൾ ഏറെ സഹായകമാണ്.

തലശ്ശേരി അതിരൂപതയിലെ തളിപ്പറമ്പ് ഫൊറോനയിൽ ആഗസ്റ്റ് 28 മുതൽ 31 വരെയും കാഞ്ഞങ്ങാട് ഫൊറോനയിൽ സെപ്റ്റംബർ 11 മുതൽ 14 വരെയും എല്ലാ ഇടവകകളിലും കരുണയുടെ കുടുംബവർഷധ്യാനം നടന്നു. ഫാ. ജോസഫ് പാംപ്ലാനി, ഫാ. ഫ്രാൻസിസ് മേച്ചിറകത്ത്, ഫാ. മാത്യു തെക്കേമുറി, ഫാ. മാത്യു ഇളംതുരുത്തിപടവിൽ, ഫാ. ജോൺ നൂറംമാക്കൽ, ഫാ. സേവ്യർ പുത്തൻപുര (സീനിയർ), ഫാ. ജോസഫ് കരിമ്പുഴിക്കൽ, ഫാ. അലക്സ് നിരപ്പേൽ, ഫാ. വർക്കി തടത്തിമാക്കൽ, ഫാ. മാത്യു ഇടമുളയിൽ, ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, ഫാ. അബ്രാഹം പുതുശ്ശേരി, ഫാ. ജോസഫ് തുണ്ടത്തിൽ, ഫാ. ജോർജ് അച്ചാണ്ടി, സി. സ്നേഹ എം. എസ്.ജെ. എന്നിവരുടെ നേതൃത്വത്തിലുള്ള ടീമുകൾ ധ്യാനത്തിന് നേതൃത്വം കൊടുത്തു.

ധ്യാനം നടന്ന ഇടവകകളിലെല്ലാം ഇടവകാംഗങ്ങൾ ആഗ്രഹത്തോടെ ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയ ഉണർവുള്ളവരായി. ധ്യാനം പൊതുവിൽ വിജയകരമായിരുന്നു. തുടർന്നുള്ള ധ്യാനങ്ങൾ നടക്കാനിരിക്കുന്ന ഫൊറോനകളിലെ വികാരിയച്ചന്മാർ ഭവനസന്ദർശനം നടത്തിയും ഇടവകകളിൽ മുൻകൂട്ടിപ്പറഞ്ഞും വീടുകൾ വെഞ്ചരിച്ചും ധ്യാനം വിജയകരമാക്കാൻ പരിശ്രമിക്കുമല്ലോ.

**ഒക്ടോബർ, നവംബർ മാസങ്ങളിൽ ധ്യാനങ്ങൾ നടക്കുന്ന ഫൊറോനകളും തീയതികളും**

| | | |
|---|---|---|
| ഒക്ടോബർ | 9 - 12 | പനത്തടി ഫൊറോന |
| | 16 - 19 | ചെറുപുഴ, പൈസക്കരി ഫൊറോനകൾ |
| നവംബർ | 20 - 23 | ചെമ്പേരി ഫൊറോന |
| | 27 - 30 | കാഞ്ഞങ്ങാട് ഫൊറോന |

എന്ന്

**കോ-ഓർഡിനേറ്റർ**

# അതിരൂപത ഇന്റർനെറ്റ് മിഷൻ

തലശ്ശേരി അതിരൂപതയിലെ മുഴുവൻ പള്ളികളുടെയും സ്ഥാപനങ്ങളുടെയും കണക്കുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായുള്ള സോഫ്റ്റ് വെയർ പൂർണ്ണമായും തയ്യാറായികഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ നിരവധി പള്ളികളിൽ ഇത് ഉപയോഗിച്ചിരുന്നുവെങ്കിലും ഇപ്പോൾ ഭാഗികമായേ പ്രവർത്തിക്കുന്നുള്ളൂ. മുൻവർഷങ്ങളിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് ഈ പദ്ധതി പുതിയ രൂപത്തിലും ആധുനികസാങ്കേതിക സൗകര്യത്തിലും അതിരൂപതാ ഇന്റർനെറ്റ് മിഷൻ ഓഫീസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പുനരാവിഷ്കരിക്കുകയാണ്. പൂർണ്ണമായും ഓൺലൈൻ രീതിയിലാണ് ഈ സോഫ്റ്റ് വെയർ പ്രവർത്തിക്കുന്നത്. ഏറ്റവും ലളിതമായ രൂപകല്പനയാണ് അവലംബിച്ചിരിക്കുന്നത്.

അതിരൂപതയുടെ ഈ ഓൺലൈൻ അക്കൗണ്ട് സോഫ്റ്റ്വെയറിന്റെ പരിപൂർണ്ണനിയന്ത്രണവും നടത്തിപ്പും ഇന്റർനെറ്റ് മിഷൻ ഓഫീസ് വഴി മാത്രമായിരിക്കും. മുൻവർഷങ്ങളിൽനിന്നും വ്യത്യസ്തമായി സോഫ്റ്റ് വെയർ സാങ്കേതികമായി സപ്പോർട്ട് ചെയ്യുന്ന കമ്പനിയുമായി അതിരൂപതക്ക് മാത്രമായിരിക്കും ആശയവിനിമയം ഉണ്ടാവുക. സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട ഈ വിഷയത്തിൽ പ്രിയപ്പെട്ട വികാരിയച്ചന്മാർ സഹകരിക്കുമല്ലോ.

പല ഘട്ടങ്ങളായാണ് ഈ പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ കഴിയുക എന്നാണ് കരുതുന്നത്. ആദ്യഘട്ടത്തിൽ ബഹു. വൈദികരുടെ പല തരത്തിലുള്ള യോഗങ്ങളിൽ ഈ ആശയം അവതരിപ്പിക്കുകയും തിരുത്തലുകൾ സ്വീകരിക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി അതിരൂപതയിൽ തിരഞ്ഞെടുത്ത ആറ് കേന്ദ്രങ്ങളിലായി ഈ സോഫ്റ്റ് വെയറിന്റെ പ്രവർത്തനം പരിചയപ്പെടുത്താൻ അതിരൂപതാതല ടീം നേതൃത്വം നൽകുന്ന ഒരു അർദ്ധദിന ട്രെയിനിംഗ് പ്രോഗ്രാം ഒരുക്കുകയാണ്. ഓരോ കേന്ദ്രങ്ങളിലും നിശ്ചയിക്കപ്പെട്ട ഫൊറോനകളിലെ പള്ളികളിൽ കണക്കുകൾ കൈകാര്യം ചെയ്യുന്ന എല്ലാ സെക്രട്ടറിമാരെയും നിർബന്ധമായും ഈ ട്രെയിനിംഗ് പ്രോഗ്രാമിലേക്ക് പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. കണക്കുകൾ കമ്പ്യൂട്ടറിൽ ഉൾപ്പെടുത്താൻ നിലവിലുള്ള സെക്രട്ടറി തികച്ചും അപര്യാപ്തനാണെന്ന് വികാരിയച്ചന് ബോധ്യമുണ്ടെങ്കിൽ കുറച്ച് കമ്പ്യൂട്ടർ ജ്ഞാനമുള്ള ഒരു വ്യക്തിയെകൂടി സെക്രട്ടറിയുടെകൂടെ അയ്ക്കാവുന്നതാണ്. മാത്രമല്ല മൊബൈൽഫോൺ, ടാബ്ലെറ്റ് തുടങ്ങിയ സങ്കേതങ്ങളിലെല്ലാം ഈ സോഫ്റ്റ് വെയർ എളുപ്പത്തിൽ കൈകാര്യം ചെയ്യാമെന്നുള്ളതുകൊണ്ട് ഇതിന്റെ പ്രവർത്തനം മനസിലാക്കാൻ താത്പര്യമുള്ള എല്ലാ പ്രിയപ്പെട്ട വൈദികരെയും ഈ അർദ്ധദിനപ്രോഗ്രാമിലേക്ക് സ്വാഗതം

ചെയ്യുന്നു. ഈ ട്രെയിനിംഗ് പ്രോഗ്രാമിനുശേഷം പള്ളികൾക്ക് സ്വതന്ത്രമായി സോഫ്റ്റ് വെയർ ഉപയോഗിച്ച് തുടങ്ങാം. ഇന്റർനെറ്റ് കണക്ഷനുള്ള ഒരു കമ്പ്യൂട്ടറോ, ടാബ്ലറ്റോ ഇടവകസ്വന്തമായോ അല്ലെങ്കിൽ ബഹു. വികാരിയച്ചന്റെ ഉത്തരവാദിത്വത്തിലോ ഉടൻ ക്രമീകരിക്കണം എന്നും ഓർമ്മപ്പെടുത്തട്ടെ. പ്രോഗ്രാമിന്റെ തീയതിയും സ്ഥലവും താഴെ ചേർക്കുന്നു.

| തീയതി സമയം | നടക്കുന്നസ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| ഒക്ടോ.19 (ബുധൻ) 10 am –12pm | കാഞ്ഞങ്ങാട് ഫൊറോനപള്ളി | കാഞ്ഞങ്ങാട് പനത്തടി |
| ഒക്ടോ.19 (ബുധൻ) 2pm –4pm | തോമാപുരം ഫൊറോനപള്ളി | തോമാപുരം ചെറുപുഴ വെള്ളരിക്കുണ്ട് |
| ഒക്ടോ.20 (വ്യാഴം) 10 am –12pm | ചെമ്പേരി ഫൊറോനപള്ളി | ചെമ്പേരി ചെമ്പന്തൊട്ടി പൈസക്കരി |
| ഒക്ടോ. 20 (വ്യാഴം) 2pm –4pm | ആലക്കോട് ഫൊറോനപള്ളി | ആലക്കോട്, മേരിഗിരി വായാട്ടുപറമ്പ് തളിപ്പറമ്പ് |
| ഒക്ടോ. 21 (വെള്ളി) 10 am –12pm | പേരാവൂർ ഫൊറോനപള്ളി | പേരാവൂർ |
| ഒക്ടോ. 21 (വെള്ളി) 2pm –4pm | ഇരിട്ടി സെന്റ് ജോസഫ്പള്ളി | എടൂർ നെല്ലിക്കാംപൊയിൽ കുന്നോത്ത് |

സ്നേഹപൂർവ്വം,

**ഫാ. ഡയസ് തുരുത്തിപള്ളിൽ**
ഡയറക്ടർ

ആധുനിക സാമൂഹ്യസമ്പർക്കമാധ്യമങ്ങളുടെ തെറ്റായ സ്വാധീനം ഇന്ന് കുടുംബങ്ങളിലും കുട്ടികളിലും വർദ്ധിച്ച് വരുകയാണല്ലോ. മാധ്യമസാക്ഷരതയില്ലാതെ ഈ പ്രശ്നം ഫലപ്രദമായി കൈകാര്യം ചെയ്യാനാകില്ല. ആധുനിക സാമൂഹ്യസമ്പർക്കമാധ്യമങ്ങളെക്കുറിച്ച് മാതാപിതാക്കൾക്കും യുവജനങ്ങൾക്കുമുള്ള മൾട്ടിമീഡിയ ബോധവൽക്കരണ ക്ലാസുകൾക്കും സെമിനാർകൾക്കുമായി ഇന്റർനെറ്റ് മിഷൻ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**ഫോൺ: 9567 737 888**

# വൈദികസമ്മേളനം റിപ്പോർട്ട്

തലശ്ശേരി അതിരൂപതയിൽ ശുശ്രൂഷചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2016 സെപ്റ്റംബർ 16-ാം തീയതി വെള്ളിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് ചേർന്നു. 10 മണിക്ക് ബഹു. ആന്റണി തെക്കേമുറി അച്ചൻ നയിച്ച പ്രാർത്ഥനാശുശ്രൂഷയോടെ യോഗം ആരംഭിച്ചു. പ്രോട്ടോ സിൻചെല്ലൂസ് മോൺ. അബ്രാഹം പോണാട്ട് ഏവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യപിതാവ് യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അതിരൂപതയുടെ പൊതുവായ പ്രവർത്തനങ്ങളെ പ്രത്യേകിച്ച് വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയാണ് പ്രധാനമായും ഈ യോഗത്തിന്റെ ഉദ്ദേശ്യമെന്ന് അഭിവന്ദ്യപിതാവ് പറഞ്ഞു. ഫാ. ജോസഫ് മാലിപ്പറമ്പിൽ അവാർഡ് നേടിയ മോൺ. മാത്യു എം. ചാലിലിനെ അനുമോദിക്കുകയും പുതുതായി തയ്യാറാക്കിയ അതിരൂപത ഡയറക്ടറി പ്രകാശനം ചെയ്യുകയും ചെയ്തു.

ആദ്യസെഷനിൽ അതിരൂപതയുടെ പൊതുവായ കണക്കുകൾ അതിരൂപതാ പ്രൊക്കുറേറ്റർ ബഹു. ആന്റണി പരതേപതിക്കൽ അച്ചൻ അവതരിപ്പിച്ചു. ശാന്തിഭവൻ ഡയറക്ടർ ബഹു. മാർട്ടിൻ കിഴക്കേതലയ്ക്കൽ അച്ചനും മദർഹോം ഡയറക്ടർ ബഹു. മാത്യു ആശാരിപറമ്പിലച്ചനും അതത് സ്ഥാപനങ്ങളുടെ റിപ്പോർട്ടും വരവുചിലവ് കണക്കുകളും അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ ബഹു. അച്ചന്മാരുടെ സംശയങ്ങൾക്ക് ബന്ധപ്പെട്ട ഡയറക്ടർമാർ മറുപടി നല്കി.

രണ്ടാമത്തെ സെഷനിൽ വിമൽജ്യോതി എഞ്ചിനീയറിംങ്ങ് കോളേജ്, നിർമ്മലഗിരി കോളേജ്, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി എന്നിവയുടെ റിപ്പോർട്ടുകൾ യഥാക്രമം ഫാ. ജോർജ് ആശാരിക്കുന്നേൽ, മോൺ. അബ്രാഹം പോണാട്ട്, ഫാ. ജെയിംസ് ചെല്ലങ്കോട്ട് എന്നിവർ അവതരിപ്പിച്ചു. ചർച്ചാമദ്ധ്യേ കരുവഞ്ചാൽ, ചെമ്പേരി ഹോസ്പ്പിറ്റലുകൾ വികസിപ്പിക്കുന്നതു സംബന്ധിച്ചും മട്ടന്നൂർ സ്കൂൾ ആരംഭിക്കുന്നതു സംബന്ധിച്ചും തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്ന് അഭിവന്ദ്യപിതാവ് അറിയിച്ചു.

മൂന്നാമത്തെ സെഷനിൽ വൈദികക്ഷേമനിധിയുടെ റിപ്പോർട്ടും കണക്കും സെക്രട്ടറി ഫാ. ജോർജ് കാഞ്ഞിരക്കാട്ട് അവതരിപ്പിച്ചു. ചർച്ചയിൽ വിവിധ ഇൻഷുറൻസ് ഏജന്റുമാരെ ഹെൽത്ത് പോളിസി ഏൽപ്പിക്കണം എന്ന പൊതു അഭിപ്രായം ഉണ്ടായി.

നാലാമത്തെ സെഷനിൽ കാരുണ്യവർഷത്തോടനുബന്ധിച്ച് രൂപീകരിക്കാനാലോചിക്കുന്ന ലീഗൽ എയ്ഡ് സെല്ലുകളെക്കുറിച്ച് ഫാ. തോമസ് തെങ്ങുംപള്ളിയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ ഫാ. തോമസ് തയ്യിലും സംസാരിച്ചു. ലീഗിൽ എയ്ഡ് സെല്ലുകളെക്കുറിച്ച് ഫൊറോന മാസധ്യാന കൂട്ടായ്മകളിൽ വിശദമായി ചർച്ചചെയ്യാം  എന്ന് പറഞ്ഞു. റ്റി.എസ്.എസ്.എസിന്റെ ആശാകിരണം, കെയർ എ ഹോം തുടങ്ങിയ പദ്ധതികളെക്കുറിച്ച് അഭിനന്ദനങ്ങൾ അറിയിച്ചു. അതിരൂപതാ ട്രൈബ്യൂണലിനെക്കുറിച്ച് ഫാ. തോമസ് തെങ്ങുംപള്ളിയും ശാന്തിതീരം കൗൺസലിങ്ങ് സെന്ററിനെക്കുറിച്ച് ഫാ. സെബാസ്റ്റ്യൻ ചെരിപുറവും സംസാരിച്ചു.

തുടർന്ന് ദൈവാലയത്തിൽ അഭിവന്ദ്യ പിതാവ് നയിച്ച ആരാധനയിൽ വൈദികർ എല്ലാവരും പങ്കെടുത്തു. ആരാധനാമദ്ധ്യേ അഭിവന്ദ്യപിതാവ് യുക്തനായ ഒരു സഹായമെത്രാനെ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാൻ എല്ലാവരെയും ഉദ്ബോധിപ്പിച്ചു. വിതരണം  ചെയ്ത ലിസ്റ്റിൽനിന്നും മുൻഗണനാക്രമത്തിൽ അഞ്ച് പേരുകൾ വീതം രേഖപ്പെടുത്തി വൈദികർ ഓരോരുത്തരും അഭിവന്ദ്യപിതാവിന് നല്കി.

ഉച്ചഭക്ഷണത്തിനുശേഷം അതിരൂപതയില ഇടവകകൾ കമ്പ്യൂട്ടർവല്ക്കരിക്കുന്നതിനുള്ള പുതിയ സംവിധാനത്തെക്കുറിച്ച് ഫാ. ജോസഫ് തുരുത്തിപ്പള്ളി സംസാരിച്ചു. അവസാനത്തെ സെഷനിൽ മതബോധനം, മിഷൻലീഗ്, എ.കെ.സി.സി., മദ്യവിരുദ്ധസമിതി, യുവജനപ്രസ്ഥാനം, കുടുംബപ്രേഷിതത്വം, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്, ബൈബിൾ അപ്പസ്റ്റൊലേറ്റ്, കരിസ്മാറ്റിക് പ്രസ്ഥാനം എന്നിവയെക്കുറിച്ച് യഥാക്രമം ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്, ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ, ഫാ. തോമസ് തൈത്തോട്ടം, ഫാ. അബ്രാഹം പുതുശ്ശേരി, ഫാ. ജോസഫ് പാംപ്ലാനി, ഫാ. ജോസഫ് മഞ്ചപ്പള്ളി എന്നിവർ സംസാരിച്ചു. കാരുണ്യവർഷധ്യാനങ്ങളെക്കുറിച്ച് ബഹു. അബ്രാഹം പുതുശ്ശേരി അച്ചൻ പറഞ്ഞു. ഇൻഫാമിന്റെ നേതൃത്വത്തിൽ റബ്ബർ വിലയിടിവ്, വന്യമൃഗശല്യം എന്നിവയ്ക്ക് എതിരേ നടത്തിയ സമരങ്ങൾ ബഹു. ജോസഫ് ഒറ്റപ്ലാക്കലച്ചൻ ചൂണ്ടിക്കാട്ടി.

പിന്നീട് നടന്ന പൊതുചർച്ചയിൽ വിവിധ വിഷയങ്ങൾ ഉയർന്നുവന്നു. മരിച്ചവരുടെ അനുസ്മരണചടങ്ങുകളിൽ ലഭിക്കുന്ന നേർച്ച 50% കുർബാനചൊല്ലാനും 50% കരുണാലയത്തിനുമായി ഉപയോഗിക്കാമെന്ന് ധാരണയിലെത്തി. ചിലർ വ്യത്യസ്തമായ അഭിപ്രായം രേഖപ്പെടുത്തി. തിരുനാളുകൾ ലളിതമായി നടത്തണമെന്ന അഭിപ്രായം ഉണ്ടായി.

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. അസൈൻമെന്റ് ക്ലാസ് - XII

ഈ അധ്യയനവർഷത്തെ XII-ാം ക്ലാസ് കുട്ടികളുടെ അസൈൻമെന്റ് **ഒക്ടോബർ 30ന്** ഓഫീസിൽ എത്തിക്കേണ്ടതാണ്. ക്ലാസ് ടീച്ചർ കുട്ടികളെ അസൈൻമെന്റ് എഴുതാൻ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കൂടാതെ താഴെ കൊടുത്തിരിക്കുന്ന **മൂന്ന് അദ്ധ്യായങ്ങളുള്ള വിഷയവിവരണം 6 പേജ് ഉണ്ടായിരിക്കണം.** 10 പേജിൽ അധികമാകരുത്. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**
**അധ്യായങ്ങൾ** 1. മാധ്യമങ്ങളും അവയുടെ നന്മകളും
2. മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ
3. മാധ്യമങ്ങളെ എങ്ങനെ സമൂഹനന്മയ്ക്കായി ഉപയോഗിക്കാം?

---

തുടർന്ന് അഭിവന്ദ്യപിതാവ് സമാപന സന്ദേശം നല്കി. വൈദികർ ആത്മീയജീവിതത്തിൽ കൂടുതൽ വളരണമെന്നും ഒരുക്കത്തോടെ വിശുദ്ധ കുർബാന അർപ്പിക്കണമെന്നും അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു. അനാവശ്യ ചിലവുകൾ ഒഴിവാക്കാനും ലളിതമായ ജീവിതശൈലി സ്വീകരിക്കാനും പെരുമാറ്റത്തിലും സംസാരത്തിലും കാരുണ്യം കാണിക്കാനും ഭവനസന്ദർശനത്തിൽ കൂടുതൽ ശ്രദ്ധിക്കാനും എല്ലാവരുമായി സഹകരിച്ച് മുമ്പോട്ടുപോകാനും പിതാവ് വൈദികരോട് ആവശ്യപ്പെട്ടു.

യോഗത്തിൽ സംബന്ധിച്ചവർക്കും വേണ്ടക്രമീകരണങ്ങൾ നടത്തിയ തളിപ്പറമ്പ് പള്ളി വികാരി ബഹു. മഞ്ചപ്പള്ളി അച്ചനും കൊച്ചച്ചനും സിൻചെല്ലൂസ് മോൺ. അലക്സ് താരാമംഗലം നന്ദിപറഞ്ഞു. 217 വൈദികർ യോഗത്തിൽ സംബന്ധിച്ചു. നാലുമണിയോടെ യോഗം പര്യവസാനിച്ചു.

**ചാൻസലർ**

## 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

ഈ അധ്യയനവർഷത്തെ 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അവരുടെ രജിസ്ട്രേഷൻ പൂർത്തിയാകും. അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2016-2017 എന്ന തലകെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. പൂർണ്ണമായ വിവരങ്ങൾ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയുള്ളൂ. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

## 3. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2017 ജനുവരി 26-ന് നടത്തുന്ന പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

## 4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. ഈ കാര്യത്തെകുറിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്.) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ സ്ക്കൂളുകളിൽ

പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

### 5. ധ്യാനം : ക്ലാസ് XII (*TESTES DOMINI*)

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ അധ്യായനവർഷവും 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് ഡിസംബറിന് മുമ്പായി എല്ലാ ഫൊറോനകളിലും രണ്ട് ദിവസത്തെ ധ്യാനം നടത്തേണ്ടതാണ്. അതിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ.

### 6. മിഷൻ ഞായർ ഒക്ടോബർ 16

ആഗോളമിഷൻ ഞായറായ ഒക്ടോബർ 16-ാം തീയതി എല്ലാ ഇടവകകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

### 7. മതാധ്യാപകദിനം നവംബർ 4

വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 6-ാം തീയതി മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ കൊടുക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർമാർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

### 8. മതാധ്യാപക സംഗമം

ഒക്ടോബറിൽ നടത്താനിരുന്ന മതാധ്യാപക സംഗമം മാറ്റിവെച്ചു.

### 9. രാജത്വതിരുനാൾ - നവംബർ 20

മിശിഹായുടെ രാജത്വതിരുനാൾ ദിനമായ നവംബർ 20-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

### 10. ആസ്പെക്ട്

2016-2017 അധ്യയനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് മോൺ. പോൾ പള്ളത്ത് എഴുതിയ "ഭാരതകത്തോലിക്ക സഭ ഇന്നലെയും ഇന്നും" എന്ന ഗ്രന്ഥമാണ്. ഈ വർഷം പഠിക്കേണ്ട ഭാഗം ഒന്നും രണ്ടും മൂന്നും അധ്യായങ്ങളാണ്. (പേജ് നമ്പർ 1 മുതൽ 244 വരെ) പരമാവധി എല്ലാവരും തന്നെ പരീക്ഷ എഴുതുവാനായി പരിശ്രമിക്കുമല്ലോ.

## 11. ഏകദിന സെമിനാർ

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എല്ലാ ഫൊറോനകളിലും രണ്ട് സെമിനാറുകൾ നടത്തേണ്ടതാണ്. ഫൊറോനാ വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ഏകദിനസെമിനാറിനുള്ള ക്രമീകരണങ്ങൾ നടത്തുമല്ലോ. ബഹു. മോൺ. താരാമംഗലത്തിലച്ചനും ബഹു. ജോസഫ് കുമ്പുക്കലച്ചനും സെമിനാറുകൾ നയിക്കാൻ സന്നദ്ധരാണ്.

## 12. ദൈവശാസ്ത്രകോഴ്സ് (Lumen Ecclesiae )

അധ്യാപകർക്കായി നടത്തുന്ന ദൈവശാസ്ത്രകോഴ്സിന്റെ ആദ്യത്തെ ബാച്ചിന്റെ പഠനം ഈ അധ്യയനവർഷം പൂർത്തിയാവുകയാണ്. എല്ലാ പഠനാർത്ഥികളെയും അഭിനന്ദിക്കുകയും ദൈവശാസ്ത്രപഠനത്തിന് പ്രോത്സാഹനം നല്കുന്ന ബഹു. വികാരിയച്ചന്മാർക്ക് നന്ദി പറയുകയും ചെയ്യുന്നു. രജിസ്റ്റർ ചെയ്തതിന് ശേഷം ഏതെങ്കിലും കാരണത്താൽ പഠനം മുടങ്ങിയവർ ഓഫീസുമായി ബന്ധപ്പെട്ടാൽ അവർക്ക് സ്പെഷ്യൽ ക്ലാസുകൾ നല്കി പഠനം പൂർത്തിയാക്കുവാൻ സഹായിക്കുന്നതാണ്. കൂടാതെ ഫീസുകൾ അടക്കാൻ ബാക്കിയുള്ളവർ എത്രയും വേഗം കാറ്റക്കിസം ഓഫീസിൽ അടക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ വേണ്ട നടപടികൾ സ്വീകരിച്ച് സഹകരിക്കുമല്ലോ.

## 13. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ സൺഡേ സ്കൂളുകളിലെ മുഴുവൻ കുട്ടികളുടേയും അധ്യാപകരുടേയും ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. വെബ്സൈറ്റിൽ കുട്ടികളുടെ പേര് കഴിഞ്ഞവർഷം ചേർത്തവർ ഈ വർഷം ഒന്നാം ക്ലാസിലെ കുട്ടികളെ മാത്രം ചേർക്കുകയും മറ്റ് ക്ലാസ്സുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുകയും ചെയ്യുക.

## 14. ഡയറക്ടറച്ചന്റെ സന്ദർശനം

അമ്മംകുളം ഇടവക സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സെടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് 2016

നമ്മുടെ അതിരൂപതയിൽ ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റം. 25-ാം തീയതി നടത്തപ്പെട്ടു. 30000 പേർ ഈ വർഷം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു. പരീക്ഷ ഏറ്റവും നല്ല രീതിയിൽ നടത്താൻ സഹായിച്ച വികാരിയച്ചൻമാർക്കും സഹകരിച്ച എല്ലാ മതാദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ. ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ സഹായിച്ച എല്ലാവർക്കും നന്ദി.

ഈ വർഷം ലോഗോസ് ഉത്തരക്കടലാസുകൾ മേഖല കേന്ദ്രമാക്കിയാണ് മൂല്യനിർണ്ണയം നടത്തുക. ഓരോ ഇടവകയിലെയും ചുമതലയുള്ള മതാദ്ധ്യാപകരെ ഒരുമിച്ച് കൂട്ടി ഫൊറോന കേന്ദ്രത്തിൽവച്ചാണ് ഇത് നടത്തുന്നത്. ഓരോ വിഭാഗത്തിലും സമ്മാനാർഹരായവരുടെ സെമി ഫൈനൽ കോഴിക്കോട്‌വച്ച് നവം.20 ഞായർ 2.30 - 4 മണിവരെ നടത്തപ്പെടുന്നു. സെമിഫൈനലിൽ വിജയിക്കുന്നവർക്കായി സംസ്ഥാന തല മത്സരം നവം. 26-27 തീയതികളിൽ എറണാകുളത്ത് പി.ഒ.സിയിൽവച്ച് നടത്തപ്പെടുന്നു. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ചെമ്പേരി, തോമാപുരം, എടൂർ എന്നീ ഇടവകകൾക്ക് പ്രത്യേകാഭിനന്ദനങ്ങൾ!

## 2. ലൂമെൻ എക്ലേസിയ - പരീക്ഷ

ല്യമെൻ എക്ലേസിയ - ദൈവശാസ്ത്രബിരുദകോഴ്സിന്റെ "യുഗാന്ത്യദൈവശാസ്ത്രം" എന്ന വിഷയത്തിന്റെ പരീക്ഷ ഒക്ടോബർ 23ന് ഞായറാഴ്ച 2.30 മുതൽ 4.30 വരെയും "തത്വചിന്തയും ദൈവശാസ്ത്രവും" എന്ന വിഷയത്തിന്റെ പരീക്ഷ ഒക്ടോബർ 30ന് ഞായറാഴ്ച 2.30 മുതൽ 4.30 വരെ ഫൊറോന കേന്ദ്രങ്ങളിൽവച്ച് നടത്തുന്നതാണ്.

തലശ്ശേരി അതിരൂപതയ്ക്ക് വെളിയിലുള്ള എല്ലാ പഠിതാക്കളുടെയും ബി.റ്റി.എച്ച് /എം.റ്റി.എച്ച് സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ 24നും ഒക്ടോബർ 7 നും നടത്തുന്നതാണ്.

### ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം

| തിയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| സെപ്റ്റം. 24 | കോതമംഗലം MSJ Pro. House | 09.30-12.30 | യുഗാന്ത്യ ദൈവശാസ്ത്രം<br>തത്വചിന്തയും ,, |
| സെപ്റ്റം. 24 | കോയിപ്പിള്ളി SD | 09.30-12.30 | യുഗാന്ത്യ ദൈവശാസ്ത്രം<br>തത്വചിന്തയും ,, |
| സെപ്റ്റം. 24 | അങ്കമാലി | 02.00-05.00 | സഭയുടെ സാമൂഹ്യദർശനങ്ങൾ |

| | | | |
|---|---|---|---|
| സെപ്റ്റം. 24 | ബാംഗ്ലൂർ | | സഭയുടെ സാമൂഹ്യദർശനങ്ങൾ<br>യുഗാന്ത്യ ദൈവശാസ്ത്രം |
| ഒക്ടോ. 02 | പടന്നക്കാട്<br>മേരിഗിരി<br>ചെമ്പന്തൊട്ടി<br>തോമാപുരം | 02.00-05.30 pm<br>02.00-05.30 pm<br>02.00-05.30 pm<br>02.00-05.30 pm | യുഗാന്ത്യ ദൈവശാസ്ത്രം<br>തത്വചിന്തയും<br>ദൈവശാസ്ത്രം |

## 4. ശാലോം ദൈവശാസ്ത്രക്ലാസ്സുകൾ

ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുന്ന ദൈവശാസ്ത്ര ക്ലാസ്സുകളിൽ BTh, MTh കോഴ്സുകളുടെ പാഠഭാഗങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്. കോൺടാക്ടുക്ലാസ്സുകളിൽ സംക്ഷിപ്തമായി മാത്രം ലഭിക്കുന്ന വ്യാഖ്യാനങ്ങൾ വിശദമായി ലഭിക്കുന്നത് ശാലോം ടെലിവിഷൻ ക്ലാസ്സുകളിലൂടെയാണ്. ഈ ക്ലാസ്സുകൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന സമയക്രമം ചുവടെ ചേർക്കുന്നു.

**ഒക്ടോബർ**

വെള്ളി- 7,14,21,28 രാവിലെ 8.00 - ദൈവശാസ്ത്രബിരുദം
ശനി - 1,8,15,22,29 രാത്രി 12.00 ദൈവശാസ്ത്രബിരുദം (ഗൾഫ് എഡിഷൻ)
ഞായർ - 2,9,16,23,30 രാത്രി 7.30 - ദൈവശാസ്ത്ര ബിരുദാനന്തരബിരുദം
ബുധൻ - 5,12,19,26 രാത്രി 11.30 - ദൈവശാസ്ത്ര ബിരുദാനന്തരബിരുദം (ഗൾഫ് എഡിഷൻ)

**Repetitions**

ബുധൻ ഉച്ചകഴിഞ്ഞ് 2.30 - ദൈവശാസ്ത്ര ബിരുദാനന്തരബിരുദം

ടെലിവിഷനിൽ ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്ന സമയത്ത് അവ കാണുവാൻ അസൗകര്യമുണ്ടായാൽ പ്രസ്തുത ക്ലാസ്സുകൾ ആൽഫാ യുടെ You Tube ചാനലിൽ (Alpha Theologia) ഏതു സമയവും വീക്ഷി ക്കാവുന്നതാണ്.

## 5. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾ വീതം സ്കൈപ്പ് നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയി ച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. ഈ മാസത്തെ സ്കൈപ്പുനെറ്റു ക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| |
|---|
| ഒക്ടോബർ 2,9,16,23,30 (ഞായർ) 21.00 - 22.00 (09.00 - 10.00 pm)<br>ഒക്ടോബർ 4,11,18,25 (ചൊവ്വ) 21.00 - 22.00 (09.00 - 10.00 pm)<br>ഒക്ടോബർ 7,14,21,28 (വെള്ളി) 21.00 - 22.00 (09.00 - 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കിനടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട് ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

## ലോഗോസ് 2016-ലെ രജിസ്ട്രേഷൻ

| *Forane-Parishes* | *Total No.* | *Forane -Parishes* | *Total No.* |
|---|---|---|---|
| **Alakode** | **473** | **Chempanthotty** | **591** |
| Arivilanjapoil | 103 | Cheparamba | 97 |
| Jayagiri | 50 | Karayathumchal | 92 |
| Karthikapuram | 175 | Kottoor | 170 |
| Kuttaparamba | 107 | Kottoorvayal | 51 |
| Mampoil | 69 | Mandalam | 199 |
| Manakkadave | 180 | Vennakkallu | 56 |
| Nellippara | 186 | Vilakkannur | 277 |
| Ottathai | 142 | Naduvil | 125 |
| Parappa | 172 | Nellikkunnu | 40 |
| Udayagiri | 327 | Sreekandapuram | 157 |
| Vijayagiri | 23 | | |
| Cheekkad | 54 | | |
| **Chemperi** | **1013** | **Cherupuzha** | **306** |
| Areekamala | 135 | Aravanchal | no |
| Deepagiri | 81 | Choorappadave | 67 |
| Kudianmala | 349 | Josegiri | 88 |
| Lissigiri | 165 | Koluvally | 121 |
| Nellikkutty | 291 | Kozhichal | 238 |
| Ponmala | 69 | Pulingome | 352 |
| Pottenplavu | 150 | Rajagiri | 116 |
| Pulikkurumba | 273 | Thabore | 100 |
| Rathnagiri | 117 | Thirumeni | 243 |
| Kanakakkunnu | 84 | Mulapra | 116 |
| Pooparamba | 65 | Ummarpoil | 61 |
| | | Padiyotichal | 122 |

| | |
|---|---|
| **Edoor** | **651** |
| Chedikulam | 166 |
| Edappuzha | 103 |
| Karikkottakkari | 428 |
| Keezhppally | 135 |
| Mangode | 264 |
| Uruppumkutty | 90 |
| Vattiyara | 51 |
| Velimanam | no |
| **Kunnoth** | **241** |
| Angadikkadave | 398 |
| Charal | 174 |
| Edakkanam | 30 |
| Kacherikkadave | 128 |
| Kilianthara | 186 |
| Madathil | 75 |
| Mudayaranji | 75 |
| Palathinkadave | 55 |
| Peratta | 165 |
| Perinkiri | 89 |
| Randamkadave | 119 |
| Vaniyappara | 76 |
| Nazarath Convent | 45 |
| Anapanthy | no |
| **Nellickampoil** | **295** |
| Anara | 88 |
| Arabi | 66 |
| Iritty | 143 |
| Kalanki | no |
| Kalluvayal | 153 |
| Kanjirakolly | 120 |
| Manikkadave | no |
| Manippara | no |
| Mattara | 161 |
| Mundanoor | 135 |
| Padiyoor | 86 |
| Puravayal | 253 |
| Santhinagar | 86 |
| Thermala | 131 |
| Ulickal | 34 |
| Vilamana | 74 |
| **Marygiri** | **no** |
| Cherupara | 142 |
| Edakkome | no |
| Kariyapally | 103 |
| Perumpadave | 282 |
| Rayarome | 251 |
| Vellariyanam | 70 |
| Vimalassery | 112 |
| Pachani | 89 |
| Kodoppally | 86 |
| Perigala | 87 |
| **Paisakkary** | no |
| Adampara | 75 |
| Chandanackampara | 95 |
| Chundapparambu | 150 |
| Ettupara | 136 |
| Josemount | 95 |
| Vembuva | 294 |
| Shimoganagar | no |
| Mutharikulam | 63 |
| Padamkavala | 59 |
| Payyavoor | no |
| **Panathady** | **217** |
| Adottukkaya | 53 |
| Kottody | 130 |
| Manadukkam | 93 |
| Marypuram | 139 |
| Padimaruthu | 122 |
| Paduppu | 312 |
| Panathoor | 184 |

| | |
|---|---|
| Santhigiri-Kallar | 118 |
| Kodom | no |
| Elukochi | 28 |
| **Peravoor** | **590** |
| Aryaparambu | 133 |
| Chengome | 127 |
| Chettiyaparambu | 104 |
| Edathotty | 116 |
| Kanichar | 212 |
| Kallumuthirakkunnu | 112 |
| Kolakkadu | 247 |
| Kolayadu | 130 |
| Melmuringodi | 51 |
| Nedumpuramchal | 141 |
| Nirmalagiri | 94 |
| Odenthode | 189 |
| Perumpunna | 150 |
| Poolakkutty | 73 |
| Rajamudy | 78 |
| Vazhamala | no |
| Thokkilangady | 333 |
| Mattannur | 198 |
| Madappurachal | 405 |
| Manhalampuram | 126 |
| **Padannakkad** (Kanhangad) | **196** |
| Badiyadukka | 144 |
| Chayoth | 91 |
| Cheemeni | 74 |
| Delampady | no |
| Ennappara | 208 |
| Kalichanadukkam | 137 |
| Kasargod | 327 |
| Mulleria | 41 |
| Nileshwar | 74 |
| Periya | no |
| Udayapuram | no |
| Nelliyadukkam | no |
| Kanhangad | 129 |
| Kanjiradukkam | 148 |
| Poinachi | 45 |
| Kodoth | no |
| Hosangadi | 61 |
| **Thalipparamba** | **252** |
| Balesugiri | 88 |
| Neduvaloor | 68 |
| Kannur | 269 |
| Melechovva | 249 |
| Payyannur | 112 |
| Pariyaram | 269 |
| Minor Seminar -Tly | no |
| Thalassery | 59 |
| **Thomapuram** | **682** |
| Athirumavu | 2 |
| Ayannur | 78 |
| Bedoor | 40 |
| Chattamala | 247 |
| Chavaragiri | 71 |
| Kadumeni | 253 |
| Kamballoor | 100 |
| Kannivayal | no |
| Kavumthala | 111 |
| Kulineer | 49 |
| Kunnumkai | no |
| Mandapam | no |
| Palavayal | 568 |
| Thayyeni | 138 |
| Varakkadu | 123 |

| | | | |
|---|---|---|---|
| **Vayattuparamba** | **362** | Balal | no |
| Alphonsagiri | 66 | Bheemanady | 222 |
| Karunapuram | 232 | Birikkulam | 101 |
| Karuvanchal | 300 | Chully | no |
| Mavumchal | 60 | Karunapuram | 77 |
| Pathenpara | 197 | Konnakkad | no |
| Vellad | 317 | Malome | 127 |
| Vijayapuram | 109 | Nattakkal | no |
| Thadikkadave | 142 | Puncha | 81 |
| | | Punnakkunnu | 116 |
| **Vellarikkundu** | **491** | Vimalagiri | 148 |
| Amalagiri | no | Kalichamaram | 62 |
| Anamanjal | 65 | Kanakappally | 75 |
| Attakkandam | 54 | | |

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരെ,

ഒക്ടോബർ മാസത്തിലെ ഓരോ ദിനങ്ങളും ദൈവാനുഗ്രഹം നമ്മിലേയ്ക്ക് വർഷിക്കപ്പെടുന്ന പുണ്യദിനങ്ങളാണ്. നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, സംഘടന സ്ഥാപിതമായതിന്റെ 58-ാം വാർഷികം, ജപമാലമാസം, മിഷൻ ഞായർ. ഈ അനുഗ്രഹീത ദിനങ്ങളോരോന്നും വേണ്ടത്ര ഒരുക്കത്തോടും പ്രാധാന്യത്തോടുംകൂടി ആചരിച്ച് ദൈവാനുഗ്രഹങ്ങൾ സ്വന്തമാക്കി നമുക്കും കാരുണ്യത്തിന്റെ ജീവിക്കുന്ന മാതൃകകളായി മാറാൻ പരിശ്രമിക്കാം.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | കാവൽമാലാഖയുടെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. കൊച്ചുത്രേസ്യ, വി. ഫ്രാൻസീസ് അസീസ്സി |
| പ്രാർത്ഥനാ നിയോഗം | : | പ്രേഷിതപ്രവർത്തകർക്ക് ആത്മീയ നിറവ് ലഭിക്കാൻ |
| സുകൃതജപം | : | വി. കൊച്ചുത്രേസ്യായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. |
| കാരുണ്യ പ്രവൃത്തി | : | ദുഃഖിതരെ ആശ്വസിപ്പിക്കുക. |

## ശാഖകൾ ശ്രദ്ധിക്കാൻ

1 ശനി : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ. അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം, അംഗത്വനവീകരണം, മിഷൻവാര ആരംഭം.

3.തിങ്കൾ : സി.എം.എൽ. സ്ഥാപകദിനാചരണം. ശാഖകളിൽ പതാകയുയർത്തി അഭിവാദനം ചെയ്യുക.

4. ചൊവ്വ : വി. ഫ്രാൻസീസ് അസീസ്സിയുടെ തിരുനാൾ

7. വെള്ളി : മിഷൻവാര സമാപനം

12. ബുധൻ : വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി ദിനാചരണം. (2009 ഒക്ടോബർ 12) ഛായാചിത്രം പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുക.

15. ശനി : മിഷൻഞായറിനോടനുബന്ധിച്ചുള്ള ഭവനസന്ദർശനം, പ്രാർത്ഥന, മിഷൻപിരിവ്.

16. ഞായർ : മിഷൻഞായർ- അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യസ്വീകരണം, പ്രേഷിതറാലി.

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, BMG സെമിനാർ

## മിഷൻ ഞായർ, മിഷൻവാരാചരണം

ഒക്ടോബർ 1മുതൽ 7വരെ മിഷൻവാരമായി ആചരിക്കുകയും ഓരോ ദിവസവും പ്രത്യേക നിയോഗങ്ങളോടെ മിഷൻ ഗ്രാമങ്ങൾക്കും മിഷൻപ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുംവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ഒക്ടോബർ 16-ാം തീയതി മിഷൻഞായർ സമുചിതമായി ആഘോഷിക്കുകയും കുട്ടികളിൽ മിഷൻ ചൈതന്യവും പ്രേഷിതതീക്ഷ്ണതയും ഉജ്ജ്വലിപ്പിക്കാൻതക്കവിധം മിഷൻവാരാരംഭ ദിവസം മുതൽ ഒരാഴ്ചത്തേയ്ക്ക് വി.കുർബാനയ്ക്ക്ശേഷം പതാകവന്ദനം, വി.കൊച്ചുത്രേസ്യായുടെ രൂപത്തിനുമുമ്പിൽ അനുദിനപ്രാർത്ഥന, മിഷൻഗ്രാമത്തിനുവേണ്ടി പ്രാർത്ഥന, മിഷൻ റാലി, പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന മിഷൻഗ്രാമവുമായി സൗഹൃദബന്ധം, തുടങ്ങിയവ നടത്തുകയും ശാഖാതല പ്രവർത്തനങ്ങൾ ശക്തമാക്കാൻ മിഷൻപിരിവ് നടത്തുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

മിഷൻ കലണ്ടർ തയ്യാറായിട്ടുണ്ട്. ഈ വർഷത്തെ മിഷൻ പിരിവിന്റെ 2%, മിഷൻ കലണ്ടറിന്റെ തുക എന്നിവ പതിവുപോലെ ഡിസംബർമാസത്തിനുള്ളിൽ ഓഫീസിൽ അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

## അതിരൂപതകൗൺസിൽ - വാർഷികം

ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂപത കൗൺസിലും വാർഷികവും ഒക്ടോബർ 1-ാം തീയതി ശനിയാഴ്ച ചെമ്പേരി ഫൊറോന പള്ളിയിൽ വച്ച് നടത്തുന്നു. കഴിഞ്ഞ പ്രവർത്തനവർഷം അതിരൂപതതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ മേഖലകൾക്കും ശാഖകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡും സമ്മേളനത്തിൽവച്ച് നൽകുന്നതായിരിക്കും.

**പ്രോഗ്രാം:**

9.00 am -രജിസ്ട്രേഷൻ 9.15 കുർബാന, 10.00 കാപ്പി,10.10 പതാക ഉയർത്തൽ,10.15 രംഗപൂജ,കൗൺസിൽ - വാർഷിക ഉദ്ഘാടനം കണക്ക്, റിപ്പോർട്ട് അവതരണം, കലാപരിപാടികൾ, 1.15 pm-പ്രേഷിത റാലി (ചെമ്പേരി ടൗണിലേയ്ക്ക്) 2.15 രംഗപൂജ, ഉദ്ഘാടനം അഭിവന്ദ്യ ഞരളക്കാട്ട് പിതാവ്, ആദരിക്കൽ, ബെസ്റ്റ് ശാഖ, മേഖല അവാർഡ് ദാനം, സമ്മാനദാനം, 4.00 pm- നന്ദി.

## മിഷൻദർശൻ 2016-17

വി. മദർതെരേസയുടെ ജീവിതത്തെ കുട്ടികൾക്കിടയിൽ കൂടുതൽ പരിചയപ്പെടുത്തുന്നതിനും കാരുണ്യപ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികാളാക്കുന്നതിനുമായി 2016 ഒക്ടോബർ 1 മുതൽ 2017 സെപ്റ്റംബർ വരെ മുൻവർഷങ്ങളിലേതുപോലെ വ്യത്യസ്തങ്ങളായ പരിപാടികളോടെ ശാഖാ -മേഖലാതലങ്ങളിൽ മിഷൻദർശൻ സജീവമാക്കാൻ ശാഖാ-മേഖലാ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## കാരുണ്യവർഷ ആൽബം

കാരുണ്യവർഷത്തോടനുബന്ധിച്ച് നടത്തുന്ന കാരുണ്യവർഷ ആൽബനിർമ്മാണ മത്സരത്തിൽ മേഖലയിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30ന് മുമ്പ് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. (നിബന്ധനകൾ: മാർഗ്ഗരേഖ പേജ്:17, ബുള്ളറ്റിൻ സെപ്റ്റംബർ പേജ്: 37)

## കൈയ്യെഴുത്തുമാസിക

ശാഖകളിൽ കൈയ്യെഴുത്തുമാസിക നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകാണുമല്ലോ. (നിബന്ധനകൾ മാർഗ്ഗരേഖ പേജ്:48-49) ഈ വർഷത്തെ പഠനവിഷയമായ 'കാരുണ്യം പ്രേഷിതകരങ്ങളിൽ' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉണ്ടായിരിക്കണം. മേഖലയിൽ ഒന്നാംസ്ഥാനംലഭിച്ച കൈയ്യെഴുത്ത് മാസിക ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി ജനുവരി 26.

## ഉപന്യാസമത്സരം

ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണജൂബിലി സ്മാരക അവാർഡിനായി അതിരൂപതാതലത്തിൽ 18 വയസ്സിൽ താഴെപ്രായമുള്ള മിഷൻലീഗ് അംഗങ്ങൾക്കായി ഉപന്യാസമത്സരം നടത്തുന്നു.

**നിബന്ധനകൾ**

- വിഷയം: കാരുണ്യം പ്രേഷിതകരങ്ങളിൽ
- ഉപന്യാസം 10 പേജിൽ കവിയരുത്.
- വികാരിയച്ചന്റെ കത്തും അംഗത്വകാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ഒരു ഇടവകയിൽനിന്നും ഒന്നിൽകൂടുതൽ അംഗങ്ങൾക്ക് പങ്കെടുക്കാം.
- ഒന്നാം സമ്മാനം 2001 രൂപ, രണ്ടാം സമ്മാനം 1001 രൂപ
- രചനകൾ നവംബർ 30ന് മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം.

## അതിരൂപത മിഷൻകലോത്സവം

ഈ വർഷത്തെ അതിരൂപത മിഷൻ കലോത്സവം ഒക്ടോബർ 8 ശനിയാഴ്ച പൈസക്കരി ദേവമാതാ സ്കൂളിൽവച്ച് നടത്തുന്നു. രാവിലെ 9 മണിക്ക്

രജിസ്ട്രേഷനോടെ മത്സരങ്ങൾ ആരംഭിക്കും. മത്സരത്തിന് അംഗത്വകാർഡും ബാഡ്ജും നിർബന്ധമാണ്. രാവിലെ 9 മണിക്ക് ഉദ്ഘാടനശേഷം 9.30 നുതന്നെ മത്സരങ്ങൾ ആരംഭിക്കും. ഓരോ സ്റ്റേജിലും ഒരു മത്സരം കഴി ഞ്ഞാലുടൻ അടുത്തമത്സരം ആരംഭിക്കുന്നതായിരിക്കും.

## കലാമത്സരത്തിൽ മേഖലകൾ പങ്കെടുക്കാൻ വരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക

1. എല്ലാ മേഖലാഡയറക്ടർമാരും വൈസ്ഡയറക്ടർമാരും ടീം അംഗങ്ങ ളോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.
2. എല്ലാ മേഖലക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം. ഇദ്ദേഹമായിരി ക്കണം ടീം അംഗങ്ങൾക്കുവേണ്ടി സ്റ്റേജ്മാസ്റ്ററോടോ, ഓഫീസുമായോ ബന്ധപ്പെടേണ്ടത്. ചാൻസ് നമ്പർ, ചെസ് നമ്പർ, ഗ്രീൻ റൂം തുടങ്ങിയവ ടീം അംഗങ്ങൾക്കുവേണ്ടി ക്രമീകരിച്ചുകൊടുക്കേണ്ടത് ഈ ടീം മാനേ ജർ ആയിരിക്കണം.
3. പരിപാടിയെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പരിപാടി കഴിഞ്ഞ് 15 മിനിറ്റിനുള്ളിൽ ബഹു.മേഖലഡയറക്ടർ അച്ചൻ ശുപാർശ ചെയ്ത പരാതി ടീം മാനേജർക്ക് അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കാവുന്ന താണ്. പരാതിയോടൊപ്പം 250 രൂപ അടച്ചിരിക്കണം. മേഖലഡയറക്ടർ അച്ചൻ ശുപാർചെയ്യാത്ത പരാതികൾ ഒരു കാരണവശാലും സ്വീകരി ക്കുന്നതല്ല.
4. പരിപാടി കഴിയുമ്പോൾ ടീം മാനേജർ ഓരോ മേഖലക്കും ലഭിച്ച ഗ്രീൻ റൂം വൃത്തിയാക്കി താക്കോൽ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.
5. എല്ലാവരുടെയും സമയം വിലപ്പെട്ടതാകയാൽ മത്സരസ്റ്റേജുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ദയവായി മേഖലകൾ സ്റ്റേജ് ക്രമീകരണങ്ങളും മത്സ രങ്ങളും ശ്രദ്ധിക്കേണ്ടതാണ്. ചാൻസ് നമ്പർ കൈയ്യിൽ കിട്ടിയശേഷം ഏതെങ്കിലും സാഹചര്യത്തിൽ മത്സരാർത്ഥിക്ക് സ്റ്റേജിലെത്താൻ സാധി ക്കുന്നില്ലെങ്കിൽ ടീം മാനേജർ തക്കകാരണം ബോധിപ്പിച്ചാൽ ഏറ്റവും ഒടുവിലായി അടുത്ത ചാൻസ് നൽകുന്നതായിരിക്കും.
6. സംഗീതമത്സരത്തിനുള്ള സ്റ്റേജുകൾ ക്രമീകരിച്ചിരിക്കുന്നത് തൊട്ടടുത്ത സ്ഥലങ്ങളിലായതിനാൽ സമൂഹഗാനം, മിഷൻആന്തം എന്നിവയ്ക്ക് മേഖ ലാടീമുകൾ തക്കസമയത്ത് റെഡിയായി നിൽക്കേണ്ടതാണ്.
7. മേഖലാടീമിന് ഉച്ചഭക്ഷണം ആവശ്യമാണെങ്കിൽ 25 രൂപാനിരക്കിൽ (വെജിറ്റേറിയൻ) ഭക്ഷണം ലഭിക്കുന്നതാണ്. ആവശ്യമായ എണ്ണം ഒക്ടോബർ 5ന് മുമ്പ് 9961370298 എന്ന നമ്പറിൽ വിളിച്ച് അറിയിക്കേണ്ട താണ്.

## ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത മിഷൻ കലോത്സവം
## 2016 ഒക്ടോബർ 8 ചെമ്പേരി

| | | | | |
|---|---|---|---|---|
| സ്റ്റേജ് 1 | 9.00 am | ഉദ്ഘാടനം | നാടോടിനൃത്തം ജൂണിയർ | ബൈബിൾ ദൃശ്യം |
| സ്റ്റേജ് 2 | 9.30 am | മാർഗ്ഗംകളി | പരിചമുട്ട് | |
| സ്റ്റേജ് 3 | 9.30 am | നാടോടിനൃത്തം സബ്ജൂണിയർ | | |
| സ്റ്റേജ് 4 | 9.30 am | സംഗീതം സൂപ്പർ സീനിയർ ഗേൾസ് | സമൂഹഗാനം | |
| സ്റ്റേജ് 5 | 9.30 am | സംഗീതം സീനിയർ ഗേൾസ് | മിഷൻ ആന്തം | |
| സ്റ്റേജ് 6 | 9.30 am | സംഗീതം സൂപ്പർ സീനിയർ ബോയ്സ് | സംഗീതം സീനിയർ ബോയ്സ് | |
| സ്റ്റേജ് 7 | 9.30 am | സംഗീതം ജൂണിയർ ഗേൾസ് | സംഗീതം ജൂണിയർ ബോയ്സ് | |
| സ്റ്റേജ് 8 | 9.30 am | സംഗീതം സബ് ജൂണിയർ ഗേൾസ് | സംഗീതം സബ് ജൂണിയർ ബോയ്സ് | |
| സ്റ്റേജ് 9 | 9.30 am | കഥാപ്രസംഗം സീനിയർ | | |
| സ്റ്റേജ് 10 | 9.30 am | കഥാപ്രസംഗം ജൂണിയർ | | |
| സ്റ്റേജ് 11 | 9.30 am | കഥാപ്രസംഗം സബ ്ജൂണിയർ | | |
| സ്റ്റേജ് 12 | 9.30 am | ബൈബിൾ വായന സബ് ജൂണിയർ ഗേൾസ് | ബൈബിൾ വായന സബ് ജൂണിയർ ബോയ്സ് | |
| സ്റ്റേജ് 13 | 9.30 am | പ്രസംഗം സൂപ്പർ സീനി. ഗേൾസ് | പ്രസംഗം സൂപ്പർ സീനിയർ ബോയ്സ് | |
| സ്റ്റേജ് 14 | 9.30 am | പ്രസംഗം സീനിയർ ഗേൾസ് | പ്രസംഗം സീനിയർ ബോയ്സ് | |
| സ്റ്റേജ് 15 | 9.30 am | പ്രസംഗം ജൂണിയർ ഗേൾസ് | പ്രസംഗം ജൂണിയർ ബോയ്സ് | |
| സ്റ്റേജ് 16 | 9.30 am | പ്രസംഗം – സബ് ജൂണിയർ ഗേൾസ് | പ്രസംഗം സബ് ജൂണിയർ ബോയ്സ് | |
| സ്റ്റേജ് 17 | 9.30 am | മിഷൻ ക്വിസ്സ് | | |

## അതിരൂപത സാഹിത്യമത്സര വിജയികൾ

| | പേര് | ശാഖ | മേഖല |
|---|---|---|---|
| **ചെറുകഥാരചന- ജൂണിയർ ബോയ്സ്** | | | |
| I | തോമസ് കല്ലിടുക്കിൽ | ഇടക്കോം | മേരിഗിരി |
| II | ജോസഫ് നിലക്കപ്പള്ളിൽ | വിളക്കന്നൂർ | ചെമ്പന്തൊട്ടി |
| III | തോമസ് കാഞ്ഞിരത്തിങ്കൽ | മണ്ടപം | തോമാപുരം |
| **ചെറുകഥാരചന-ജൂണിയർ ഗേൾസ്** | | | |
| I | എലിസബത്ത് പൊൻപുഴ | മണ്ടപം | തോമാപുരം |
| II | അന്ന എടത്താഴെ | നിർമ്മലഗിരി | പേരാവൂർ |
| III | റോസമ്മ പുളിയാഞ്ചിറ | തിരുമേനി | ചെറുപുഴ |
| **ചെറുകഥാരചന-സീനിയർ ബോയ്സ്** | | | |
| I | വർഗ്ഗീസ് കണിച്ചിറയിൽ | കുടിയാന്മല | ചെമ്പേരി |
| II | അഖിൽ പൂവ്വത്തുംമൂട്ടിൽ | നെല്ലിക്കാംപൊയിൽ | നെല്ലിക്കാം. |
| III | ജോസഫ് പൂവ്വക്കുളത്ത് | വെളിമാനം | എടൂർ |
| **ചെറുകഥാരചന-സീനിയർ ഗേൾസ്** | | | |
| I | റോസമ്മ കാക്കനാട്ട് | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| II | ഏയ്ഞ്ചൽ അരയത്തിനാൽ | പുളിങ്ങോം | ചെറുപുഴ |
| III | തെരേസ് പാറക്കൽ | പയ്യന്നൂർ | തളിപ്പറമ്പ് |
| III | ഫിലോമിന് ആശാരിക്കുന്നേൽ | ശാന്തിഗിരി | പനത്തടി |
| **ചെറുകഥാരചന-സൂപ്പർസീനിയർ ബോയ്സ്** | | | |
| I | ആൽബിൻ അക്കൂറ്റ് | നെല്ലിക്കാംപൊയിൽ | നെല്ലി. |
| II | തോമസ് വടക്കൻ | രാജഗിരി | ചെറുപുഴ |
| III | ജിജോ കദളിക്കാട്ടിൽ | മേലേചൊവ്വ | തളിപ്പറമ്പ് |
| **ചറുകഥാരചന-സൂപ്പർസീനിയർ ഗേൾസ്** | | | |
| I | ഷീബ ചിറ്റടിയിൽ | എടൂർ | എടൂർ |
| II | ഡിംബിൾ മേച്ചേരിത്തകിടിയേൽ | മഞ്ഞളാംപുറം | പേരാവൂർ |
| III | ത്രേസ്യാമ്മ മേനോനിക്കൽ | മേരിഗിരി | മേരിഗിരി |
| **കവിത-ജൂനിയർ ബോയ്സ്** | | | |
| I | ലൂക്കോസ് കരിമ്പൂഴിത്താഴെ | ഒറ്റത്തൈ | ആലക്കോട് |
| II | വർഗ്ഗീസ് മാറുകാട്ടുകുന്നേൽ | ചെട്ടിയാംപറമ്പ് | പേരാവൂർ |
| III | തോമസ് കാഞ്ഞിരത്തിങ്കൽ | തോമാപുരം | തോമാപുരം |
| III | തോമസ് വടക്കേപ്പുത്തൻപുര | പൊൻമല | ചെമ്പേരി |

| | | | |
|---|---|---|---|
| **കവിത-ജൂനിയർ ഗേൾസ്** | | | |
| I | അന്ന പകലോമറ്റം | എടത്തൊട്ടി | പേരാവൂർ |
| II | മേരി നരിക്കുന്നേൽ | എടൂർ | എടൂർ |
| III | മറിയം വലിയവീട്ടിൽ | ഊദയഗിരി | ആലക്കോട് |
| **കവിത-സീനിയർ ബോയ്സ്** | | | |
| I | സാന്ദ്രാമരിയ കളപ്പുരക്കൽ | മഞ്ഞളാംപുറം | പേരാവൂർ |
| II | മേരി പുത്തൻപറമ്പിൽ | ആനമഞ്ഞൾ | വെള്ളരിക്കുണ്ട് |
| III | ആഗസ്സ് വട്ടമറ്റത്തിൽ | എടൂർ | എടൂർ |
| III | തെരേസ ശൗര്യാംതടത്തിൽ | രണ്ടാകടവ് | കുന്നോത്ത് |
| **കവിത-സൂപ്പർസീനിയർ ബോയ്സ്** | | | |
| I | ജോസഫ് കന്നിലിക്കാട്ടിൽ | എടൂർ | എടൂർ |
| II | ഇരണേവൂസ് കളത്തിൽ | കൊളക്കാട് | പേരാവൂർ |
| III | അഗസ്റ്റ്യൻ കന്നുതൊട്ടിയിൽ | വിളമന | നെല്ലിക്കാം. |
| **കവിത-സൂപ്പർസീനിയർ ഗേൾസ്** | | | |
| I | മരിയ ചിറ്റംവേലിൽ | ചെടിക്കുളം | എടൂർ |
| II | സിജി ആടാംകുഴിയിൽ | മേലേച്ചൊവ്വ | തളിപ്പറമ്പ് |
| III | സെലിനാമ്മ കൊട്ടാരത്തിൽ | കുന്നോത്ത് | കുന്നോത്ത് |
| **ഉപന്യാസം-ജൂനിയർ ബോയ്സ്** | | | |
| I | ജെയിംസ് പുതുമനഅറയ്ക്കൽ | കാവുംതല | തോമാപുരം |
| II | സെബാസ്റ്റ്യൻ ഉണ്ണിമാക്കൽ | കരിക്കോട്ടക്കരി | എടൂർ |
| III | ജോസഫ് ഉപ്പുവീട്ടിൽ | ബദിയടുക്ക | കാഞ്ഞങ്ങാട് |
| **ഉപന്യാസം-ജൂനിയർ ഗേൾസ്** | | | |
| I | റോസ്മേരി മൈലാടൂർ | ചൂരപ്പടവ് | ചെറുപുഴ |
| II | എലിസബത്ത് ഐക്കരക്കാനായിൽ | കാസർഗോഡ് | കാഞ്ഞങ്ങാട് |
| III | ആഗസ്സ് ഇരുപ്പേൽ | കൊളക്കാട് | പേരാവൂർ |
| **ഉപന്യാസം-സീനിയർ ഗേൾസ്** | | | |
| I | റോസമ്മ പടിഞ്ഞാറ്റുകരയിൽ | വിജയപുരം | വായാട്ടുപറമ്പ |
| II | മേരി മംഗലത്തിൽ | കുന്നോത്ത് | കുന്നോത്ത് |
| III | മരിയ തേക്കുംതളയിൽ | കനകക്കുന്ന് | ചെമ്പേരി |
| **ഉപന്യാസം-സൂപ്പർസീനിയർ ബോയ്സ്** | | | |
| I | ബെന്നി എടാട്ട് | കരിക്കോട്ടക്കരി | എടൂർ |
| II | ഷിനോജ് ഇളംതുരുത്തിയിൽ | കൊന്നക്കാട് | വെള്ളരിക്കുണ്ട് |
| III | എമ്മാനുവേൽ ചെല്ലംകോട്ട് | പടന്നക്കാട് | കാഞ്ഞങ്ങാട് |

| | | | |
|---|---|---|---|
| **ഉപന്യാസം-സൂപ്പർസീനിയർ ഗേൾസ്** | | | |
| I | റോസമ്മ പരത്തനാൽ | വെമ്പുവ | പൈസക്കരി |
| II | സിസിലി നീണ്ടുക്കുന്നേൽ | മേലേച്ചൊവ്വ | തളിപ്പറമ്പ് |
| III | ഗ്രേസി മാന്തറക്കൽ | കണിച്ചാർ | പേരാവൂർ |
| **ചിത്രരചന-സബ്ജൂനിയർ** | | | |
| I | തെരേസ അയ്യങ്കനാൽ | ചെമ്പേരി | ചെമ്പേരി |
| II | ഡോൺ ആന്റോ വെട്ടത്ത് | ചന്ദനക്കാംപാറ | പൈസക്കരി |
| **ചിത്രരചന-ജൂണിയർ** | | | |
| I | ഇവ മരിയ തെക്കയിൽ | തലശ്ശേരി | തളിപ്പറമ്പ് |
| II | ക്രിസ്റ്റീന മണ്ണൂർ | മേരിഗിരി | മേരിഗിരി |
| III | ട്രീസ പയസ്സ് പാലക്കൽ | വിമലഗിരി | വെള്ളരിക്കുണ്ട് |
| **ചിത്രരചന-സീനിയർ** | | | |
| I | അന്നമ്മ എലിപ്പുലിക്കാട്ട് | ജോസ്ഗിരി | ചെറുപുഴ |
| II | അൻസ പാലാക്കുടിയിൽ | വെമ്പുവ | പൈസക്കരി |
| III | എലിസബത്ത് തുരുത്തിമറ്റം | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |

## ബി.എം.ജി. സെമിനാർ

ചെറുപുഷ്പമിഷൻലീഗ് ദൈവവിളി പ്രോത്സാഹനത്തിനായി സംഘടിപ്പിക്കുന്ന ബി.എം.ജി സെമിനാർ നടത്തുന്നതിനും കുട്ടികളെ കാണുന്നതിനുമായി അതിരൂപത വൊക്കേഷൻ പ്രൊമോട്ടർ ഫാ.ജിതിൻ വയലുങ്കൽ മേഖലകളിൽ വരുന്നതായിരിക്കും. ബഹു. മേഖലാഡയറക്ടർ അച്ചന്മാർ 8547128523 എന്ന നമ്പറിൽ വിളിച്ച് നിങ്ങളുടെ സമയവും തിയതിയും അച്ചനെ ഓർമിപ്പിക്കുമല്ലോ.

## മിഷൻപച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ടത്തിൽ പങ്കെടുക്കുവാൻ രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. ഇനിയും ഏതെങ്കിലും ശാഖകൾ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ എത്രയുംവേഗം ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ശാഖകളെ മത്സരത്തിന് പരിഗണിക്കുന്നതല്ല.

കീഴ്പള്ളി, വാണിയപ്പാറ, കോഴിച്ചാൽ, തളിപ്പറമ്പ്, മാലോം, കണിച്ചാർ, കുട്ടാപറമ്പ്, അറബി, കോളയാട്, ചെടിക്കുളം, ചാവറഗിരി, രാജഗിരി, ചെമ്പേരി, പനത്തടി, കാപ്പിമല, ഉദയഗിരി, പേരാവൂർ, ഭീമനടി, ദീപഗിരി, അൽഫോൻസഗിരി, ഇരിട്ടി, ഏറ്റുപാറ, ഉളിക്കൽ, ആനറ, കാഞ്ഞിരക്കൊല്ലി,

കുന്നോത്ത്, നെടുവാലൂർ, വായാട്ടുപറമ്പ്, വെമ്പുവ, മുത്താറിക്കുളം, പൈസ ക്കരി, ജോസ്മൗണ്ട്.

## അഭിനന്ദനങ്ങൾ



ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ പേരിൽ സംസ്ഥാന സമിതി ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അവാർഡിന് മോൺ. മാത്യു എം ചാലിൽ അർഹനായി. സെപ്റ്റംബർ 10 ശനിയാഴ്ച കോട്ടയം ആർപ്പൂക്കരയിൽവെച്ചു നടന്ന മിഷൻലീഗ് സംസ്ഥാനതല സമ്മേളനത്തിൽവച്ച് മോൺ. മാത്യു എം ചാലിൽ പുരസ്കാരം ഏറ്റുവാങ്ങി. ബഹു. ചാലിൽ അച്ചന് അതിരൂപത മിഷൻലീഗ് കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## മാർ ജോർജ് വലിയമറ്റം പ്രേഷിത അവാർഡ് ശ്രീ. ജോർജ് മാരാംകുഴയ്ക്കലിന്



ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂപത ഏർപ്പെടുത്തിയ മാർ ജോർജ് വലിയമറ്റം ജൂബിലി സ്മാരക പ്രേഷിത അവാർഡിന് ശ്രീ. ജോർജ് മാരാംകുഴയ്ക്കൽ അർഹനായി. കുട്ടികളുടെയും മുതിർന്നവരുടെയുമിടയിൽ അദ്ദേഹം നടത്തിവരുന്ന പ്രത്യേക പ്രേഷിത പ്രവൃത്തികൾ പരിഗണിച്ചാണ് കാരുണ്യവർഷത്തിൽ ഈ അവാർഡിനായി അദ്ദേഹത്തെ തിരഞ്ഞെടുത്തത്. ജോർജ് സാറിന് അതിരൂപത മിഷൻലീഗ് കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## മികച്ച മേഖല, ശാഖ

2015-16 പ്രവർത്തനവർഷത്തെ ഏറ്റവും മികച്ച ഒന്നാമത്തെ മേഖലയായി പൈസക്കരിയും, നെല്ലിക്കാംപൊയിൽ, കുന്നോത്ത് മേഖലകൾ രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. മികച്ച ശാഖയായി ചെടിക്കുളം, വാണിയപ്പാറ, തോമാപുരവും ശാഖകൾ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച മേഖലകൾക്കും ശാഖകൾക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## അൽഫോൻസ ക്വിസ്സ്

ഓഗസ്റ്റ് 24-ാം തീയതി തളിപ്പറമ്പിൽവച്ച് നടന്ന അൽഫോൻസാക്വിസ്സ് വിജയികൾ

| | | |
|---|---|---|
| I | വായാട്ടുപറമ്പ് മേഖല | |
| II | ചെമ്പേരി | ” |
| III | തോമാപുരം | ” |

## കാരുണ്യഭവനം

കാരുണ്യ വർഷത്തോടനുബന്ധിച്ച് അതിരൂപത മിഷൻലീഗിന്റെ നേതൃത്വത്തിൽ പാടാൻകവലയിൽ നിർമ്മിച്ചുകൊണ്ടിരുന്ന കാരുണ്യഭവനം വി. മദർ തെരേസായുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് വെഞ്ചരിച്ച് പാടാംകവല ഇടവകാംഗമായ മഞ്ഞളിയിൽ ബെന്നിക്ക് നൽകി. വീടിന്റെ നിർമ്മാണഘട്ടത്തിൽ വേണ്ട എല്ലാ സഹായ സഹകരണങ്ങൾ ചെയ്തുതന്ന പൈസക്കരി മേഖലാ ഡയറക്ടർ ഫാ. ജോസഫ് നിരപ്പേൽ അച്ചനും മേഖലാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തുന്റെ നന്ദി.

## സാഹിത്യ ശില്പശാല

അതിരൂപതാതല സാഹിത്യ മത്സര വിജയികൾക്ക് സംസ്ഥാനതല മത്സരത്തിനൊരുക്കമായി സംഘടിപ്പിച്ച സാഹിത്യ ശില്പശാല സെപ്റ്റംബർ 20ന് സന്ദേശഭവനിൽവച്ചു നടന്നു. നിർമ്മലഗിരി കോളേജ് മലയാളം പ്രൊഫസർ ഫാ. മാർട്ടിൻ പറപ്പള്ളിയാത്ത് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 30 കുട്ടികൾ ശില്പശാലയിൽ പങ്കെടുത്തു.

### ആദരാഞ്ജലികൾ

അതിരൂപത എക്സിക്യൂട്ടീവ് അംഗമായ വെള്ളരിയാനം ശാഖയിലെ സണ്ണി പടിഞ്ഞാറേചിറ്റേടത്തിന്റെ പ്രിയ പിതാവ് ജോസഫ് പടിഞ്ഞാറേചിറ്റേടത്ത്, വിടരുംമുമ്പേ ആകസ്മികമായി നമ്മിൽനിന്നും വേർപിരിഞ്ഞ ചെമ്പന്തൊട്ടി ശാഖയിലെ ക്രിസ്റ്റി ഇലഞ്ഞിക്കോട്ട്, പേരാവൂർ ശാഖയിലെ അലീന കല്ലുപാലം എന്നിവരുടെ ആത്മശാന്തിക്കായി അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരി. അമ്മയിൽനിന്നും കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും എപ്പോഴും അമ്മയുടെ സംരക്ഷണയിൽ ആയിരിക്കുവാനുമായി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാനും ഇടവകദേവാലയത്തിലെ കൊന്തനമസ്കാരത്തിൽ പങ്കെടുക്കുവാനും കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കമല്ലോ.

**നിറംകൊടുക്കാമോ? ഓഗസ്റ്റ് മാസത്തിലെ വിജയികൾ**

| | | |
|---|---|---|
| I | അമലസെന്ന റോസ് | വെള്ളാട് |
| II | അൽഫോൻസ നെല്ലിക്കാട്ടിൽ | കുളിനീർ |
| III | അന്ന മരിയ വെട്ടത്ത് | ചന്ദനക്കാംപാറ |

**നിങ്ങൾക്കറിയാമോ? ഓഗസ്റ്റ് മാസത്തിലെ വിജയികൾ**

| | | |
|---|---|---|
| I | ട്രീസ കോക്കാട്ടുമുണ്ടക്കൽ | മണിപ്പാറ |
| II | അയന മരിയ | പേരാവൂർ |
| III | ആൻമരിയ നെല്ലിക്കുന്നേൽ | അൽഫോൻസാഗിരി. |

ഒക്ടോബർ മാസത്തിൽ നാം ഈശോയേപ്പോലെ ഉപവിയുള്ളവരായി മാറാൻ പഠിക്കുകയാണ്. ഈശോ എല്ലാവരെയും പരിധികൾവയ്ക്കാതെ, കുറവുകൾ നോക്കാതെ സ്നേഹിച്ചു. നമുക്കും കൂട്ടുകാരുടെ നന്മകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് സ്നേഹത്തിൽ വളരാൻ പരിശ്രമിക്കാം. വി. യൗസേപ്പിതാവിന്റെയും ഉണ്ണീശോയുടെയും ചിത്രത്തിന് നിറംകൊടുത്ത് മനോഹരമാക്കിയും, ചിത്രത്തിലെ ഉപമ കണ്ടെത്തി രസകരമായ അടിക്കുറിപ്പുകൾ തയ്യാറാക്കിയും നവം. 15നുമുമ്പ് അച്ചന് അയച്ചുതരണേ.

**മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം:** വി. മദർ തെരേസായുടെ തിരുനാളിനോടനുബന്ധിച്ച് ശാഖകളിൽ നടത്തിയ മദർ തെരേസ ഫാൻസിഡ്രസ് മത്സരത്തിൽ ധാരാളം ശാഖകളിൽനിന്നുള്ള കുട്ടികൾ താത്പര്യപൂർവം പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹിപ്പിച്ച ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും അഭിനന്ദനങ്ങൾ. വിജയികൾക്കുള്ള സമ്മാനങ്ങൾ ഒക്ടോബർ 1ന് മിഷൻലീഗ് അതിരൂപതാ കൗൺസിൽ വാർഷിക സമ്മേളനത്തിൽ ചെമ്പേരിയിൽവച്ച് നൽകുന്നതായിരിക്കും.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**

അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

ജീവിതം ഒഴുകുന്ന പുഴപോലെയാണ്. ഇണങ്ങിയും പിണങ്ങിയും ചിന്നിയും ചിതറിയും നിലവിളിച്ചും അലറിവിളിച്ചും സാഗരം ലക്ഷ്യമാക്കി ഒഴുകുന്ന പുഴ. ലക്ഷ്യത്തിലെത്തിച്ചേരുന്നതുവരെ ഇളകിമറിയുന്ന നീണ്ട ഘോഷയാത്രയാണത്. ജീവിത യാത്രയെ ഗൗരവപൂർവ്വം കാണുന്ന ഏതൊരുവനും ഈ യാത്രയിലൊരു അത്താണി ആഗ്രഹിക്കും. സങ്കടങ്ങളുടെ കയങ്ങൾ നീന്തിക്കയറാൻ ഒരാൾകൂടെ ഉണ്ടാവുകയെന്നത് അനുഗ്രഹമാണ്. പരിശുദ്ധ അമ്മ ഒരുവന്റെ ജീവിതത്തിലെ പിടിവള്ളിയാണ്. വെല്ലുവിളികളെ നേരിട്ട് പരക്കംപായുന്ന ഈ തലമുറയ്ക്ക് മറിയം കാണിച്ചുതരുന്ന ഒരു ബദൽ ജീവിതശൈലിയാണ് Yes Lord – ദൈവതിരുമനസ്സിന് പൂർണ്ണമായി സമർപ്പിച്ചുകൊണ്ടുള്ള ഒരു തീർത്ഥയാത്ര. ഒക്ടോബർമാസം പ്രത്യേകമായി ജപമാലയുടെ മാസമാണ്. കേരള ക്രൈസ്തവകുടുംബങ്ങളിലെ ആത്മീയതയുടെ ഒരു അടയാളമായി നിലകൊണ്ടിരുന്നത് ഈ ജപമാലയനുഷ്ഠാനമാണ്. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചുനിൽക്കുമെന്നത് യാഥാർത്ഥ്യമാണ്. ക്രിസ്തീയ കുടുംബങ്ങളെ വേട്ടയാടുന്ന പൈശാചിക പ്രവണതകൾ നേരിടാൻ ജപമാലയാകുന്ന ആയുധം നമുക്ക് കൈയ്യിലെടുക്കാം. അതുവഴി അമ്മയുടെ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും അരൂപിയും ആത്മാർത്ഥതയും ക്ഷമയും കാരുണ്യവും സഹോദരങ്ങളുമായി പങ്കുവയ്ക്കാൻ ഏവർക്കും സാധിക്കട്ടെ.

**C-Cat**

ആഗോള കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥമായ Catechism of the Catholic Church (CCC) നെ പറ്റിയുള്ള ആഴമായ പഠനത്തിന് യുവജനങ്ങളെയും വിശ്വാസികളെയും സഹായിക്കുന്ന ചോദ്യോത്തോര പരിപാടി ശാലോം ടിവിയും കെസിവൈഎം തലശ്ശേരി അതിരൂപതയും ചേർന്നു നടത്തുന്ന ചിത്രീകരണം വിവിധ ഫൊറോനകളിൽ നടന്നുവരുന്നു.

## യുവോത്സവ് 2016 – ഒക്ടോബർ 11ന്

അതിരൂപതാ കലോത്സവം നേരത്തെ അറിയിച്ചിരുന്നതുപോലെ ചെമ്പന്തൊട്ടി ഫൊറോനയുടെ അതിഥേയത്വത്തിൽ കോട്ടൂർ സെന്റ് തോമസ് ദൈവാലയത്തിൽ (ശ്രീകണ്ഠാപുരം) വച്ച് ഒക്ടോബർ 11ന് നടത്തപ്പെടുന്നു.

**പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. മത്സര സംബന്ധമായ നിർദ്ദേശങ്ങൾ സെപ്റ്റംബർ മാസത്തെ ബുള്ളറ്റിനിൽ വിശദമായി നല്കിയിട്ടുണ്ട്. (പേജ് 44-48)
2. ഫൊറോനകളിൽ നടത്തിയ മത്സരങ്ങളിൽ 1,2 സ്ഥാനം നേടിയവരുടെ ലിസ്റ്റ് ഒക്ടോബർ 1ന് മുമ്പ് നൽകേണ്ടതും ലിസ്റ്റിലെ തിരുത്തലിനുള്ള അവസാന തീയതി ഒക്ടോബർ 5നുമായിരിക്കും.
3. എല്ലാ മത്സരങ്ങൾക്കും അംഗത്വകാർഡ് നിർബന്ധമായി ഉണ്ടായിരിക്കണം. അല്ലാത്തവർക്ക് മത്സരിക്കാൻ അർഹതയുണ്ടായിരിക്കുകയില്ല.
4. അംഗത്വകാർഡ് വിതരണം ചെയ്യുന്ന അവസാനതീയതി ഒക്ടോബർ 5 ആയിരിക്കും. അതിനുശേഷം വിതരണം ഉണ്ടായിരിക്കുകയില്ല. മത്സരിക്കാൻ യോഗ്യത നേടുന്നവർ പ്രസ്തുത തീയിതിക്കുമുമ്പ് അംഗത്വകാർഡ് സ്വന്തമാക്കേണ്ടതാണ്.

**പ്രത്യേകം ശ്രദ്ധിക്കുക - കലാമത്സര ഐറ്റം**

സംവാദം - 10 മിനിറ്റ് (5+5) 2 പേർ വീതമുള്ള ടീം ആണ് പങ്കെടുക്കേണ്ടത്. ഒരാൾ വിഷയത്തിന് അനുകൂലമായും ഒരാൾ പ്രതികൂലമായുമാണ് സംസാരിക്കേണ്ടത്. ടീമിന്റെ മൊത്തം പ്രകടനത്തെ വിലയിരുത്തിക്കൊണ്ടാണ് വിജയികളെ നിശ്ചയിക്കുന്നത്. ഫൊറോനയിൽ ഒന്നാം സ്ഥാനം നേടിയ ഒരു ടീമിനെ അതിരൂപതയിൽ മത്സരിപ്പിക്കാവുന്നതാണ്. വിഷയം അര മണിക്കൂർ മുമ്പ് നൽകുന്നതാണ്.

## തിരുശേഷിപ്പ് പ്രയാണവും വിശുദ്ധപദവി പ്രഖ്യാപനവും

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ തലശ്ശേരിയിൽനിന്ന് ആരംഭിച്ച് പാടാംകവലയിൽ സമാപിച്ച മദർതെരേസ വിശുദ്ധപദവി പ്രഖ്യാപന തിരുശേഷിപ്പ് പ്രയാണത്തിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## മെഗാക്വിസ്

മദർതെരേസയുടെയും ചാവറപിതാവിന്റെയും അനുസ്മരണ മെഗാക്വിസിന്റെ അവസാന റൗണ്ട് കോഴിക്കോട് ചാവറകൾച്ചറൽ സെന്ററിൽ വച്ച് ഓഗസ്റ്റ് 27-ാം തീയതി നടത്തപ്പെട്ടു. കാഞ്ഞങ്ങാട് ഫൊറോനയിലെ ജോർജ് ഏറ്റുമാനൂർകാരൻ, പ്രിയ ഏറ്റുമാനൂർകാരൻ എന്നിവർക്ക് 4-ാം സ്ഥാനം ലഭിച്ചു. പ്രത്യേകം അഭിനന്ദനങ്ങൾ.

## സമ്മാനാർഹരായവർ

724 ടീമിനെ പങ്കെടുപ്പിച്ച തലശ്ശേരി അതിരൂപതയ്ക്ക് ഏറ്റവുംകൂടുതൽ ടീമിനെ പങ്കെടുപ്പിച്ചതിനുള്ള സമ്മാനവും തലശ്ശേരി അതിരൂപതയിൽ ഏറ്റവുംകൂടുതൽ ടീമിനെ പങ്കെടുപ്പിച്ച ശ്രീകണ്ഠാപുരം, ലിസിഗിരി ഇടവ

കയ്ക്ക് ഒന്നും രണ്ടും സ്ഥാനവും ലഭിച്ചു. കൂടാതെ 20 ടീമിൽ കൂടുതൽ മത്സരാർത്ഥികളെ പങ്കെടുപ്പിച്ച ലിസിഗിരി, ചെമ്പേരി, നെല്ലിക്കുറ്റി, എണ്ണപ്പാറ, മാലോം, പേരാവൂർ, കൊളക്കാട്, ചെങ്ങോം, ആനറ, ഉളിക്കൽ, അങ്ങാടിക്കടവ്, കരയത്തുംചാൽ, ശ്രീകണ്ഠാപുരം, വിളക്കന്നൂർ, വെണ്ണക്കൽ, പൈസക്കരി എന്നീ ഇടവകകൾ സമ്മാനാർഹരായി.

## ഫൊറോനതല വിജയികൾ

ആഗസ്റ്റ് 7-ന് നടന്ന മെഗാക്വിസിൽ അതിരൂപതാതലത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിച്ചവർ

1. ചെമ്പന്തൊട്ടി ഫൊറോന – ചെമ്പന്തൊട്ടി ഇടവക

I st a) അന്നമ്മ കൊന്നക്കൽ
b) സിസിലി ആലപ്പാട്ട്

II nd a) അജയ് പൂവൻപുഴ –കോട്ടൂർ ഇടവക
b) ജിറ്റിൻ പുലിക്കോട്ടിൽ

2. കാഞ്ഞങ്ങാട് ഫൊറോന – കാഞ്ഞിരടുക്കം ഇടവക

I st a) ജോർജ് മാത്യു ഏറ്റുമാനൂർക്കാരൻ
b) സുപ്രിയ മാത്യു ഏറ്റുമാനൂർക്കാരൻ

II nd a) ശില്പ ടോം കാട്ടുപറമ്പിൽ – എണ്ണപ്പാറ ഇടവക
b) ശിൻജ ടോം കാട്ടുപറമ്പിൽ

3. പേരാവൂർ ഫൊറോന – പേരാവൂർ ഇടവക

I st a) ഡൈന നാഗമറ്റത്തിൽ
b) ഡെനിൽ നാഗമറ്റത്തിൽ

II nd a) അലീന കല്ലിടുക്കനാനിക്കൽ – പേരാവൂർ ഇടവക
b) അഞ്ജു വടക്കേപ്പറമ്പിൽ

4. എടൂർ ഫൊറോന – എടപ്പുഴ ഇടവക

I st a) ആൽഫിമോൾ ഒറ്റത്തെങ്ങുങ്കൽ
b) ലിന്റു ഒറ്റത്തെങ്ങുങ്കൽ

II nd a) ജോയിസ് ജോണി കല്ലങ്കിയിൽ – വട്ട്യറ ഇടവക
b) സ്നേഹ സാബു തുണ്ടിയിൽ

5. തളിപ്പറമ്പ് ഫൊറോന – തലശ്ശേരി ഇടവക

I st a) ദിവ്യ വർഗ്ഗീസ് മുളവരിക്കൽ
b) ശ്രുതി അറയ്ക്കൽ

II nd a) ട്രീസ കാരക്കാട്ട് – മേലെചൊവ്വ ഇടവക
b) തെരേസ കാക്കനാട്ട്

6. വെള്ളരിക്കുണ്ട് ഫൊറോന - മാലോം ഇടവക

I[st] a) സി. ജെസിൽ തൈക്കുന്നുംപുറം

b) സി. ടെസിൻ പുതിയിടത്ത്

II[nd] a) മരിയറ്റ് പുരയിടത്തിൽ- മാലോം ഇടവക

b) ബ്രിജിത്ത് കൂവയ്ക്കൽ

7. പൈസക്കരി ഫൊറോന - ആടാംപാറ ഇടവക

I[st] a) നോയ്സി ചോലങ്കരിയിൽ

b) ജോസ്നി അമരക്കാട്ട്

II[nd] a) ത്രേസ്യാമ്മ കുടക്കച്ചിറ - പൈസക്കരി ഇടവക

b) എലിസബത്ത് പടുപുരയ്ക്കൽ

8. ആലക്കോട് ഫൊറോന - ഒറ്റത്തൈ ഇടവക

I[st] a) ഏയ്ഞ്ചൽ മാട്ടേൽ

b) ലിഥിയ പാലത്തുങ്കൽ

II[nd] a) മേരി ഇടത്തിനകം - മണക്കടവ് ഇടവക

b) അന്നക്കുട്ടി ഇടക്കരക്കണ്ടത്തിൽ

9. മേരിഗിരി ഫൊറോന - കോടോപ്പള്ളി ഇടവക

I[st] a) ഷിജോ പട്ടർകണ്ടത്തിൽ

b) നിസിമോൾ വർഗ്ഗീസ്

II[nd] a) ഷിൻസി നമ്പ്യാപറമ്പിൽ - മേരിഗിരി ഇടവക

b) അഞ്ജലി നമ്പ്യാപറമ്പിൽ

10. ചെറുപുഴ ഫൊറോന - ചെറുപുഴ ഇടവക

I[st] a) അഖില അന്ന കുന്നുംപുറത്ത്

b) ജ്യോതിസ് കൊല്ലമ്പറമ്പിൽ

II[nd] a) സന്തോഷ് പരിമണത്തട്ടേൽ - മുളപ്ര ഇടവക

b) സൂര്യ പരിമണങ്ങേട്ടേൽ

11. പനത്തടി ഫൊറോന - പടുപ്പ് ഇടവക

I[st] a) പ്രീത പയ്യനാട്ട്

b) ദിവ്യ ചേന്നാട്ട്

II[nd] a) സിജിന വള്ളിമല - മാനടുക്കം ഇടവക

b) സിൽജ വള്ളിമല

12. കുന്നോത്ത് ഫൊറോന - കിളിയന്തറ ഇടവക

I[st] a) ജിസ്മോൾ പരുത്തിപ്പള്ളിക്കുന്നേൽ

b) സ്നേഹമോൾ മലയാറ്റിൽ

IInd a) ജോയൽ വയലാമണ്ണിൽ - അങ്ങാടിക്കടവ് ഇടവക
b) വിൻസെന്റ് കുറ്റാരപ്പള്ളിൽ

13. വായാട്ടുപറമ്പ് ഫൊറോന - കരുവഞ്ചാൽ
Ist a) മാഗി മറ്റപ്പള്ളിൽ
b) ട്രീസ ഓലിക്കൽ

IInd a) ജോവാൻ ഏത്തക്കാട്ട് - കരുണാപുരം ഇടവക
b) ജുവാൻ മരിയ തെക്കേമുറിയിൽ

14. ചെമ്പേരി ഫൊറോന - അരീക്കമല ഇടവക
Ist a) റോസ് മേരി പാറത്തലയ്ക്കൽ
b) റോസ് മേരി പുളിക്കൽ

IInd a) എലിസബത്ത് കട്ടിക്കാനായിൽ - കനകക്കുന്ന് ഇടവക
b) കാതറിൻ നെല്ലുവേലിൽ

15. നെല്ലിക്കാംപൊയിൽ ഫൊറോന - ആനറ ഇടവക
Ist a) ഏലിയാമ്മ പ്ലാത്തോട്ടത്തിൽ
b) ട്രീസ പ്ലാത്തോട്ടത്തിൽ

IInd a) മേരി ഊഴിയാമന്നത്ത് - മണിക്കടവ് ഇടവക
b) ട്രീസ ഊഴിയാമന്നത്ത്

16. തോമാപുരം ഫൊറോന - തോമാപുരം ഇടവക
Ist a) അഖിൽ കോട്ടയിൽ
b) അലൻജോസ് ടോം വേലംകുന്നേൽ

IInd a) ക്രിസ്റ്റീന മരിയ പ്ലാക്കാട്ട് - വരക്കാട് ഇടവക
b) ആൻസ് മരിയ ഉഴത്തുവാൽ

**20 ടീമിൽ കൂടുതൽ രജിസ്ട്രേഷൻ നടത്തിയ ഇടവകകളുടെ റിസൾട്ട്**

1. മാലോം ഇടവക
Ist a) സി. ജെസിൻ തൈക്കുന്നുംപുറം
b) സി. ടെസിൻ പുതിയിടത്ത്

IInd a) മരിയറ്റ് പുതിയിടത്തിൽ
b) ബ്രിജിത്ത് കൂവയ്ക്കൽ

2. പേരാവൂർ ഇടവക
Ist a) ഡൈന നാഗമറ്റത്തിൽ
b) ഡെസിൻ നാഗമറ്റത്തിൽ

IInd a) അലീന കല്ലിടുക്കനാനിക്കൽ
b) അഞ്ജു വടക്കേപ്പറമ്പിൽ

3. കൊളക്കാട് ഇടവക

- Ist a) അമൽ എളമ്പാശ്ശേരി
  - b) അനു എളമ്പാശ്ശേരി
- IInd a) അശ്വതി മരിയ കാരിക്കുന്നേൽ
  - b) അനിറ്റ് പോളച്ചിറയ്ക്കൽ

4. ചെങ്ങോം ഇടവക

- Ist a) റോബിൻ പാലിയത്തിൽ
  - b) റോണിയ പാലിയത്തിൽ
- IInd a) എലിസബത്ത് വടക്കേപ്പുറത്ത്
  - b) മേരി കുളവടിത്തറ

5. ചെമ്പേരി ഇടവക

- Ist a) മരിയ ഓണയാത്തുംകുഴിയിൽ
  - b) എലിസബത്ത് മേരി കിഴക്കേതലയ്ക്കൽ
- IInd a) അൽഫോൻസ പാറത്താനത്ത്
  - b) എലിസബത്ത് കളരിക്കൽ

6. നെല്ലിക്കുറ്റി ഇടവക

- Ist a) ട്രീസ പ്ലാവിലപുത്തൻവീട്ടിൽ
  - b) മരിയ പരിന്തിരിക്കൽ
- IInd a) അന്നമ്മ പള്ളത്തുകുഴിയിൽ
  - b) അന്നമ്മ ഒറ്റത്തെങ്ങിൽ

7. ലിസിഗിരി ഇടവക

- Ist a) സിനി തെള്ളിക്കാലായിൽ
  - b) സീന വടകര
- IInd a) സി. ക്രിസ്റ്റാ മരിയ എസ്.കെ.ഡി.
  - b) സി. ആൽഫി ലൂക്ക എസ്.കെ.ഡി.

8. ഉളിക്കൽ ഇടവക

- Ist a) അങ്കിത തുരുത്തേൽ
  - b) നന്ദിന തുരുത്തേൽ
- IInd a) എലിസബത്ത് കുഴിവേലിൽ
  - b) ട്രീസ കുഴിവേലിൽ

9. ആനറ ഇടവക

- Ist a) ഏലിയാമ്മ പ്ലാത്തോട്ടത്തിൽ
  - b) ട്രീസ പ്ലാത്തോട്ടത്തിൽ

II$^{nd}$ a) റാണി മരിയ കുന്നിന്
b) ഡെൽന കുന്നിന്

10. അങ്ങാടിക്കടവ് ഇടവക

I$^{st}$ a) ജോയൽ വയലാമണ്ണിൽ
b) വിൻസെന്റ് കൂറ്റാരപ്പിള്ളിൽ

II$^{nd}$ a) ജോർജ് തണങ്ങാട്
b) ജോസ് മമ്പള്ളിക്കുന്നേൽ

11. എണ്ണപ്പാറ ഇടവക

I$^{st}$ a) ശിൽപ ടോം കാട്ടുപറമ്പിൽ
b) ശിൻജ ടോം കാട്ടുപറമ്പിൽ

II$^{nd}$ a) അഞ്ജു ചിറ്റേട്ട്തടത്തിൽ
b) ജൂബി മലയാറ്റിൽ

12. വിളക്കന്നൂർ ഇടവക

I$^{st}$ a) അനറ്റ് ടോം കണിവേലിൽ
b) അനില ടോം കണിവേലിൽ

II$^{nd}$ a) മരിയ ചെട്ടിക്കാട്ട്
b) കാതറിൻ ഇളംപ്ലാക്കൽ

13. വെണ്ണക്കല്ല് ഇടവക

I$^{st}$ a) സുബിൻ പയ്യപ്പള്ളി
b) ജനിഷ പയ്യപ്പള്ളി

II$^{nd}$ a) ദിയ കുറുപ്പൻവീട്ടിൽ
b) ദിൽന കുറുപ്പൻവീട്ടിൽ

14. ശ്രീകണ്ഠാപുരം ഇടവക

I$^{st}$ a) അജയ് പൂവൻപുഴ സി.എസ്.ടി.
b) ജിറ്റിൻ പുലിക്കോട്ടിൽ സി.എസ്.ടി.

II$^{nd}$ a) ജോബിൻ കൊച്ചുപറമ്പിൽ
b) ജെസ്റ്റിൻ പടിക്കര

15. കരയത്തുംചാൽ ഇടവക

I$^{st}$ a) മേരി കുഴിവേലിപ്പറമ്പിൽ
b) മാത്യു കുഴിവേലിപ്പറമ്പിൽ

II$^{nd}$ a) അൽഫോൻസ കളപ്പുരയ്ക്കൽ
b) ഫൗസ്റ്റീന കളപ്പുരയ്ക്കൽ

16. പൈസക്കരി ഇടവക

I[st] a) ത്രേസ്യാമ്മ കുടക്കച്ചിറ
b) എലിസബത്ത് പടുപുരയ്ക്കൽ

II[nd] a) മെർളിൻ തുടിയൻപ്ലാക്കൽ
b) എലിസബത്ത് ചേന്നാട്ട്

**NB:** സമ്മാനാർഹരായവർക്ക് ഒക്ടോബർ 11ന് കോട്ടൂർവച്ച് നടക്കുന്ന കലോത്സവത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽവച്ച് ട്രോഫികൾ വിതരണം ചെയ്യുന്നതായിരിക്കും. എല്ലാവിജയികൾക്കും തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ.

## യൂണിറ്റ് വാർത്തകൾ

### കോട്ടൂർവയൽ

കോട്ടൂർവയൽ കെസിവൈഎം യുവജനങ്ങൾ ചേപ്പറമ്പ് ചെമ്പേരിവഴി തണൽമരങ്ങൾ നട്ടും മദർതെരേസയുടെ വിശുദ്ധ പ്രഖ്യാപനത്തോട് ചേർന്ന് നെല്ലിക്കുന്ന് വൃദ്ധമന്ദിരത്തിൽ പൊതിച്ചോറു നല്കിയും അഗതതിമന്ദിരം സന്ദർശിച്ചും മാതൃകയായി. ബഹു. വികാരിയച്ചനും ആനിമേറ്റേഴ്സും നേതൃത്വം നല്കി.

## ശ്രീകണ്ഠാപുരം

ശ്രീകണ്ഠാപുരം യൂണിറ്റിലെ കെസിവൈഎം യുവജനങ്ങൾ പള്ളി പരിസരത്ത് വൃക്ഷതൈകൾ നട്ടു. ബഹു. നോബിൾ പന്തലാടി അച്ചനും ആനിമേറ്ററും ശ്രീകണ്ഠാപുരം മുൻസിപ്പൽ കൗൺസിലർ ജോസഫീന ടീച്ചറും നേതൃത്വം നല്കി.

മദർതെരേസയുടെ ജീവകാരുണ്യ പ്രവൃത്തിയെ അനുസ്മരിച്ചു കൊണ്ട് യുവജനങ്ങൾ വെമ്പുവ തെരേസ ഭവനിലെ മാനസിക രോഗികൾക്ക് പൊതിച്ചോറു നല്കിയും അവർക്ക് വേണ്ട സഹായം നല്കിയും ശുശ്രൂഷിച്ചും അവരോടൊപ്പം പങ്കുചേർന്നു. കരുണയുടെ ഈ വർഷം കാരുണ്യത്തിന്റെ മുഖമായി മാറിയ കോട്ടൂർവയലിലെയും ശ്രീകണ്ഠാപുരം ഇടവകയിലെയും യുവജനങ്ങൾക്ക് തലശ്ശേരി അതിരൂപതയുടെ പ്രത്യേക അഭിനന്ദനങ്ങൾ.

*"ഏറ്റവും പ്രധാനപ്പെട്ട കാര്യം ദൃഢനിശ്ചയത്തോടെ തുടങ്ങുക എന്നതാണ്" (ആവിലായിലെ വിശുദ്ധ തെരേസ)*

സ്നേഹപൂർവ്വം

**ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ**
യുവജന ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## 1. MGC - 2016

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| OCTOBER | 04 - 06 | Nil | 25 - 27 |
| NOVEMBER | 01 - 03 | 09 - 11 | 22 - 24 |
| DECEMBER | 13 - 15 | 01 - 03 | 06 - 08 |

## MGC - 2017

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| JANUARY | 3 - 5 | 17 - 19 | 24 - 26 |
| FEBRUARY | 7 - 9 | 21 - 23 | Nil |
| MARCH | 7 - 9 | 21 - 23 | Nil |
| APRIL | 4 - 6 | 18 - 20, 25 - 27 | Nil |
| MAY | 2 - 4 | 16 - 18, 23 - 25 | Nil |
| JUNE | Nil | 13 - 15 | 27 - 29 |
| JULY | 4 - 6 | Nil | 25 - 27 |
| AUGUST | 8 - 10 | Nil | 22 - 24 |
| SEPTEMBER | Nil | 12 - 14 | 26 - 28 |
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

1. 2016 മാർച്ച് മാസം മുതൽ കെ.സി.ബി.സി. ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.ജി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

2. കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ 400 രൂപ മുൻകൂർ അടച്ച് (മണി ഓർഡർ/സെന്ററുകളിൽ നേരിട്ടുള്ള രജിസ്ട്രേഷൻ) പേര് രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. ബുക്ക് ചെയ്തതിനു ശേഷം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിലേക്ക് വിളിച്ചറിയിക്കുന്ന കാര്യം അവരെ ഓർമ്മിപ്പിക്കുമല്ലോ. സീറ്റ് ഉണ്ട് എന്ന് ഉറപ്പുവരുത്തിയ

തിനുശേഷം ബുക്ക് ചെയ്താൽ മതിയാവുന്നതാണ്. ബാങ്ക് ട്രാൻസ്ഫറിലൂടെയും ബുക്ക് ചെയ്യാം.

Account No : Director, Family Apostolate
South Indian Bank, Thalassery
A/c No : 0078053000073775
IFSC - SIBL 0000078

For details please contact : Ph: 0490 2343414, Mob:9400206974

3. 2016 നവംബർ മാസം 8,9,10 തിയ്യതികളിലായി പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പള്ളിയിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന എം.ജി.സി കോഴ്സ് നവംബർ 9,10,11 (ബുധൻ, വ്യാഴം, വെള്ളി) ദിവസങ്ങളിലേക്ക് ചില പ്രത്യേക കാരണങ്ങൾ മൂലം മാറ്റി വച്ചിരിക്കുന്ന കാര്യം ബഹു. അച്ചന്മാർ ഇടവകകളിൽ അറിയിക്കുമല്ലോ.

## 4. വിവാഹ ഒരുക്ക സെമിനാർ

771 എം.ജി.സി കോഴ്സ് പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ദേവാലയത്തിൽ വച്ച് സെപ്റ്റം. 5-7 തീയതികളിൽ നടത്തപ്പെട്ടു. 3 ദിവസങ്ങളിലായി നടത്തപ്പെട്ട കോഴ്സിൽ 64 ആൺകുട്ടികളും 65 പെൺകുട്ടികളും ഉൾപ്പെടെ ആകെ 129 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി പ്രാർത്ഥിച്ച് ഒരുങ്ങി.

## 5. എം.ജി.സി പേരന്റ്സ് മീറ്റ്

എം.ജി.സി കോഴ്സ് കൂടിയ 771-ാം ബാച്ചിലെ യുവതീ യുവാക്കളുടെ മാതാപിതാക്കളുടെ സമ്മേളനം പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ദേവാലയത്തിൽവച്ച് സെപ്റ്റംബർ 7 ന് നടത്തപ്പെട്ടു. മക്കളുടെ ദാമ്പത്യജീവിതത്തെ ദൃഢതരമാക്കുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്കിനെക്കുറിച്ച് ഫാ.അബ്രാഹം പുതുശ്ശേരി ക്ലാസെടുത്തു. 200 പേർ പങ്കെടുത്തു.

## 2. മാതൃവേദി

### 1. ജ്വാല - മാതൃവേദി പ്രതിനിധി സമ്മേളനങ്ങൾ

| തീയതി | മേഖല | പങ്കെടുക്കേണ്ടവർ | സമയം |
|---|---|---|---|
| നവംബർ 5 | മേരിഗിരി | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| ഡിസംബർ 3 | പേരാവൂർ | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| ഡിസം. 10 | വായാട്ടുപറമ്പ് | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |

### 1. ചീക്കാട് ഇടവക - സമ്പൂർണ്ണ മാതൃവേദി

സെപ്റ്റംബർ 8-ാം തീയതി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരിയുടെ നേതൃത്വത്തിൽ നടന്ന മീറ്റിം

ഗിൽ സമ്പൂർണ്ണ ഇടവകയായി ചീക്കാട് ഇടവകയെ പ്രഖ്യാപിച്ചു. തുടർന്ന് അമ്മമാർക്കായി ദിവ്യബലിയർപ്പിക്കുകയും ക്ലാസെടുക്കുകയും ചെയ്തു. അമ്മമാരുടെ നേതൃത്വത്തിൽ ജപമാല പ്രദക്ഷിണറാലി സംഘടിപ്പിച്ചു. എല്ലാ കാര്യത്തിനും നേതൃത്വം നൽകിയ ബഹു. വികാരി അച്ചനും സിസ്റ്റർമാർക്കും അതിരൂപതാ മാതൃവേദിയുടെ അഭിനന്ദനങ്ങൾ.

## 2. ജൂബിലി ദമ്പതീ സംഗമം, ജ്വാല - ആലക്കോട് മേഖല

2016 സെപ്റ്റംബർ 10-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് തലശ്ശേരി അതിരൂപതയിൽ 2016 വർഷത്തിൽ വിവാഹത്തിന്റെ രജത - സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ആലക്കോട് മേഖലയിലുള്ള ദമ്പതികളുടെ സംഗമം ആലക്കോട് സെന്റ് മേരീസ് പള്ളിയിൽവച്ച് നടന്നു. ആലക്കോട് ഫൊറോന വികാരി വെരി റവ. ഫാ ആന്റണി ആനക്കല്ലിൽ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ മേഖലാ ഡയറക്ടർ ഫാ. ജോസഫ് കീച്ചൻകേരിയിൽ ഏവരെയും സ്വാഗതം ചെയ്തു. മാതൃവേദി മേഖലാ പ്രസിഡണ്ട് ശ്രീമതി ജാൻസി സാബു ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ അനുഗ്രഹപ്രഭാഷണം നടത്തി. ആലക്കോട് അസി. വികാരി ഫാ. സ്ക്കറിയ വരമ്പകത്ത്, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. ലിയ റോസ് സി.എച്ച്.എഫ്. എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ചടങ്ങിൽ 50 ദമ്പതികളും മാതൃവേദി ആലക്കോട് മേഖലാ ഭാരവാഹികളും, മേഖലയിലെ എല്ലാ യൂണിറ്റുകളിൽ നിന്നുള്ള ഭാരവാഹികളും ആനിമേറ്റർമാരും പങ്കുചേർന്നു. തുടർന്ന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി മാതൃവേദി അംഗങ്ങൾക്കായുള്ള ചർച്ചയും പ്ലാനിംഗ് സെക്ഷനും നയിച്ചു. മാതൃവേദി മേഖലാ ആനിമേറ്റർ സി.അനുപമ എസ്.ഡി. ഏവർക്കും നന്ദി രേഖപ്പെടുത്തിയതോടെ ചടങ്ങിന് സമാപനമായി.

## 3. ഹരിതം 2016

നമ്മുടെ നൂതന ഭക്ഷണ ക്രമ ശൈലികൾ നമ്മുടെ ആരോഗ്യത്തെയും ആയുസിനേയും പ്രതികൂലമായി ബാധിക്കുന്നു. ഇത്തരുണത്തിൽ വിഷവിമുക്തമായ പച്ചക്കറികളുടെ ഉല്പാദനത്തിനും ഉപയോഗത്തിനും നാം കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്. അതിനുവേണ്ടി എല്ലാ വീടുകളിലും ജൈവ അടുക്കള തോട്ടങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഒക്ടോബർ മുതൽ ജനുവരി വരെ കൃഷി ചെയ്യുന്ന പച്ചക്കറിത്തോട്ടങ്ങളിൽ ഏറ്റവും മികച്ചവ മേഖലാതലത്തിൽ കണ്ടെത്തി സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുന്നു. മാതൃവേദിയുടെ മേഖലാ ഭാരവാഹികൾ താല്പര്യപൂർവ്വം ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തണമെന്ന് താല്പര്യപ്പെടുന്നു.

## 4. ക്ലാസുകൾ, സെമിനാറുകൾ

പാത്തൻപാറ, കരിവേടകം, വിമലഗിരി എന്നീ ഇടവകകളിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി അമ്മമാർക്കായി ക്ലാസുകൾ നടത്തുകയും വി.കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

### 5. പ്രാർത്ഥനാ ദിനം – കുന്നോത്ത് മേഖല

മാതൃവേദി കുന്നോത്ത് മേഖല ഡയറക്ടർ ബഹു. മാത്യു പരവരാകത്ത് അച്ചന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 13 ശനിയാഴ്ച പ്രാർത്ഥനാദിനം ആചരിച്ചു. പേരട്ട ഇടവകപള്ളിയിൽ ദിവ്യകാരുണ്യ സന്നിധിയിൽ കുന്നോത്ത് മേഖലയിലെ വിവിധയൂണിറ്റുകളിൽ നിന്നുള്ള അമ്മമാർ ഒന്നിച്ചുകൂടി, ആരാധനയും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി. ലോകമെങ്ങും ക്രൈസ്തവ വിശ്വാസികൾ പീഢിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ പ്രതിസന്ധികളിൽ തളരാതെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാനും ക്രിസ്തു സാക്ഷികളായി രക്തസാക്ഷിത്വം വരിക്കാനുമുള്ള കൃപയ്ക്കുവേണ്ടിയും ഭീകരപ്രവർത്തകരുടെ മാനസാന്തരത്തിനുവേണ്ടിയും പ്രത്യേകം നിയോഗത്തോടെ പ്രാർത്ഥിച്ചു. വിശുദ്ധ ബലിയർപ്പണത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

### 6. ജ്വാല പനത്തടി മേഖല

പനത്തടി മേഖലയുടെ ജ്വാല പ്രോഗ്രാം പനത്തടി പള്ളി ഓഡിറ്റോറിയത്തിൽവച്ച് ആഗസ്റ്റ് 27-ാം തീയതി രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ നടത്തപ്പെട്ടു. പനത്തടി മേഖലാ ആനിമേറ്റർ സ്വാഗതം ആശംസിച്ച പ്രോഗ്രാമിന് പനത്തടി മേഖല മാതൃവേദി പ്രസിഡണ്ട് ശ്രീമതി ബീന ജോസ്കുട്ടി അദ്ധ്യക്ഷത വഹിച്ചു. ചടങ്ങ് പനത്തടി ഫൊറോന വികാരി റവ. ഫാ. തോമസ് പൈമ്പള്ളി ഉദ്ഘാടനം ചെയ്തു. തുടർന്ന് ജയഗിരി ഇടവക വികാരി ഫാ. മാത്യു കോണിക്കൽ ക്ലാസ് നയിച്ചു. തുടർന്ന് ചർച്ചയും പ്ലാനിംഗ് സെക്ഷനും നടന്നു. യൂണിറ്റ് ഭാരവാഹി ശ്രീമതി ഷാന്റി ചടങ്ങിന് നന്ദിയർപ്പിച്ചു.

### 7. മാതൃവേദി കലോത്സവം 2016 – മത്സരത്തിനുള്ള നിബന്ധനകൾ

1. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക്, യൂണിഫോം സാരി, ബാഡ്ജ്, ഫോട്ടോ പതിച്ച അതിരൂപതാ ഓഫീസിൽ നിന്നും ലഭിച്ച അംഗത്വകാർഡ് എന്നിവ ഉണ്ടായിരിക്കണം.
2. മേഖലകളിൽ ഫസ്റ്റ് കിട്ടിയവരെ മാത്രമാണ് അതിരൂപതാമത്സരത്തിന് അയയ്ക്കേണ്ടത്. അവർക്ക് എന്തെങ്കിലും കാരണത്താൽ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നാൽ മേഖലാഡയറക്ടറുടെ കത്തോടുകൂടി രണ്ടാം സ്ഥാനക്കാർക്ക് പങ്കെടുക്കാവുന്നതാണ്. ഇക്കാര്യം ഓഫീസിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
3. ഗ്രൂപ്പ് മത്സരങ്ങളിൽ വിജയികളായ വ്യക്തികൾ തന്നെ രൂപതാമത്സരത്തിലും പങ്കുചേരേണ്ടതാണ്. പകരക്കാരെ അയയ്ക്കരുത്. മത്സരത്തിൽ പങ്കുചേരുന്ന എല്ലാവരുടെയും പേരുകൾ മുൻകൂട്ടി അയച്ചുതരേണ്ടതാണ്.
4. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. പരാതികളുണ്ടെങ്കിൽ അതാതു മത്സരത്തിനുശേഷം 15 മിനിറ്റിനുള്ളിൽ രേഖാമൂലം 250 രൂപ ഫീസോടുകൂടി ഡയറക്ടറുടെ പക്കൽ പരാതി സമർപ്പിക്കേണ്ടതാണ്. നിലനിൽക്കുന്ന പരാതിയെങ്കിൽ പണം തിരിച്ചു നൽകും.

5. ഒരു മാതൃവേദി അംഗത്തിന് 1 സാഹിത്യമത്സരത്തിലും, 2 സിംഗിൾ ഐറ്റങ്ങളിലും 1 ഗ്രൂപ്പ് ഐറ്റത്തിലും പങ്കെടുക്കാവുന്നതാണ്.
6. ഗ്രൂപ്പ് ഐറ്റത്തിന് 7 പേർ നിർബന്ധമായും ഉണ്ടായിരിക്കണം.
7. അതിരൂപതാ ഭാരവാഹികൾ മത്സരങ്ങളിൽ പങ്കുചേരുന്നില്ല.
8. രജിസ്ട്രേഷൻ ഫീസ് - സിംഗിൾ ഐറ്റം - 30 രൂപ
   - ഗ്രൂപ്പ് ഐറ്റം - 70 രൂപ
9. അതിരൂപതാ നിയമാവലി അനുസരിച്ച് 15 അംഗങ്ങൾ എങ്കിലും ഒരു യൂണിറ്റിൽ ഉണ്ടായിരിക്കണം. (p.19) അതിൽ കുറവുള്ള യൂണിറ്റുകൾക്ക് അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാനാകില്ല.
10. വികാരിയച്ചന്മാരുടെ ഒപ്പും പള്ളിയുടെ സീലുമുള്ള മത്സരാർത്ഥികളുടെ പ്രായം തിരിച്ചുള്ള ലിസ്റ്റ് മത്സരത്തിനു മുമ്പ് മേഖലയിലും, പിന്നീട് രൂപതയിലും എത്തിക്കണം. പ്രായപരിധി തെളിയിക്കാൻ ഈ കത്ത് നിർബന്ധമാണ്.

## 8. യൂണിറ്റ് മേഖലാ അതിരൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

ഇപ്പോഴുള്ള മാതൃവേദി ഭാരവാഹികളുടെ കാലാവധി തീരാറായിരിക്കുന്നതിനാൽ ഒക്ടോബർ മാസത്തിൽ യൂണിറ്റുകളിലും നവംബറിൽ മേഖലകളിലും ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തുവാൻ ഡയറക്ടേഴ്സും ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ. ഡിസംബർ മാസത്തിൽ നടത്തുന്ന അതിരൂപതാ ജനറൽ ബോഡി മീറ്റിംഗിൽ വച്ച് പുതിയ അതിരൂപതാ ഭാരവാഹികളെയും സെനറ്റംഗങ്ങളെയും തിരഞ്ഞെടുക്കുന്നതാണ്. മാതൃവേദിയുടെ മേഖലാ പ്രസിഡണ്ടുമാരായിരിക്കും ഇനിമുതൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ.

## 9. മരിയൻ സിംഗിൾസ് മീറ്റ് - സന്ദേശഭവൻ

തലശ്ശേരി അതിരൂപതയുടെ മരിയൻ സിംഗിൾസിന്റെ ഒരു സംഗമം ആഗസ്റ്റ് 23, 24 തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. 23-ാം തിയ്യതി വൈകുന്നേരം 6.30 ന് പരി. അമ്മയുടെ ജപമാലയോടെ ആരംഭിച്ച സംഗമത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദർ സെബിൻ മറ്റപ്പള്ളിൽ കരുണയുടെ വർഷത്തിൽ ദൈവകരുണ വ്യക്തി ജീവിതത്തിൽ എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നടത്തി. തുടർന്ന് സിംഗിൾസിനായി രൂപതാതലത്തിൽ നടക്കുന്ന ബൈബിൾ ക്വിസിനുള്ള ഭാഗങ്ങളെക്കുറിച്ചുള്ള ക്ലാസും ബ്രദറിന്റെ നേതൃത്വത്തിൽ നടന്നു. ശേഷം ഫാ. അബ്രാഹം പുതുശ്ശേരി ഏവരെയും അഭിസംബോധന ചെയ്യുകയും തുടർപരിപാടികളെക്കുറിച്ച് ചർച്ച നടത്തുകയും ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് അവസാനിച്ചു.

### 10. ഹോംമിഷൻ

തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഹോളിഫാമിലി കോൺഗ്രിഗേഷന്റെ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ട്രെയിനിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കുടുംബ പ്രേഷിതരംഗത്ത് പരിശീലനം നേടിയ 28 സിസ്റ്റേഴ്സ് തലശ്ശേരി അതിരൂപതയിലെ അറബി, മാനടുക്കം, വിമലഗിരി, പടുപ്പ് എന്നീ ഇടവകകളിൽ ആഗസ്റ്റ് 20 മുതൽ സെപ്റ്റംബർ 8 വരെ ഹോം മിഷൻ നടത്തി. അതിരൂപതാ ടീം കടുമേനി, വെമ്പുവ, ഒറ്റത്തൈ എന്നീ ഇടവകകളിലും ഹോം മിഷൻ നടത്തി. തകർന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കാനും വർഷങ്ങളായി കൂദാശകളിൽ നിന്ന് അകന്നുനിൽക്കുന്നവരെ മാനസാന്തരത്തിലേക്ക് നയിക്കാനും കുടുംബത്തിലുള്ളവർ തമ്മിലും അയൽക്കുടുംബങ്ങളുമായും ഇടവകയുമായും സ്നേഹത്തിലേക്കും സൗഹാർദ്ദത്തിലേക്കും നയിക്കുവാനും സിസ്റ്റേഴ്സിന്റെ പ്രവർത്തനം കാരണമായി. പുതിയ ആത്മീയ ഉണർവ്വിലേക്ക് ഇടവകമൊത്തത്തിൽ കടന്നുവരാനും സാധ്യമായി എന്നത് വലിയ ദൈവാനുഗ്രഹമായി. ഇടവകയിൽ എല്ലാ സൗകര്യങ്ങളും ഒരുക്കിയ ബഹു. വികാരിയച്ചന്മാരെ അഭിനന്ദിക്കുന്നു.

### 11. പ്രോലൈഫ് നൈറ്റ് വിജിൽ

തലശ്ശേരി അതിരൂപതാ അമലപ്രോലൈഫിന്റെ നേതൃത്വത്തിൽ ഉളിക്കൽ ഉണ്ണിമിശിഹാപള്ളിയിൽവച്ച് നൈറ്റ് വിജിൽ നടത്തി. ശ്രീ. സണ്ണി കാര്യാടിയിൽ ക്ലാസ് നയിക്കുകയും, സി.മരിയ റോസ് എം.എസ്.എം.ഐ. ആരാധന നയിക്കുകയും ചെയ്തു. ഇടവക വികാരി ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

### 12. വിവാഹത്തോടനുബന്ധിച്ചുള്ള പ്രാർത്ഥനാ ശുശ്രൂഷകൾ

വിവാഹത്തിനൊരുങ്ങുന്ന യുവജനങ്ങളെയും അവരുടെ കുടുംബങ്ങളെയും, അജപാലകരെയും സഹായിക്കാൻ വിവാഹത്തോടനുബന്ധിച്ചുള്ള പ്രാർത്ഥനാശുശ്രൂഷകൾ എന്ന പുസ്തകത്തിന്റെ 5-ാം പതിപ്പ് തയ്യാറായിട്ടുണ്ട്. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ ലഭ്യമാണ്. വില 40 രൂപ.

### 13. കലണ്ടർ 2017

ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ 2017 വർഷത്തെ കലണ്ടർ പ്രസിദ്ധീകരിച്ച് മാതൃവേദിയുടെ മേഖലാകേന്ദ്രങ്ങളിൽ ഏല്പിച്ചിട്ടുണ്ട്. വികാരിയച്ചന്മാർ ചാരിറ്റി കള്ക്ഷനായി മാതൃവേദി യൂണിറ്റുകൾക്ക് ഇത് ഉപയോഗിക്കുന്നതിനെക്കുറിച്ച് പള്ളിയിലറിയിക്കുമല്ലോ. ഒരു കലണ്ടറിന് 13 രൂപാ വീതം മേഖലാതലത്തിൽ ശേഖരിച്ച് അതിരൂപതാ കലോത്സവത്തിനു മുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കണേ.

**ഫാ. അബ്രാഹം പുതുശ്ശേരി**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## ആദരാഞ്ജലി



തൊണ്ടിയിൽ സെന്റ് ജോൺസ് യുപി സ്കൂളിലെ VI-ാം ക്ലാസ് വിദ്യാർത്ഥിനി അലീന മാത്യു 29-08-2016 തിങ്കളാഴ്ച മരിച്ചു. ഈ വിദ്യാർത്ഥിനിയുടെ നിര്യാണത്തിൽ ആദരാഞ്ജലികളർപ്പിക്കുന്നു. മാതാപിതാക്കളെയും അധ്യാപകരെയും സഹപാഠികളെയും അനുശോചനമറിയിക്കുന്നു.

## കോർപ്പറേറ്റ്തല സുവർണ്ണ ജൂബിലി ഗെയിംസ് & അത്‌ലറ്റിക് മത്സരങ്ങൾ

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വിവിധ വിഭാഗങ്ങളിലായി അത്‌ലറ്റിക്, ഗെയിംസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. മേഖലാതല മത്സരങ്ങളിലെ വിജയികൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് വെച്ച് ഫൈനൽ മത്സരങ്ങൾ നടത്തുന്നതാണ്.

ഗെയിംസ് മത്സരങ്ങൾ (വോളിബോൾ, ഫുട്ബോൾ, ബാസ്കറ്റ്ബോൾ, ഷട്ടിൽ, നീന്തൽ) എന്നീ ഇനങ്ങൾ ആൺ, പെൺ വിഭാഗങ്ങളിൽ മേഖലാതലത്തിൽ നടത്തിയതിനുശേഷം ഫൈനൽ മത്സരങ്ങൾ നടത്തുന്നതാണ്. പ്രായമനുസരിച്ച് 12 വയസ്സിനുതാഴെ (ഹൈസ്കൂൾ തലം, ജൂനിയർ) 19 വയസ്സിനു താഴെ (ഹയർസെക്കണ്ടറി തലം, സീനിയർ) എന്നീ കാറ്റഗറികളിലായിരിക്കും ഗെയിംസ് മത്സരങ്ങൾ നടക്കുക.

അത്‌ലറ്റിക് മത്സരങ്ങൾ 14 വയസ്സിനു താഴെ (സബ്ജൂനിയർ) 17 വയസ്സിനുതാഴെ (ജൂനിയർ) 19 വയസ്സിനുതാഴെ (സീനിയർ) എന്നീ കാറ്റഗറികളിലായി ആൺ, പെൺ വിഭാഗം തിരിച്ച് മൂന്ന് മേഖലകളിലായി (തോമാപുരം, ചെമ്പേരി, ഇരിട്ടി) മത്സരം നടത്തുന്നതാണ്. 12 വയസ്സിനു താഴെ വരുന്ന എൽ.പി, യു.പി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മേഖലാതലത്തിൽ മാത്രം മത്സരം നടത്തുന്നതാണ്. മത്സരങ്ങളുടെ മാർഗരേഖ തയ്യാറാക്കുന്നതിന് ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരുടെ പേര് താഴെ കൊടുക്കുന്നു.

പേരാവൂർ : സലിൻ ജോസഫ്, ജോണി.കെടി, ജോൺസൺ കെ.ജെ.
ചെമ്പേരി : വിനു എം.എം, ജോസ് ജോസഫ്
തോമാപുരം: ജോസഫ് എം.എ, ബിജു തോമസ്

പ്രോഗ്രാമിന്റെ നടത്തിപ്പിനുള്ള മേഖലാതല കമ്മിറ്റികൾ പിന്നീട് രൂപീകരിക്കുന്നതാണ്.

**സദ്ഗമയ പി.ടി ചാക്കോ പ്രസംഗ മത്സരം 2016 – വിജയികൾ**

**എടൂർ സെന്റർ എച്ച്എസ്എസ്**

ഒന്നാം സ്ഥാനം – നീരജ പുതിയവീട്ടിൽ – സേക്രട്ട് ഹാർട്ട് എച്ച്എസ്എസ് അങ്ങാടിക്കടവ്

രണ്ടാം സ്ഥാനം – സാന്ദ്ര മരിയ ജോസഫ് – സേക്രട്ട് ഹാർട്ട് എച്ച്എസ്എസ് അങ്ങാടിക്കടവ്

മൂന്നാം „ – ജിസ് മരിയ പി.വി., സെന്റ് മേരീസ് എച്ച്എസ്എസ് എടൂർ

**മേരിഗിരി സെന്റർ എച്ച് എസ് എസ്**

ഒന്നാം സ്ഥാനം – അൽഫോൺസ അൽഫീന ജേക്കബ് വെള്ളരിക്കുണ്ട് എച്ച്എസ്എസ്

രണ്ടാം സ്ഥാനം – സ്റ്റെനി സാജൻ – വായാട്ടുപറമ്പ എച്ച്എസ്എസ്

മൂന്നാം „ – അയോണ എലിസബത്ത് – വായാട്ടുപറമ്പ എച്ച്എസ്എസ്

**എച്ച് എസ് വിഭാഗം – എടൂർ സെന്റർ**

ഒന്നാം സ്ഥാനം – എമിൽ തെരേസ് സെബാസ്റ്റ്യൻ, അങ്ങാടിക്കടവ് എച്ച് എസ്

രണ്ടാം സ്ഥാനം – ഐശ്വര്യ കെ – കുന്നോത്ത് എച്ച്എസ്

മൂന്നാം സ്ഥാനം – നൂറുന്നീസ പി.എം. – കുന്നോത്ത് എച്ച് എസ്

**വായാട്ടുപറമ്പ സെന്റർ**

ഒന്നാം സ്ഥാനം – ജോസ്‌വിൻ ജോണി – വായാട്ടുപറമ്പ എച്ച്എസ്

രണ്ടാം സ്ഥാനം – ഹിൽഡ ജെയിസൺ – ചന്ദനക്കാംപാറ എച്ച്എസ്

മൂന്നാം സ്ഥാനം – ഡോൺ വിൽസൺ – പൈസക്കിരി എച്ച്എസ്

**യു.പി വിഭാഗം – എടൂർ സെന്റർ**

ഒന്നാം സ്ഥാനം – മരിയൻ ജെയിസ് – കരിക്കോട്ടക്കരി യുപി

രണ്ടാം സ്ഥാനം – ഡാരിസ് ബെന്നി – വെളിമാനം യുപി

മൂന്നാം സ്ഥാനം – ടോം തോമസ് – കാപ്പാട് യുപിഎസ്

**വായാട്ടുപറമ്പ സെന്റർ**

ഒന്നാം സ്ഥാനം – ഡോണ മാത്യു – കരൂളടക്കം യുപി

രണ്ടാം സ്ഥാനം – ആൻമരിയ ജോസ് – ചെമ്പേരി യുപിഎസ്

മൂന്നാം സ്ഥാനം – ടാനി എലിസബത്ത് ജോസ് – വായാട്ടുപറമ്പ യുപി

**എൽ പി വിഭാഗം – എടൂർ സെന്റർ**

ഒന്നാം സ്ഥാനം – ലയ സന്തോഷ് – എടൂർ എൽപിഎസ്

രണ്ടാം സ്ഥാനം – ലിസ് മരിയ ബൈജു – അങ്ങാടിക്കടവ് യുപി

മൂന്നാം സ്ഥാനം – ആതിര ടി – വയത്തൂർ യുപി

**വായാട്ടുപറമ്പ സെന്റർ**

ഒന്നാം സ്ഥാനം - അലന്റിയ സി.എസ് - ഫാത്തിമ യു.പി കുടിയാന്മല

രണ്ടാം സ്ഥാനം - റോസ്മേരി അലോഷ്യസ് - വെള്ളരിക്കുണ്ട് എൽപി

മൂന്നാം സ്ഥാനം - ആദിത്യൻ സുനിൽ - മാമ്പൊയിൽ എൽപി

## പ്രോത്സാഹന സമ്മാനങ്ങൾ

**എൽ.പി. വിഭാഗം**

**എടൂർ സെന്റർ**

അന്ന മരിയ ബോബി - മണിക്കടവ് യു.പി.

ക്രൈസ്റ്റ് ആൽവിയ ജോൺസൺ - വീർപാട് യു.പി.

**യു.പി വിഭാഗം**

ഡെൽന എലിസബത്ത് ജസ്റ്റിൻ - തൊണ്ടിയിൽ യു.പി.

ഡെൽവിൻ ഡേവിസ് - അങ്ങാടിക്കടവ് യുപി

**എച്ച്.എസ്. വിഭാഗം**

ആൽവിൻ ടി സണ്ണി - മണിക്കടവ് എച്ച്.എസ്

മിഥുല മാത്യു - കിളിയന്തറ എച്ച്.എസ്

**വായാട്ടുപറമ്പ് സെന്റർ**

**എൽ.പി. വിഭാഗം**

താരാ മനു - വായാട്ടുപറമ്പ് യു.പി.

അമല ജോസ് - കോഴിച്ചാൽ എൽ.പി.

**യു.പി വിഭാഗം**

സാനിയ ജോസഫ് - പാത്തൻപാറ യു.പി.

ആൽബിൻ ആന്റണി - കുടിയാന്മല യു.പി.

**എച്ച്.എസ്. വിഭാഗം**

അഷൽ മരിയ അഗസ്റ്റിൻ - തോമാപുരം എച്ച്.എസ്

അനീന തെരേസ് ജോർജ് - വെള്ളരിക്കുണ്ട് എച്ച്.എസ്

## ഹയർസെക്കണ്ടറി വിഭാഗം

**മേരിഗിരി സെന്റർ**

റാണി മരിയ - വെള്ളരിക്കുണ്ട് എച്ച്എസ്എസ്

റിനു സിബി - തോമാപുരം എച്ച്എസ്.എസ്

**എടൂർ സെന്റർ**

അൻവിയ ജോർജ് - കൊളക്കാട് എച്ച് എസ്എസ്

മേഘ തോമസ് - കൊളക്കാട് എച്ച്എസ്എസ്

## അധ്യാപകദിനത്തിൽ ധർണ്ണ

2014 ജൂലൈ 13 ലെ സർക്കാർ ഉത്തരവിലൂടെ എയിഡഡ്/ഗവൺ

മെന്റ് ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹയർ സെക്കന്ററി സ്കൂളുകളാക്കി. ഇങ്ങനെ അനുവദിക്കപ്പെട്ട ഹയർസെക്കണ്ടറി ബാച്ചുകളിലെ അധ്യാപകരുടെ തസ്തിക നിർണ്ണയം നടത്തുകയോ നിയമനാംഗീകാരം നൽകുകയോ ചെയ്തിട്ടില്ല.അതേസമയം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധ്യാപകർക്ക് ദിവസവേതനം നൽകുമ്പോൾ അതേ ജോലി ചെയ്യുന്ന എയിഡഡ് മേഖലയിലെ അധ്യാപകർക്ക് ദിവസവേതനവും നിഷേധിക്കപ്പെടുന്നു. ഈ വിവേചനത്തിനും നീതി നിഷേധത്തിനും എതിരെ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ പുതിയ ഹയർസെക്കണ്ടറികളിലെഅധ്യാപകരുടെ നിയമനാംഗീകാരത്തിനും വേതനത്തിനും വേണ്ടി 2016 സെപ്റ്റംബർ അഞ്ചാം തീയതി അധ്യാപകദിനത്തിൽ കണ്ണൂർ കളക്ട്രേറ്റ് പടിക്കൽ ധർണ്ണയും ഉപവാസവും നടത്തി. നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ പ്രശ്നങ്ങളിൽ ഒറ്റക്കെട്ടായി നിലകൊണ്ട് സഹകരിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലെ എല്ലാ അധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു. മറ്റ് സ്കൂളുകളിലെ ടീച്ചേഴ്സ് ഗിൽഡ് പ്രതിനിധികളും സെപ്റ്റംബർ അഞ്ചിന് രാവിലെ 9.30 മണിക്ക് കണ്ണൂർ കളക്ട്രേറ്റിനു മുൻപിൽ നടന്ന ധർണ്ണയിൽ പങ്കെടുത്തു. ആത്മാർത്ഥമായി ജോലി ചെയ്യുന്ന അധ്യാപകർക്ക് വർഷങ്ങളായി വേതനം നിഷേധിക്കപ്പെടുന്നതിലെ മനുഷ്യാവകാശലംഘനവും അവരുടെ കുടുംബത്തിലെ പട്ടിണിയും അധികൃതരുടെ ശ്രദ്ധയിലെത്തിക്കണമെങ്കിൽ നമുക്ക് ഒറ്റക്കെട്ടായി ഉണർന്ന് പ്രവർത്തിച്ചേ മതിയാകൂ.

## വിദ്യാലയങ്ങളെ വിലയിരുത്തൽ സമിതി

അതിരൂപത വിദ്യാഭ്യാസ കൗൺസിലിന്റെ തീരുമാനപ്രകാരം നമ്മുടെ വിദ്യാലയങ്ങളെ വിലയിരുത്താനുള്ള സംവിധാനം രൂപീകരിച്ചു. കോർപ്പറേറ്റ് മാനേജരുടെ നേതൃത്വത്തിൽ മാത്യു കുഴിവേലിൽ, മാത്യു കാഞ്ഞിരക്കാട്ട്, ദേവസ്യ കളരിക്കൽ, വർക്കി തുരുത്തിമറ്റം, ജോസ് മാത്യു എന്നിവരുടെ നേതൃത്വത്തിലുള്ള ഒരു സമിതിയാണ് വിദ്യാലയപ്രവർത്തനങ്ങൾ വിലയിരുത്തുന്നത്. നമ്മുടെ വിദ്യാലയങ്ങളെ കൂടുതൽ മികവോടെ വളർത്തിക്കൊണ്ടു വരുന്നതിന് യഥാസമയത്തുള്ള വിലയിരുത്തലും മാർഗനിർദേശങ്ങളും സഹായകമാകും.

വീർപാട് യു.പി, വെളിമാനം ഹൈസ്കൂൾ, വെളിമാനം ഹയർസെക്കണ്ടറി, എന്നീ വിദ്യാലയങ്ങൾ ഓഗസ്റ്റ് 8 ന് സ്കൂൾ അസസ്മെന്റ് സമിതി വിലയിരുത്തി മാർഗനിർദേശം നൽകി.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!

## അന്താരാഷ്ട്ര പുരസ്കാരം മൂന്നാം തവണയും വിമൽ ജ്യോതിക്ക്

ആഗോള എഞ്ചിനിയറിംഗ് സംഘടനയായ ഐഇഇഇ, ഐഎഎസ് വിവിധ അവാർഡുകൾക്ക് നമ്മുടെ യുവഎഞ്ചിനീയർമാർ തെരഞ്ഞെടുക്കപ്പെട്ടു.

അമേരിക്കയിലെ പോർട്ട് ലാൻഡിൽവച്ച് ഒക്ടോബർ ഒന്ന് മുതൽ ആറുവരെ നടക്കുന്ന വാർഷികയോഗത്തിൽവച്ചാണ് അവാർഡുകൾ വിതരണം ചെയ്യുന്നത്. വിമൽജ്യോതിയിൽ പ്രവർത്തിക്കുന്ന ഐഇഇഇ, ഐഎഎസിന്റെ സ്റ്റുഡന്റ് ബ്രാഞ്ച് ചാപ്റ്ററിന് ഔട്ട് സ്റ്റാനിംഗ് സ്റ്റുഡന്റ് ബ്രാഞ്ച് ചാപ്റ്റർ അവാർഡ്, ചാപ്റ്റർ വെബ്സൈറ്റ് കണ്ടെനർ അവാർഡ് എന്നിവ ലഭിച്ചു. ഇലക്ട്രിക്കൽ വിഭാഗം അസി. പ്രൊഫസർ നിഖിൽ വത്സൻ കെ. മികച്ച ചാപ്റ്റർ അഡ്വൈസറായും തിരഞ്ഞെടുക്കപ്പെട്ടു.

ആഗോളതലത്തിൽ നടത്തപ്പെടുന്ന ഇത്തരം മത്സരങ്ങളിൽ ഇത് തുടർച്ചയായി മൂന്നാം തവണയാണ് വിമൽജ്യോതിക്ക് അംഗീകാരം ലഭിക്കുന്നത്. ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കുന്ന വാർഷിക സമ്മേളനത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നത് വിമൽജ്യോതിയിൽനിന്നാണ്. പ്രൊഫസർ നിഖിൽ വത്സന്റെ നേതൃത്വത്തിൽ അമേരിക്കയിലേക്ക് പുറപ്പെടുന്ന ഏഴംഗ സംഘത്തിൽ വിദ്യാർത്ഥികളായ ജ്യോതിസ് ജോസഫ്, മേഘനാഥ് കെ.വി., പ്രിയദർശൻ സി.വി., ആശിഷ് ഗണേഷ്, റോബിൻ തോമസ്, ഹരിത കെ.വി. എന്നിവരാണ് സംഘാംഗങ്ങൾ. വിമൽജ്യോതിയുടെ ആശംസകൾ.

## പൂർവ്വവിദ്യാർത്ഥിസംഗമം

2002 മുതൽ 2016 വരെ വിമൽജ്യോതിയിൽ ബിടെക് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ സംഗമം ഒരു വട്ടം കൂടി 10.9.2016ന് സംഘടിപ്പിച്ചു. കോളെജ് പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് സാറിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടത്ത് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോർജ് പുളിക്കൽ മുഖ്യപ്രഭാഷണം നടത്തി. അഡ്മിനിസ്ട്രേറ്റർ ഫാ. തോമസ് വടക്കേമുളഞ്ഞനാൽ, ബർസാർ ഫാ. ജോർജ് ആശാരിക്കുന്നേൽ, പ്രൊഫ. ലാലി ജെയിംസ്, പിആർഒ സെബാസ്റ്റ്യൻ പുത്തൻപുര എന്നിവർ ആശംസകൾ നേർന്നു സ്വദേശത്തും വിദേശത്തുമായി വിവിധ ജോലികളിലേർപ്പെട്ടിരിക്കുന്ന പൂർവവിദ്യാർത്ഥികൾ കുടുംബ സമേതം പരിപാടികളിൽ പങ്കെടുത്തു. വിവിധ കലാപരിപാടികളോടും ഓണസദ്യയോടുംകൂടി സംഗമം സമാപിച്ചു.

## പ്ലേസ്മെന്റ് വാർത്തകൾ

### വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ച്

നമ്മുടെ എംബിഎ കോളെജിലെ ജസ്റ്റിൻ ജോസ്, ജെറിൻ വി. ജോസ് എന്നിവർക്ക് ദി ഹിന്ദു വിൽ സെയിൽസ് ഓഫീസർ ട്രെയിനികളായി സെലക്ഷൻ കിട്ടി. എൽദോ രാജു, റോഷ്ന ജോർജ് എന്നിവർ വൊഡാഫോണിൽ എക്സിക്യൂട്ടീവ് ട്രെയിനികളായി തിരഞ്ഞെടുക്കപ്പെട്ടു. നിഖിൽ പ്രസാദിന് വാല്യൂ മെന്റിൽ സെയിൽസ് എൻജിനിയറായി നിയമനം ലഭിച്ചു.

### വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് 100% പ്ലേസ്മെന്റ്

ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ ബ്രഞ്ചിലെ 60 കുട്ടികളും പ്ലേസ്മെന്റ് നേടികൊണ്ട്, 100% പ്ലേസ്മെന്റ് എന്ന ബ്രഞ്ചിന്റെ പ്രഖ്യാപിത ലക്ഷ്യം സഫലമാക്കി. പൊളാരിസ് സോഫ്റ്റ് വെയർ, അക്വാപ്യൂർ പ്ലസ്, എച്ച്ജിഎസ് എന്നീ കമ്പനികൾ ഓഗസ്റ്റ് 25, ഓഗസ്റ്റ് 30 എന്നീ തിയതികളിൽ വിമൽജ്യോതിയിൽ നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലാണ് തിരഞ്ഞെടുപ്പ് നടന്നത്. ഫസ്റ്റ് നൗക്കരി കോം എന്ന റിക്രൂട്ടിംഗ് ഏജൻസി വിമൽജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി ഒരു ഓൺലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തി. ഐസിടി അക്കാദമി ഓഫ് കേരളയുടെ ആഭിമുഖ്യത്തിൽ അവസാന വർഷ വിദ്യാർത്ഥികൾക്ക് ഒരു ജോബ് അസിസ്റ്റന്റ് പ്രോഗ്രാം നടത്തി.

## ENCHANIA 2016 എംബിഎ പാസിംഗ് ഔട്ട്

2014-16 വർഷത്തെ എംബിഎ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങായ എൻചാനിയ 2016 എന്ന കോൺവെക്കേഷൻ പ്രോഗ്രാം പ്രൗഢഗംഭീരമായ സദസ്സിൽ നടത്തി. ഐസിഐസിഐ പ്രുഡൻഷ്യൽ റീജിയണൽ മാനേജർ രാജേഷ് വല്ലയിൽ മുഖ്യ പ്രഭാഷണം നടത്തി. നിർമലഗിരി കോളെജ് പ്രിൻസിപ്പാൾ ഡോ. എൻ. ജെ സെലീന സദസ്സിനെ അഭിസംബോധന നടത്തി. ബഹു. ഫാ. ജോയി കണിവേലിൽ സ്വാഗതവും അസി. പ്രൊഫ. പ്രസാദ് തോമസ് നന്ദിയും രേഖപ്പെടുത്തി. കോളേജ് ചെയർമാൻ തോമസ് മേൽവെട്ടത്ത് അധ്യക്ഷപ്രസംഗവും അഡ്മിനിസ്ട്രേറ്റർ ഫാ. ജിനു വടക്കെമുളഞ്ഞനാൽ ആശംസയും അറിയിച്ചു. പ്രിൻസിപ്പാൾ ഡോ. തോമസ് മൈക്കിൾ വിദ്യാർത്ഥികൾക്ക് പ്രതിജ്ഞാവാചകം ചൊല്ലികൊടുത്തു. എംബിഎയ്ക്ക് കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഒന്നാംറാങ്ക് നേടിയ മിസ് ദീപിക ഷേണായിക്ക് അനുമോദനവും അവാർഡും നൽകി ആദരിച്ചു. ജോലിയിൽ പ്രവേശിച്ച എല്ലാവർക്കും വിജയങ്ങൾ ആശംസിക്കുന്നു.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# കരിസ്മാറ്റിക് നവീകരണരംഗം

## ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം

കണ്ണൂർ സോണിന്റെ നേതൃത്വത്തിൽ വചനപ്രഘോഷകരുടെയും കൗൺസിലർമാരുടെയും നേതൃസംഗമം നടത്തപ്പെട്ടു. 2017 കരിസ്മാറ്റിക്ക് നവീകരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോൾ നവീകരണ പ്രവർത്തനങ്ങൾ കൂടുതൽ മേഖലയിൽ വ്യാപിപ്പിക്കാനും കൂട്ടായ്മകൾ കൂടുതൽ ശക്തിപ്പെടുത്തുവാനും പ്രാർത്ഥന കൂട്ടായ്മ രൂപീകരിക്കുന്നതിനുവേണ്ടി K.C.C.R.S.Tയുടെ നേതൃത്വത്തിൽ ലീഡേഴ്സിന് കൂടുതൽ ഉണർവ്വും ബോധ്യവും ലഭിക്കുന്നതിനുവേണ്ടി 22-09-2017ന് ദർശന ധ്യാനമന്ദിരത്തിൽവച്ച് ലീഡേഴ്സ് സംഗമം നടത്തപ്പെട്ടു.

സംഗമത്തിന് ഷാജു ചേർത്തല, ഷിബു കാസർഗോഡ്, ഡേവിസ് പത്തനംതിട്ട, റവ. ഫാ. തോമസ് കൂട്ടിയാനി എന്നിവർ നേതൃത്വം നൽകി. 70 പേർ പങ്കെടുത്തു.

## മേരിഗിരി സബ് - സോൺ കൺവെൻഷൻ

കരിസ്മാറ്റിക് നവീകരണ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന മേരിഗിരി സബ്-സോൺ കൺവെൻഷൻ തേർത്തല്ലി ഉണ്ണിമിശിഹ ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. വിവിധ ഇടവകകളിൽനിന്ന് അത്മായർ പങ്കെടുത്തു.

ഏകദിന കൺവെൻഷൻ റവ. ഫാ. ഫെലിക്സ് ബർത്തലോമിയ ഉദ്ഘാടനം ചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ കണ്ടത്തിൽ (പച്ചാണി) അദ്ധ്യക്ഷത വഹിച്ചു. ബ്രദർ തോമസ് പടിഞ്ഞാറ്റ്മാലി (കാഞ്ഞങ്ങാട്) ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ക്ലാസ്സുകൾ രാവിലെ 9 മണിക്ക് ആരംഭിച്ച് 4 മണിക്ക് വി. കുർബാനയും തുടന്ന് ആരാധനയോടുംകൂടി സമാപിച്ചു. സബ്-സോൺ കോ-ഓർഡിനേറ്റർ സിറിയക് മനയാനി, സെക്രട്ടറി ചാരശ്ശേരി ആനിച്ചൻ കുളങ്ങരമുറി, ചാർലി തുണ്ടത്തിൽ എന്നിവർ കൺവെൻഷന് നേതൃത്വം നൽകി.

## കരിസ്മാറ്റിക് രംഗം - കണ്ണൂർസോൺ

കണ്ണൂർ സോൺ കത്തോലിക്കാ കരിസ്മാറ്റിക് ക്രിസ്റ്റീൻ മിനിസ്ട്രിയുടെയും ജീസസ്സ് യൂത്തിന്റെയും നേതൃത്വത്തിൽ 2016 ഒക്ടോബർ 9 ഞായറാഴ്ച 5 മണി മുതൽ 12 ബുധനാഴ്ച ഉച്ചവരെ. 9-ാം ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടി മേരിഗിരി, ആലക്കോട്, വായാട്ട്പറമ്പ്, പിലാത്തറ, തളിപ്പറമ്പ് എന്നീ സബ്-സോണുകളിൽ നിന്നുള്ളവർക്കുവേണ്ടി മേരിഗിരി

ഹയർസെക്കൻഡറിയിൽവച്ചും ചെമ്പേരി, പൈസക്കരി, ചെമ്പന്തൊട്ടി, മടമ്പം എന്നീ സബ്-സോണുകളിൽനിന്നുള്ളവർക്ക് പൈസക്കരി ദേവമാതാ കോളേജിൽവച്ചും ത്രിദിനധ്യാനം നടത്തുന്നു.

11-ാം ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടി ഇതേ തീയതികളിൽതന്നെ ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽവച്ചും ധ്യാനം നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽനിന്ന് 5 കുട്ടികളെയെങ്കിലും പങ്കെടുപ്പിക്കുന്നതുവഴി ക്രിസ്റ്റീൻ-ജീസസ്സ് യൂത്ത് കൂട്ടായ്മയും സാദ്ധ്യമാക്കിതീർക്കാൻ കഴിയും. ധ്യാനത്തിന് 450 രൂപ ഫീസ്. രജിസ്ട്രേഷനു ബന്ധപ്പെടുക: 940010621, 9495345038, 9446046036.

## മദ്ധ്യസ്ഥ പ്രാർത്ഥന-ഏകദിന കൺവെൻഷൻ

കണ്ണൂർ സോണിന്റെ മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഒക്ടോബർ 6 വ്യാഴം ദർശനധ്യാനമന്ദിരത്തിൽവച്ച് രാവിലെ 9.30 മുതൽ 4 മണിവരെ ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു. കണ്ണൂർ സോണിനുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും സഭക്കുവേണ്ടിയും നിരന്തരം മദ്ധ്യസ്ഥം യാചിക്കാൻ ഒരു മദ്ധ്യസ്ഥ പ്രാർത്ഥന സേനയെ രൂപപ്പെടുത്തുകയെന്ന ലക്ഷ്യമാണ് ഇതിനുള്ളത്. K.C.C.R.S.Tയുടെ മുൻ വൈസ് ചെയർമാൻ ഇടുക്കി തങ്കച്ചൻ കൺവെൻഷന് നേതൃത്വം നൽകുന്നത്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

**സജി കാക്കനാട്ട്**
കോ-ഓർഡിനേറ്റർ, കണ്ണൂർ
**9447641618**

**ഫാ. തോമസ് കൂട്ടിയാനി**
ആനിമേറ്റർ, കണ്ണൂർ സോൺ

# എ.കെ.സി.സി.

ബഹു. അച്ചാ, പ്രിയ സുഹൃത്തേ,

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കാര്യാലയത്തിൽനിന്നും ക്ഷേമാന്വേഷണങ്ങൾ. വി. കൊച്ചുത്രേസ്യായുടെ തിരുനാളിന്റെയും ജപമാല മാസത്തിന്റെയും മംഗളാശംസകൾ.

## അടുപ്പുകൂട്ടിസമരം

മലയോര ഹൈവേയുടെ നിർമ്മാണപ്രവർത്തനങ്ങൾ നിറുത്തിവെക്കാനുള്ള സർക്കാർ ഉത്തരവിനെതിരെ പ്രതിഷേധിച്ച് തലശ്ശേരി അതിരൂപത കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ അടുപ്പ്കൂട്ടി സമരം നടത്തി. സമരത്തിന്റെ അതിരൂപത ഉൽഘാടനം പയ്യാവൂർ ടൗണിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് നടത്തി. അതിരൂപത സെക്രട്ടറി ബേബി നെട്ടനാനി ആമുഖ പ്രഭാഷണം നടത്തി. പൈസക്കരി ഫൊറോന വികാരി വെരി റവ. ഫാ. ജോസ് വെട്ടിക്കൽ, എകെസിസി കേന്ദകമ്മിറ്റി വൈസ്പ്രസിഡന്റ് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, റവ. ഫാ. ജോസഫ് കദളിയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ചെറുപുഴയിൽ സെന്റ് ജോർജ് മലങ്കര കത്തോലിക്ക ദൈവാലയ വികാരി റവ. ഫാ. ജോൺ പനച്ചിപ്പറമ്പിൽ, പേരാവൂരിൽ ഫൊറോന വികാരി റവ. ഡോ. തോമസ് കൊച്ചുകരോട്ട്, തേർത്തല്ലിയിൽ വെരി റവ. ഫാ. ജോസ് കളരിക്കൽ, കരുവഞ്ചാലിൽ റവ. ഫാ. മാത്യു പാലമറ്റം, ചെമ്പേരിയിൽ വെരി റവ. ഫാ. ജോസഫ് കരിനാട്ട്, വള്ളിത്തോട്ടിൽ വെരി റവ. ഫാ. ജോസഫ് ചാത്തനാട്ട്, ഉളിക്കല്ലിൽ റവ. ഡോ. ജോസഫ് പാംപ്ലാനി എന്നിവർ സമരപരിപാടി ഉൽഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഫൊറോന ഡയറക്ടർമാർ, ഫൊറോന പ്രസിഡന്റുമാർ അതിരൂപത ഭാരവാഹികൾ എന്നിവർ വിവിധ സ്ഥലങ്ങളിലെ സമരപരിപാടികൾക്ക് നേതൃത്വം നൽകി. എല്ലാ സ്ഥലങ്ങളിലും നൂറുകണക്കിനാളുകൾ പ്രതിഷേധ സമരത്തിൽ പങ്കെടുത്തു.

## ക്രിസ്ത്യൻ ലീഡേഴ്സ് ക്യാമ്പ്

സെപ്തംബർ 11, 12 തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽവെച്ച് 25 വയസ്സിനും 40 വയസ്സിനുമിടയിലുള്ള യുവതി യുവാക്കന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് കത്തോലിക്കാ കോൺഗസിന്റെ ആഭിമുഖ്യത്തിൽ ലീഡേഴ്സ് ക്യാമ്പ് നടത്തി. സമുദായ ശാക്തീകരണത്തിനായി യുവജനങ്ങൾ മുന്നോട്ട് വരണമെന്ന് ക്യാമ്പ് ഉത്ഘാടനം ചെയ്ത വികാരി ജനറാൾ മോൺ. അബ്രാഹം പോണാട്ട് പറഞ്ഞു. വിശ്വാസം സംരക്ഷിച്ചുകൊണ്ടും സഭയെ സ്നേഹിച്ചുകൊണ്ടും സഭാപ്രവർത്തനങ്ങളുടെ ക്രിയാത്മകമായ

വളർച്ചക്കുംവേണ്ടി യുവജനങ്ങൾ മുന്നിട്ടിറങ്ങണം. സീറോ മലബാർ സഭയുടെ അത്മായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിനെ ശക്തിപ്പെടുത്തുവാൻ യുവജനങ്ങളുടെ കൂട്ടായ സഹകരണവും പ്രവർത്തനങ്ങളുമുണ്ടാകണമെന്ന് അദ്ദേഹം സൂചിപ്പിച്ചു.

അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷം വഹിച്ചു. അതിരൂപത ഡയറ്കടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ആമുഖ പ്രഭാഷണം നടത്തി. കെസിവൈഎം ഡയറക്ടർ റവ. ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ ക്യാമ്പ് കോ. ഓർഡിനേറ്റർമാരായ ഷാജു ജോൺ പുളിക്കൽ, ഫിലിപ്പ് മാത്യു വെളിയൻ, പീയൂസ് പറേടം എന്നിവർ ആശംസകൾ നേർന്നു. റവ. ഡോ. ജോസഫ് പാപ്ലാനി, ട്രെയിനർ സജി നരിക്കുഴി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## 2016-17 പ്രവർത്തന വർഷ ഉദ്ഘാടനം

കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ 2016-17 വർഷത്തെ പ്രവർത്തന ഉത്ഘാടനം സെപ്തിംബർ 12ന് സന്ദേശഭവനിൽ തലശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവഹിച്ചു. സാമൂഹ്യ പ്രശ്നങ്ങളോടൊപ്പം പാരിസ്ഥിതിക വിഷയങ്ങളും കത്തോലിക്ക കോൺഗ്രസ് ഏറ്റെടുക്കണമെന്ന് ഉത്ഘടന പ്രസംഗത്തിൽ മാർ ജോർജ് ഞറളക്കാട്ട് സൂചിപ്പിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ വിഭാവനം ചെയ്യുന്ന അത്മായ ശാക്തീകരണത്തിൽനിന്നും ആവേശമുൾക്കൊണ്ട് സാമൂഹ്യ പ്രശ്നങ്ങൾക്കു മുൻതൂക്കം കൊടുത്ത് സഭക്കും സമുദായത്തിനും നേതൃത്വം കൊടുക്കുവാൻ കത്തോലിക്കാ കോൺഗ്രസിനു കഴിയണമെന്ന് അദ്ദേഹം സൂചിപ്പിച്ചു. പരമ്പരാഗത കൃഷിരീതികളിൽനിന്നും മാറി ജൈവ കൃഷിരീതിയിലേക്കു കർഷകർ മാറണമെന്നും കത്തോലിക്ക കോൺഗ്രസ് അതിനുവേണ്ട പ്രോത്സാഹനവും നേതൃത്വവും നൽകണമെന്നും അദ്ദേഹം പറഞ്ഞു.

പ്രവർത്തന മാർഗ്ഗരേഖയുടെ പ്രകാശനം അഭിവന്ദ്യ മെത്രാപ്പോലീത്താ നിർവഹിച്ചു. മികച്ച ജൈവകർഷകനായി സംസ്ഥാന സർക്കാർ അവാർഡ് നല്കി ആദരിച്ച ആഗസ്തി പെരുമാട്ടിക്കുന്നേലിനെ അഭിവന്ദ്യ മെത്രാപ്പോലീത്ത ഷാളണിയിച്ച് ആദരിച്ച് കത്തോലിക്കാ കോൺഗ്രസിന്റെ ഉപഹാരവും നല്കി. സമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷം വഹിച്ചു. അതിരൂപത ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ആമുഖ പ്രഭാഷണം നടത്തി.

പരസ്പര സഹായ നിധിയുടെ ആദ്യ നിക്ഷേപ സ്വീകരണം മുൻ അതിരൂപത ഡയറക്ടറും പേരാവൂർ ഫൊറോന വികാരിയുമായ റവ. ഡോ. തോമസ് കൊച്ചുകരോട്ട് നിർവഹിച്ചു. 2016-17 മെമ്പർഷിപ്പ് കാമ്പയിൻ സന്ദേശഭവൻ ഡയറക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് പാസ്റ്ററൽ കൗൺസിൽ സെക്ര

ട്ടറി അഡ്വ. മനോജ് എം കണ്ടം, പായം ഗ്രാമപഞ്ചായത്ത് മെമ്പർ തോമസ് പൊട്ടംകുളം, കള്ളാർ ഗ്രാമപഞ്ചായത്ത് മുൻ മെമ്പർ മിനി വർഗ്ഗീസ് വട ക്കേമുറിയിൽ എന്നിവർക്ക് മെമ്പർഷിപ്പ് നൽകി ഉത്ഘാടനം ചെയ്തു.

ഫൊറോനാടിസ്ഥാനത്തിൽ കത്തോലിക്കാകോൺഗ്രസ് യൂത്ത് വിംഗ് സംഘടിപ്പിക്കുന്നതിനും മെമ്പർഷിപ്പ് നൽകുന്നതിനുമായി താഴെ പറയുന്ന വരെ യൂത്ത് വിംഗ് ഫൊറോന കോ-ഓർഡിനേറ്റർമാരായി നിയമിച്ചു. നവം ബർ 30ന് മുമ്പായി എല്ലാ ഫൊറോനകളിലും കത്തോലിക്ക കോൺഗ്രസ് യൂത്ത് വിംഗ് ആരംഭിക്കുന്നതിനും ഡിസംബർ യൂത്ത് വിംഗ് ഫൊറോന നേതൃസംഗമം നടത്തുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| പനത്തടി | : സജി. എൻ. ജോസഫ് നടയ്ക്കൽ, പനത്തടി |
| തോമാപുരം | : ക്രിസ്റ്റീൻ ജോസഫ് കാഞ്ഞിരക്കാട്ട്, കടുമേനി |
| ചെറുപുഴ | : ഷാജൻ ആയന്തിക്കൽ, മുളപ്ര |
| തളിപ്പറമ്പ് | : ദീവിൻ മാത്യു, കൊച്ചുചെറുനിലം, കണ്ണൂർ |
| മേരിഗിരി | : സിജോ ജോൺ തകിടിയിൽ, പെരിങ്ങാല |
| പേരാവൂർ | : ജിബിൻ ജോബ് കളപ്പുരക്കൽ, പേരാവൂർ |
| കാഞ്ഞങ്ങാട് | : സിജോ അമ്പാട്ട്, കാഞ്ഞങ്ങാട് |
| നെല്ലിക്കാംപൊയിൽ | : സിജോ ജോർജ് കുഴികണ്ടത്തിൽ, മണിക്കടവ് |
| കുന്നോത്ത് | : ജിജോ ജോസഫ് കണ്ണംകുളം, അങ്ങാടിക്കടവ് |
| എടൂർ | : അഡ്വാ. മനോജ് എം. കണ്ടത്തിൽ കരിക്കോട്ടക്കരി |
| ചെമ്പംതൊട്ടി | : ജോസഫ് കൊല്ലിക്കൽ, ശ്രീകണ്ഠാപുരം |
| ആലക്കോട് | : സുനിൽ മാത്യു ചെന്നിക്കര, പരപ്പ |
| ചെമ്പേരി | : മനീഷ് ടി.എം. തളംപ്ലാക്കൽ, വലിയപറമ്പ്, ചെമ്പേരി |

കേന്ദ്രകമ്മിറ്റി വൈസ്പ്രസിഡന്റ് അഡ്വ. ടോണി ജോസഫ് പുഞ്ച ക്കുന്നേൽ, കെസിവൈഎം നാഷനൽ പ്രസിഡന്റ് സിജോ അമ്പാട്ട്, ആഗ സ്തി പെരുമാട്ടിക്കുന്നേൽ, ജോണി തോമസ് വടക്കേക്കര, ബെന്നി പുതി യാപുറം എന്നിവർ പ്രസംഗിച്ചു.

## കേന്ദ്ര വർക്കിംഗ് കമ്മിറ്റിയോഗം

കേന്ദ്ര വർക്കിംഗ് കമ്മിറ്റി യോഗം സെപ്തംബർ 21ന് കലൂർ റിന്യൂ വൽ സെന്ററിൽവച്ച് നടന്നു. കത്തോലിക്കാ കോൺഗ്രസിന്റെ കേന്ദ്ര കമ്മിറ്റി ഡയറ്ക്ടറായി നിയമിതനായ റവ. ഫാ. ജിയോ കടവിക്ക് സ്വീകരണം നൽകി. യോഗത്തിൽ അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല, കേന്ദ്ര കമ്മിറ്റി വൈസ് പ്രസിഡന്റ് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ എന്നി വർ പങ്കടുത്തു.

## കത്തോലിക്കാ കോൺഗ്രസ് നേതൃത്വ സമ്മേളനം

കത്തോലിക്ക കോൺഗ്രസ് നേതൃത്വസമ്മേളനം ഒക്ടോബർ 22ന് രാവിലെ 10മണിക്കു സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാ

ടനം ചെയ്യും. സമ്മേളനത്തിൽ കേന്ദ്രവർക്കിംഗ് കമ്മിറ്റി അംഗങ്ങൾ, രൂപത കമ്മിറ്റി അംഗങ്ങൾ, ഫൊറോന പ്രസിഡന്റ് സെക്രട്ടറി, യൂണിറ്റ് പ്രസിഡന്റ് സെക്രട്ടറി എന്നിവർക്കു മാത്രമെ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. പ്രത്യേക കത്ത് കാക്കനാട്ട് നിന്ന് അയയ്ക്കുന്നതാണ്.

## തളിപ്പറമ്പ് ഫൊറോന കമ്മിറ്റി

കത്തോലിക്കാ കോൺഗസ് തളിപ്പറമ്പ് ഫൊറോന കമ്മിറ്റിയോഗം തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ്ഹാളിൽ നടന്നു. ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് മഞ്ചപ്പള്ളി ഉത്ഘാടനം ചെയ്തു. റവ. ഡോ. ജോസഫ് പൂവന്നിക്കുന്നേൽ ആമുഖ പ്രഭാഷണം നടത്തി. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല, അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ബെന്നി പുതിയാപുറം, ഡേവീസ് ആലങ്ങാടൻ, തോമസ് തുരുത്തേൽ തുടങ്ങിയവർ പ്രസംഗിച്ചു. ഫൊറോന കമ്മിറ്റി പ്രസിഡന്റ് ദേവസ്യ കൂന്താനം അദ്ധ്യക്ഷം വഹിച്ചു. ക്രിസ്ത്യൻ ലീഡേഴ്സ് ക്യാമ്പ് പ്രവർത്തനവർഷ ഉദ്ഘാടനസമ്മേളനം എന്നിവയിൽ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനു തീരുമാനിച്ചു.

## മദർ തെരേസ തിരുശേഷിപ്പ് പ്രയാണം

മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന്റെ മുന്നോടിയായി തലശ്ശേരി അതിരൂപതയിൽ വിവിധ സംഘടനകളുടെ സഹകരണത്തോടെ സെപ്തംബർ 1,3,4,5 തീയതികളിൽ നടത്തിയ തിരുശേഷിപ്പ് പ്രയാണത്തിൽ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. എല്ലാദിവസവും അതിരൂപത ഭാരവാഹികൾ പ്രയാണത്തോടൊപ്പമുണ്ടായിരുന്നു.

## നെല്ലിക്കാംപൊയിൽ ഫൊറോനകമ്മിറ്റി

നെല്ലിക്കാംപൊയിൽ ഫൊറോനകമ്മിറ്റി യോഗം 17-9-2016 ന് ശനിയാഴ്ച 3 മണിക്കു നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ്ഹാളിൽ നടന്നു. യോഗം ഫൊറോന വികാരി റവ. ഫാ. ജോസ് ആനിത്താനം ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ റവ. ഫാ. ജോർജ് വണ്ടർകുന്നേൽ ആമുഖപ്രഭാഷണം നടത്തി. അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോല, സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ, സിസിലിപുഷ്പകുന്നേൽ, ദേവസ്യമുണ്ടപ്പള്ളിൽ തുടങ്ങിയവർ പ്രസംഗിച്ചു ഫൊറോനയിലെ 17 യൂണിറ്റ് കമ്മിറ്റികളും സെപ്തംബർ - ഒക്ടോബർ മാസങ്ങളിൽ ചേരുന്നതിന് തീരുമാനിച്ചു.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

കാർഷികമേഖലയെ തകർക്കുന്ന വിധത്തിൽ മലയോര മേഖലയിൽ വന്യമൃഗശല്യം അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. വനമേഖലയിൽ നിന്ന് 30 കിലോമീറ്ററോളം ദൂരത്തുവരെ വന്യമൃഗങ്ങളെക്കൊണ്ടുള്ള ഉപദ്രവം നിമിത്തം കൃഷിചെയ്യാൻ പറ്റാത്ത സാഹചര്യമാണുള്ളത്. മലയോര മേഖലയിൽ സുരക്ഷിതമല്ലാത്തവിധത്തിൽ കഴിയുന്ന നിരവധി കുടുംബങ്ങൾ ആനയുടെയും കാട്ടുപന്നിയുടെയും മറ്റ് മൃഗങ്ങളുടെയും ശല്ല്യം നിമിത്തം ജീവന് തന്നെ ഭീഷണിയായിരിക്കുകയാണ്. ഇൻഫാം വർഷങ്ങളായി നിരവധി സമരങ്ങളിലൂടെ സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി ചില മേഖലകളിൽ പ്രതിരോധപ്രവർത്തനങ്ങൾ നടന്നെങ്കിലും കർഷകർക്ക് ഇതുകൊണ്ട് പ്രയോജനമായിട്ടില്ല. ആവശ്യങ്ങൾ നേടിയെടുക്കാൻ കർഷകൻ ഒരുമിച്ച് നില്ക്കാനും സംഘടിക്കുവാനും തയ്യാറാകണം. ഇൻഫാമിന്റെ നേതൃത്വത്തിൽ പ്രധാനമന്ത്രിയേയും കേരളാമുഖ്യമന്ത്രി, കൃഷിമന്ത്രി, വനംവകുപ്പ് മന്ത്രിമാരെയും നേരിൽകണ്ട് നിവേദനങ്ങൾ നല്കുകയുണ്ടായി. വളരെ അനുഭവപൂർവ്വമായ സമീപനമാണുണ്ടായെതെങ്കിലും ലക്ഷ്യം നേടിയെടുക്കാൻ സംഘടിതമായ നീക്കം അനിവാര്യമാണ്. അതിനായി നമുക്ക് പരിശ്രമിക്കാം.

## ദേശീയ വികസനസെമിനാർ

കേരള വികസനത്തിന് പുതുചിന്തകൾ എന്ന ആശയവുമായി ജന്മഭൂമിയുടെ നേതൃത്വത്തിൽ ഡൽഹി അശോകാഹോട്ടലിൽ നടന്ന ദേശീയ സെമിനാറിൽ ഇൻഫാം പ്രതിനിധികളായി ഫാ. ജോസഫ് കാവനാടി, സ്കറിയ നെല്ലംകുഴി എന്നിവർ ക്ഷണിതാക്കളായി പങ്കെടുത്തു. സമ്മേളനത്തിൽ വനം പരിസ്ഥിതിമന്ത്രി ശാസ്ത്രസാങ്കേതിക വകുപ്പ് മന്ത്രി, അൽഫോൻസ് കണ്ണന്താനം ഐ.എസ്, ഐഎസ്ആർഒ മുൻ മേധാവി മാധവൻ നായർ, പി.സി. സിറിയക് ഐ.എ.എസ്. തുടങ്ങി സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക, മാധ്യമമേഖലകളിൽ പ്രവർത്തിക്കുന്ന നിരവധി വ്യക്തികൾ സെമിനാറിൽ പങ്കെടുക്കുകയുണ്ടായി.

## മുഖ്യമന്ത്രിയെ സന്ദർശിച്ച് നിവേദനം നല്കി

ഇൻഫാമിന്റെ നേതൃത്വത്തിൽ എടൂർ മേഖലയിലെ കർഷകർ കണ്ണൂർ

കലക്ട്രേറ്റിനു മുമ്പിൽ നടത്തിയ ധർണാസമരത്തിന്റെ തുടർച്ചയായി മുഖ്യ മന്ത്രി, വനംപരിസ്ഥിതി മന്ത്രി, കൃഷിമന്ത്രിയെന്നിവരെ സന്ദർശിച്ച് നിവേദനം നല്കി. കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്ന ഫണ്ടനുസരിച്ച് പ്രതിരോധപ്രവർത്തനങ്ങൾ നടത്തുമെന്ന് മന്ത്രിമാർ ഉറപ്പ് നല്കി, വന്യമൃഗശല്യം കൂടുതലുള്ള മേഖലകളിൽ മന്ത്രി സന്ദർശനം നടത്തുമെന്നും കർഷകരുമായി ചർച്ചനടത്തുമെന്നും മന്ത്രി അറിയിച്ചു. നിവേദന സംഘത്തിൽ ശ്രീ സണ്ണി ജോസഫ് എംഎൽഎ, ഫാ. ജോസഫ് കാവനാടി, ഫാ. സേവ്യർ തേലക്കാട്ട്, സ്ക്കറിയ നെല്ലംകുഴി, സാജു തെക്കേക്കര, സിജി ഉണ്ണിമാക്കൽ എന്നിവർ പങ്കെടുത്തു.

## കണ്ണൂർ ജില്ലാ ജനറൽ ബോഡിയോഗം

ശ്രീകണ്ഠാപുരം പാരീഷ് ഹാളിൽ ഇൻഫാം കണ്ണൂർ ജില്ലാ ജനറൽ ബോഡിയോഗം ചേർന്നു. ജില്ലാ പ്രസിഡന്റ് സ്കറിയ നെല്ലംകുഴി അധ്യക്ഷത വഹിച്ചയോഗം ഫാ. ജോസഫ് കാവനാടി ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. സണ്ണി പുല്ലുവേലി, തോമസ് ആലപ്പാട്ട്, ലാലിച്ചൻ കുഴിയത്ത്, സാജു തെക്കേക്കര എന്നിവർ പ്രസംഗിച്ചു.

സർക്കാർ നാളികേര കർഷകരോടു കാണിക്കുന്ന അവഗണന അവസാനിപ്പിക്കണമെന്നും നാളികേരത്തിന് വിലസ്ഥിരതയും സംഭരണവും ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് യോഗം ആവശ്യപ്പെട്ടു.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാപ്രസിഡന്റ്

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## 16ാമത് ലഹരി വിരുദ്ധതെരുവുനാടക മത്സരം

**2016 നവംബർ 26 ശനിയാഴ്ച 10 മണിക്ക് തളിപ്പറമ്പ് ടൗൺ സ്ക്വയറിൽ**

തലശ്ശേരി അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംഘടിപ്പിക്കുന്ന ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക ട്രോഫിക്കുവേണ്ടിയുള്ള 16–ാമത് തെരുവുനാടക മത്സരം 2016 നവംബർ 26ന് രാവിലെ 10മണിക്ക് തളിപ്പറമ്പ് ബസ്റ്റാന്റിൽ (ടൗൺ സ്ക്വയർ) നടത്തപ്പെടുന്നു.

മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകൾ നവംബർ 20ന് മുമ്പ് 250 രൂപ ഫീസ് അടച്ച് തലശ്ശേരി കേന്ദ്രഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്ന ഓരോ ടീമിനും 1000 രൂപ ബോണസ് നൽകുന്നതാണ്.

**ഒന്നാംസമ്മാനം** : ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക റോളിംഗ് ട്രോഫിയും 5000 രൂപ ക്യാഷ് അവാർഡും

**രണ്ടാംസമ്മാനം** : ശ്രീ. പി.കെ. ഗ്രിഗറി മാസ്റ്റർ സ്മാരക റോളിംഗ് ട്രോഫിയും 3000 രൂപ ക്യാഷ് അവാർഡും

**മൂന്നാംസമ്മാനം** : ശ്രീ. അഗസ്റ്റിൻ കിഴക്കരക്കാട്ട് സ്മാരക റോളിംഗ് ട്രോഫിയും 2000/- രൂപ ക്യാഷ് അവാർഡും

### നിബന്ധനകൾ

1 സമയം 30 മിനിറ്റ് ആയിരിക്കും.
2 പ്രമേയം-ലഹരിവിരുദ്ധ ആശയാവിഷ്ക്കാരമായിരിക്കണം
3 ടേപ്പ് റിക്കോർഡർ ഉപയോഗിക്കാൻ പാടില്ല.
4 വാദ്യക്കാർ ഉൾപ്പെടെ പരമാവധി 12 കഥാപാത്രങ്ങളിൽ കൂടുതലാകാൻ പാടില്ല.
5 മത്സരത്തിൽ പങ്കെടുക്കുന്ന ടീം കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ ബാനറിൽ ആയിരിക്കണം.
6 വടി, ചെണ്ട, തുടി എന്നിവ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. മറ്റ് വാദ്യോപകരണങ്ങൾ പാടില്ല.
7 തീ, കനൽ, പുക ഇവ പാടില്ല
8 തെരുവു നാടകത്തിന്റെ ഭാഷയും ചലനങ്ങളും ധാർമികതയ്ക്ക് നിരക്കുന്നതായിരിക്കണം.
9 കഥാപാത്രങ്ങൾക്ക് ചമയങ്ങൾ പാടില്ല
10 മൈക്രോഫോൺ ഒഴികെയുള്ള സാധനസാമഗ്രികൾ മത്സരാർത്ഥികൾകൊണ്ടുവരേണ്ടതാണ്.

11 സംഗീതം, സ്പെഷ്യൽ ഇഫക്ട് എന്നിവയ്ക്ക് മൈക്രോഫോൺ അനുവദനീയമാണ്.

12 മത്സരത്തിൽ ഏത് മതസ്ഥർക്കും പങ്കെടുക്കാവുന്നതാണ്.

13 മത്സരത്തിൽ പങ്കെടുക്കുന്നവർ ലഹരി ഉപയോഗിക്കുന്നവർ ആകാൻ പാടില്ല

14 2016 നവംബർ 26ന് രാവിലെ 10 മണിക്ക് മത്സരം ആരംഭിക്കുന്നതാണ്.

15 മത്സരത്തിന് ഒരു മണിക്കൂർ മുമ്പ് ടീമുകൾ മത്സരവേദിയിൽ റിപ്പോർട്ടു ചെയ്യണം.

16 ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും. ഈ സംരംഭം വൻ വിജയമാക്കി തീർക്കാൻ ബഹു. വികാരിയച്ചന്മാരോട് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

## ADSU ലഹരിവിരുദ്ധ കലോത്സവം

### 2016 ഒക്ടോബർ 3 – ഒക്ടോബർ 10

കലാസാഹിത്യരചനാമത്സരങ്ങൾ തോമാപുരം സെന്റ് തോമസ് ഹൈസ്കൂൾ, തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയം, ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയം എന്നിവിടങ്ങളിൽ 2016 ഒക്ടോബർ 3ന് തിങ്കളാഴ്ച രാവിലെ 10 മുതൽ 12 വരെ നടത്തുന്നു.

ലഹരിവിരുദ്ധകലോത്സവം 2016 ഒക്ടോബർ 10ന് തിങ്കളാഴ്ച രാവിലെ 9.30 മുതൽ ചെമ്പേരി നിർമല സ്കൂളിൽവച്ചും നടത്തുന്നു.

### സാഹിത്യരചനാമത്സരം

**ഇരിട്ടി സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയം :** പൈസക്കിരി, ചെമ്പേരി, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ എന്നീ ഫൊറോനകളിലെ സ്കൂളുകൾ.

**തളിപ്പറമ്പ് സെന്റ് മേരിസ് ഓഡിറ്റോറിയം** : മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ, ചെമ്പന്തൊട്ടി എന്നീ ഫൊറോനകളിലെ സ്കൂളുകൾ.

**തോമാപുരം സെന്റ്തോമസ് ഹൈസ്കൂൾ** : വെള്ളരിക്കുണ്ട്, ചെറുപുഴ, തോമാപുരം,പനത്തടി,കാഞ്ഞങ്ങാട് എന്നീ ഫൊറോനകളിലെ സ്കൂളുകൾ.

### ലഹരിവിരുദ്ധ സാഹിത്യ രചനാ മത്സരങ്ങൾ, ഇനങ്ങൾ

LP : വാക്സ് ക്രയോൺസ് – വിഷയം – സമൂഹത്തിലെ മദ്യാസക്തി

UP : പോസ്റ്റർ രചനവിഷയം – യുവജനങ്ങളിലെ മയക്കുമരുന്ന്ഉപയോഗം
നോട്ടീസ് നിർമ്മാണം:- വിഷയം- മദ്യനിരോധനനയം തുടരണം

HS : പ്രബന്ധ രചന:- വിഷയം- ലഹരി ആസക്തി വിദ്യാർത്ഥി സമൂഹത്തിന് വെല്ലുവിളി.
കാർട്ടൂൺ – വിഷയം തൽസമയം നൽകുന്നു

HSS : പ്രബന്ധരചന- വിഷയം- ലഹരിയും സാംസ്കാരിക ധാർമികജീർണ്ണയതയും.
കൊളാഷ് - വിഷയം -തൽസമയം നൽകുന്നു.
പെയിന്റിംഗ് - വിഷയം -തൽസമയം നൽകുന്നു.

**5. ലഹരിവിരുദ്ധ കലോത്സവം. ഒക്ടോബർ 10 ന് 9.30 am - 3.30 pm സ്ഥലം ചെമ്പേരി നിർമ്മല സ്കൂൾ**

| | | |
|---|---|---|
| LPS : | പ്രസംഗം-വിഷയം | - ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ കുട്ടികൾക്കുള്ള പങ്ക് 5 മിനിറ്റ് |
| | കവിതാപാരായണം | - 5 മിനിറ്റ് |
| | മോണോആക്ട് | - 7 മിനിറ്റ് |
| UPS : | പ്രസംഗം | - ലഹരി ഉപയോഗം സാമൂഹ്യതിന്മ- 5മിനിറ്റ് |
| | മോണോആക്ട് | - 7 മിനിറ്റ് |
| | കവിതാപാരായണം | - 5 മിനിറ്റ് |
| | കഥാപ്രസംഗം | - 10 മിനിറ്റ് |
| HS : | സ്കിറ്റ് | - ലഹരിവിരുദ്ധ ആവിഷ്കാരം- 15 മിനിറ്റ് |
| | മോണോആക്ട് | - 7 മിനിറ്റ് |
| | കവിതാപാരായണം | - 7 മിനിറ്റ് |
| | പ്രസംഗം | - 5 മിനിറ്റ് വിഷയം തത്സമയം നൽകുന്നു |
| | കഥാപ്രസംഗം | - 10 മിനിറ്റ് |
| | ക്വിസ് മത്സരം | - ഒരു സ്കൂളിൽ നിന്നും 2 പേർ ഒരു ടീം ആയി പങ്കെടുക്കുന്നു - 30 മിനിറ്റ് |

**ചോദ്യം ഉന്നയിക്കുന്ന മേഖലകൾ**

| | |
|---|---|
| 1 ഗാന്ധിജിയും മദ്യനിരോധനവും | - 20 മാർക്ക് |
| 2 മദ്യപഞ്ചകം അധ്യായം 3 | - 20 |
| 3 പാൻപരാഗ് കൊലയാളിയോ | - 15 |
| 4 എരിഞ്ഞടങ്ങുന്ന ജീവിതം | - 15 |
| 5 പൊതുവിജ്ഞാനം | - 20 |
| 6 എഡിഎസ് യു സംഘടന | - 10 |

HSS: പ്രസംഗം - 7 മിനിറ്റ് വിഷയം - തത്സമയം നൽകുന്നു.
മോണോ ആക്ട് 7 മിനിറ്റ്

**പ്രത്യേകശ്രദ്ധയ്ക്ക്**

- ബെസ്റ്റ് സ്കൂൾ അവാർഡ് - HSS ,HS, UPS, LPS എന്നീ നാലു വിഭാഗങ്ങൾക്കും ബെസ്റ്റ് സ്കൂൾ ട്രോഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും.
- എൻട്രി ഫോം e-mail ആയി അയക്കുന്നതാണ്. ഒക്ടോബർ 3ന് മുൻപ് മത്സരാർത്ഥികളുടെ പേരുകൾ എൻട്രി ചെയ്ത് ADSU കേന്ദ്ര ഓഫീസിൽ എത്തിക്കണം.

- സാഹിത്യരചനാമത്സരത്തിൽ പങ്കെടുക്കുന്നവർക്ക് കലാമത്സരത്തിലും പങ്കെടുക്കാവുന്നതാണ്.
- രചനാമത്സരങ്ങൾക്ക് ഓരോ സ്കൂളിൽനിന്നും ഓരോ ഇനങ്ങൾക്കും രണ്ടുപേർ വീതം പങ്കെടുക്കാം എന്നാൽ കലാമത്സരങ്ങൾക്ക് ഒരു സ്കൂളിൽനിന്നും ഓരോ ഇനത്തിനും ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ.
- സാഹിത്യരചന, കയ്യെഴുത്തുമാസിക എന്നിവയുടെ മാർക്കുകൾ കലോത്സവ റോളിംഗ് ട്രോഫിക്ക് പരിഗണിക്കുന്നതാണ്.

## സാഹിത്യരചന സ്കോർ വിവരം

- സ്കോറിംഗ് 10,7,5 എന്നീ ക്രമത്തിലായിരിക്കും. ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് വ്യക്തിഗത സമ്മാനങ്ങളും മൂന്നാം സ്ഥാനത്തിന് സർട്ടിഫിക്കറ്റും ഉണ്ടായിരിക്കുന്നതാണ്.
- കയ്യെഴുത്തുമാസിക - ഒന്നാം സ്ഥാനത്തിന് റോളിംഗ് ട്രോഫിയും 1000 രൂപ ക്യാഷ് അവാർഡും 20 മാർക്കും, രണ്ടാം സ്ഥാനത്തിന് റോളിംഗ് ട്രോഫിയും 500 രൂപ ക്യാഷ് അവാർഡും 15 മാർക്കും ലഭിക്കുന്നതാണ്.
- സ്കിറ്റ് മത്സരം കലോത്സവ ദിവസം രാവിലെ 9.30ന് ആരംഭിക്കും. മാർക്കുകൾ 15,12,10 എന്നിങ്ങനെ ആയിരിക്കും.
- കലോത്സവത്തിൽ പങ്കെടുക്കുന്ന ഓരോ സ്കൂളും 100 രൂപ അടച്ച് പേരു രജിസ്റ്റർ ചെയ്യണ്ടതാണ്.
- കഴിഞ്ഞവർഷത്തെ റോളിംഗ് ട്രോഫികൾ നേടിയ സ്കൂളുകൾ ഒക്ടോബർ 3ന് മുമ്പ് തലശ്ശേരി കേന്ദ്രഓഫീസിൽ എത്തിക്കണം.

### പച്ചക്കറിത്തോട്ടം

ADSUവിന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം നിർമിക്കുന്നത് ജൈവകൃഷിപദ്ധതിയിലേയ്ക്ക് കുട്ടികളെ ആകർഷിക്കാൻ ഉപകരിക്കുമല്ലൊ. മറ്റുകുട്ടികൾക്ക് ഇതൊരു മാതൃകയുമായിരിക്കും. ബെസ്റ്റ് സ്കൂൾ തെരഞ്ഞെടുപ്പിൽ പച്ചക്കറിത്തോട്ടത്തിന് 20 മാർക്ക് ലഭിക്കും.

## ADSU എക്സിക്യൂട്ടീവ് കമ്മിറ്റി

2016 സെപ്റ്റംബർ 13 ശനിയാഴ്ച സന്ദേശഭവനിൽ ചേർന്ന ADSU എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ പ്രസിഡന്റ് കുമാരി അയോണ എലിസബത്ത് അധ്യക്ഷത വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രഭാഷണം നടത്തുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്ക് വിദ്യാർത്ഥി ഭാര

വാഹികൾക്കു പുറമേ, തെരഞ്ഞെടുക്കപ്പെട്ട അധ്യാപക പ്രതിനിധികളായ ശ്രീമതി മഞ്ജുഷ മനോജ്, ശ്രീമതി റീനാ ചെറിയാൻ, ശ്രീ. മാത്യു വരമ്പുങ്കൽ, ശ്രീ. ആൽബിൻ തോമസ് എന്നിവരെ സ്വാഗതം ചെയ്തു. നാമഹേതുകതിരുനാൾ ആഘോഷിച്ച ADSU കോഡിനേറ്റർ സി. ലീമാ റോസിനെ പ്രസിഡന്റ് അയോണ എലിസബത്ത് പുഷ്പം നൽകി, ഷോൾ അണിയിച്ച് അനുമോദിച്ചു.

23 ദിവസംകൊണ്ട് 102 സ്കൂളുകൾ സന്ദർശിച്ച് ADSU സംഘടനയ്ക്ക് ആവേശം പകർന്ന ഫാ. തോമസ് തൈത്തോട്ടത്തിന്റെ നേതൃത്വത്തിലുള്ള വിസിറ്റേഴ്സ് ടീമിനെ യോഗം അഭിനന്ദിച്ചു. സ്കൂൾ സന്ദർശന അനുഭവം ടീമിൽപ്പെട്ട സി. എൽസി അലക്സ് എസ്.എച്ച്, സി. ടെറസിറ്റ എൻ.എസ്., സി. ജിൽസ എസ്.കെ.ഡി., സി. മെറിൻ എസ്.കെ.ഡി, എന്നിവർ പങ്കുവച്ചു. തുടർന്നു നടന്ന ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. LCD പ്രൊജക്ടറിന്റെ സഹായത്തോടെ ക്ലാസ് എടുക്കുന്നത് കൂടുതൽ ഉപകാരപ്രദമായിരിക്കും എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

## തീരുമാനങ്ങൾ - നിർദ്ദേശങ്ങൾ

- കയ്യെഴുത്തു മാസിക ഒക്ടോബർ 3ന് മുമ്പ് കേന്ദ്രഓഫീസിൽ എത്തിക്കുക.
- ലഹരിവിരുദ്ധ മത്സരഫലങ്ങൾ 1,2,3 എന്നിവയ്ക്കു പുറമേ ഗ്രേഡുകൾ നൽകി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുക.
- ജെഡ്ജസിന് മത്സരത്തെ സംബന്ധിച്ച മാനദണ്ഡങ്ങൾ നൽകണം.
- യൂണിറ്റ് ഭാരവാഹികളെ ഇനിയും തെരഞ്ഞെടുത്തിട്ടില്ലാത്ത സ്കൂളുകൾ ഉടനടി ഭാരവാഹികളുടെയും ആനിമേറ്റർമാരുടെയും പേരുവിവരം കേന്ദ്രഓഫീസിൽ എത്തിക്കണം.
- എല്ലാ ADSU അംഗങ്ങൾക്കും ബാഡ്ജ് ഉണ്ടെന്ന് ഉറപ്പാക്കണം. ഇനിമുതൽ ബാഡ്ജ് ഒന്നിന് 10 രൂപ ആയിരിക്കും.
- അംഗത്വഫീസ് ഇനിമുതൽ പഴയതിനും പുതിയതിനും 10 രൂപ ആയിരിക്കും. അംഗത്വഫീസ് മുഴുവനും യൂണിറ്റിനായിരിക്കും.
- ഒരു സ്കൂളിൽ HSS, HS, UPS, LPS എന്നിവ ഒരു യൂണിറ്റായി പ്രവർത്തിക്കാൻ പാടില്ല. പ്രത്യേകം പ്രത്യേകം യൂണിറ്റായി പ്രവർത്തിക്കണം. ആനിമേറ്റർമാരും ഓരോ വിഭാഗത്തിനും ഉണ്ടായിരിക്കണം.
- ഒക്ടോബർ 2, ഗാന്ധിജയന്തി ദിനം പരിസരശുചീകരണം, ശാന്തിയാത്ര, പൊതുസമ്മേളനം, പ്രതിജ്ഞ എടുക്കൽ തുടങ്ങിയ വിവിധ പരി

പാടികളോടെ ആചരിക്കണം. വാർത്തകൾ പത്രങ്ങൾക്കും ADSU കേന്ദ്ര ഓഫീസിലേയ്ക്കും e-mail ചെയ്യണം. adsutly@gmail.com

- നവദർശൻ ക്യാമ്പ് - ചെറുപുഷ്പം UPS ചെമ്പന്തൊട്ടി 2016 ഡിസംബർ 26-30 വ.െര ഫീസ് 500/- രൂപ.
- ലഹരി വിരുദ്ധ കലോത്സവം കമ്മിറ്റികൾ രൂപീകരിച്ചു.

## ഒക്ടോബർ 3 - സാഹിത്യരചനാമത്സരം

- ഇരിട്ടി - മഞ്ജുഷ മനോജ്, സി. റെജീന എഫ് സിസി, മാത്യു ലൂക്കാ, ക്ലിറ്റി, സാജിദ് മുഹമ്മദ്
- തളിപ്പറമ്പ - സി. ജിൻസ, സി.എൽസി അലക്സ് അയോണ, റോഷിൻ, അഭിനവ്
- തോമാപുരം - സി. ടെറസിറ്റ, സി. മെറിൻ, അർജ്ജുൻ കെ.എസ്. കെവിൻ വർഗീസ്
- ഒക്ടോബർ 10ന്റെ ലഹരിവിരുദ്ധകലോത്സവത്തിന് സഹകരിക്കുവാൻ സി. ആൻമേരി, സി. ആൽഫി, സി. സോഫി, സി. മേഴ്സി, സി. ഷീബ തുടങ്ങിയവരോട് അഭ്യർത്ഥിക്കുക.

## ലോട്ടറി

ADSU വിന് ധനശേഖരണാർത്ഥം ലോട്ടറി നടത്തുക. കൂപ്പൺ ഒന്നിന് 10 രൂപ. പത്ത് ലീഫുകളുള്ള ബുക്ക് അടിക്കുക. സമ്മാനങ്ങൾക്ക് സ്പോൺസേഴ്സിനെ കണ്ടെത്തുക.

- മാസ്റ്റർ അർജ്ജുൻ സ്വാഗതവും കുമാരി സയന എബ്രാഹം നന്ദിയും പ്രകാശിപ്പിച്ചു. ഐസ്ക്രീമും പായസവും ഉൾപ്പെടെയുള്ള ഓണസദ്യയോടെ യോഗം 2 മണിക്ക് സമംഗളം പര്യവസാനിച്ചു.

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

## 'അഗതിദിനം - അനുഗ്രഹദിനം'

സെപ്റ്റംബർ 4ന് വി. മദർതെരേസയുടെ നാമകരണദിനം 'അഗതിദിനം-അനുഗ്രഹദിനം' എന്ന പേരിൽ പ്രതീക്ഷയിൽ ആഘോഷിച്ചു. പ്രതീക്ഷയിൽ ചികിത്സയിലായിരുന്നവരും പ്രത്യേകം ക്ഷണിക്കപ്പെട്ടവരും പങ്കുചേർന്ന സമ്മേളനത്തിൽ ടി.സി. തോമസ് സാർ അധ്യക്ഷത വഹിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം സമ്മേളനം ഉദ്ഘാടനം ചെയ്തു. സി.സിസിലി, സി. ടെസ്‌ലിൻ എന്നിവർ വി. മദർ തെരേസയുടെ അഗതികളോടുള്ള പ്രത്യേക കാരുണ്യത്തെക്കുറിച്ച് ക്ലാസുകളെടുത്തു. തുടർന്ന് ക്ഷണിതാക്കൾ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച ചെയ്തു. സമ്മേളനത്തിന് അനിറ്റ ബാബു സ്വാഗതവും ബ്രദർ ഷിൻസ് കുടിലിൽ നന്ദിയും പറഞ്ഞു.

## പ്രതീക്ഷയിൽ പ്രതീക്ഷയോടെ Block Placement വിദ്യാർത്ഥികൾ

ഓഗസ്റ്റ് 9 മുതൽ സെപ്റ്റംബർ 10 വെര പ്രതീക്ഷയിൽ നടത്തപ്പെട്ട പ്രത്യേക പരിശീലന പരിപാടികളിൽ കണ്ണൂർ ധനലക്ഷ്മി നേഴ്സിംഗ് സ്കൂളിലെ അമ്പതോളം വിദ്യാർത്ഥികൾ പങ്കെടുത്തു. പരിശീലനപരിപാടികൾക്ക് ഫാ. ജോൺസൺ അന്ത്യാംകുളം, Psychiatry HOD അജിത്, സി. ടെസ്‌ലിൻ, സ്റ്റാഫംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## മദ്യവിമുക്തരുടെ കുടുംബകൂട്ടായ്മയും ഓണാഘോഷവും

സെപ്റ്റംബർ 11-ാം തീയതി പ്രതീക്ഷയിൽവച്ച് നടന്ന മദ്യവിമുക്തരുടെ കൂട്ടായ്മയിൽ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. സി. സ്റ്റെല്ല എംഎസ്എംഐ രോഗവിമുക്ത കുടുംബജീവിതത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. പ്രതാപൻ തളിപ്പറമ്പ്, ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിവിധ ഓണാഘോഷമത്സര പരിപാടികൾ നടത്തപ്പെട്ടു. സമ്മേളനത്തിന് വിനോജ് വയലിൽ സ്വാഗതവും മാനേജിംഗ് കമ്മിറ്റി അംഗം തങ്കച്ചൻ കൊല്ലക്കൊമ്പിൽ നന്ദിയും പറഞ്ഞു.

## പ്രതീക്ഷയിൽ ഓണാഘോഷ ലഹരി

സെപ്റ്റംബർ 14-ാം തീയതി മദ്യലഹരിയിൽനിന്നും വിമോചനം തേടുന്നവർക്ക് ഓണാഘോഷം ഒരു പുതുലഹരിയായി. വിവിധങ്ങളായ മത്സരപരിപാടികൾ പ്രതീക്ഷയിൽ ചികിത്സയിൽ കഴിയുന്നവർക്കും സ്റ്റാഫംഗങ്ങൾക്കും പ്രത്യേകമായി നടത്തപ്പെട്ടു. പരിപാടികൾക്ക് പ്രതീക്ഷ മാനേജ്മെന്റ് നേതൃത്വം വഹിച്ച് വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

## ബോധവൽക്കരണ ക്ലാസ്

സെപ്റ്റംബർ 16-ന് കതിരൂരിൽവച്ച് നടത്തപ്പെട്ട ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയിൽ സി. ടെസ്‌ലിൻ എസ്.എച്ച്. ക്ലാസ്സെടുത്തു.

## മാനേജിംഗ് കമ്മിറ്റി

സെപ്റ്റംബർ 20-ാം തീയതി പ്രതീക്ഷ NGO യുടെ മാനേജിംഗ് കമ്മിറ്റി നടത്തപ്പെട്ടു. NGO യുടെ സുഗമവും കാര്യക്ഷമവുമായ പുതിയ പ്രവർത്തന പദ്ധതികളെക്കുറിച്ച് ഫാ. ഡയറക്ടർ വിശദീകരിച്ചു. മദ്യ-മയക്കുമരുന്നുവ്യാപനം തടയുന്നതിന് നിലവിലുള്ള സർക്കാർ ഫലപ്രദമായ നടപടികൾ കൈക്കൊള്ളണമെന്നും 4 സ്റ്റാർ ബാറുകൾക്ക് ലൈസൻസ് നൽകുവാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും യോഗാംഗങ്ങൾ പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു. യോഗത്തിൽ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ, അബ്രാഹം പാരിക്കപ്പള്ളിൽ, സണ്ണി പുത്തേട്ട്, ടി.പി. ആർ നാഥ്, മാത്യു എം. കണ്ടത്തിൽ, സണ്ണി പായിക്കാട്ട്, ജെയ്സൺ മാർക്കോസ്, ആന്റണി അത്താഴപ്പാടം, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ജോൺ മുള്ളൻകുഴിയിൽ, ജെയിംസ് എൻ പോൾ, ജോയി പെരുംപുഴ എന്നിവർ പ്രസംഗിച്ചു.

ഒക്ടോബർ - നവംബർ മാസങ്ങളിൽ എരഞ്ഞോളി ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് വിപുലമായ ജനബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു. എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമ്യ സമ്മേളനത്തിന് ആശംസ നേർന്ന് പരിപാടികൾ വിശദീകരിച്ചു. ഏറ്റവും കൂടുതൽ വ്യക്തികളെ ചികിത്സയ്ക്ക് എത്തിച്ച തങ്കച്ചൻ കൊല്ലക്കൊമ്പിലിനെ യോഗം അഭിനന്ദിച്ചു.

## ഒന്ന് ശ്രദ്ധിക്കണേ

കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ ഏക കേന്ദ്രഗവൺമെന്റ് അംഗീകൃത ലഹരിവിമോചന പുനരധിവാസ കേന്ദ്രമായ നമ്മുടെ പ്രതീക്ഷയിലേക്ക് ചികിത്സ ആവശ്യമുള്ള നമ്മുടെ പ്രിയപ്പെട്ടവരെയും പരിചിതരെയും പറഞ്ഞു വിടാൻ ശ്രദ്ധിക്കുമല്ലോ. കാരുണ്യവർഷത്തിൽ ഒരു കാരുണ്യപ്രവർത്തനം നടത്താൻ തയ്യാറാവില്ലേ.

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### ആശാകിരണം കാൻസർ സുരക്ഷായജ്ഞം

കാൻസർ തിരിച്ചറിഞ്ഞ് കാൻസർ വിമുക്തസമൂഹത്തിനായി കൈകോർക്കുന്നതിന്റെ ഭാഗമായി കാരിത്താസ് ഇന്ത്യ മലബാർ പ്രദേശത്തെ തലശ്ശേരി, കണ്ണൂർ, കോഴിക്കോട്, താമരശ്ശേരി, മാനന്തവാടി, ബത്തേരി എന്നീ ആറ് കത്തോലിക്കാ രൂപതകളിലെ സാമൂഹ്യക്ഷേമപ്രവർത്തന വിഭാഗങ്ങളുമായി സഹകരിച്ച് ആശാകിരണം കാൻസർ സുരക്ഷായജ്ഞം നടപ്പാക്കുന്നതിന്റെ മലബാർ മേഖലാതല ഉദ്ഘാടനം 2016 സെപ്റ്റംബർ 10 ശനിയാഴ്ച രാവിലെ 11 മണിക്ക് ഉളിക്കൽ ഉണ്ണീശോപള്ളി പാരിഷ്ഹാളിൽവച്ച് നടന്നു.

തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട് അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഇരിക്കൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ സ്വാഗതം ആശംസിച്ച ഈ സമ്മേളനത്തിൽ കാരിത്താസ് ഇന്ത്യയുടെ സോണൽ മാനേജർ ഡോ. ഹരിദാസ് ആമുഖപ്രഭാഷണം നടത്തി. പേരാവൂർ നിയോജകമണ്ഡലം എം.എൽ.എ. അഡ്വ. സണ്ണിജോസഫ് മുഖ്യപ്രഭാഷണവും കണ്ണൂർ രൂപതാദ്ധ്യക്ഷൻ ഡോ. അലക്സ് വടക്കുംതല അനുഗ്രഹപ്രഭാഷണവും നടത്തി. കാരിത്താസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഫ്രെഡറിക് ഡിസൂസ ഈ പരിപാടിക്ക് സന്ദേശം നൽകി. TSSS അസി. ഡയറക്ടറും ആശാകിരണം മലബാർ മേഖലാ കോ-ഓർഡിനേറ്ററും MANGO പ്രസിഡണ്ടുമായ ഫാ. സ്ക്കറിയ നിരപ്പേൽ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എൻ.പി. റോസമ്മ, കോഴിക്കോട് ജീവന സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ആൽഫ്രഡ് വി.സി., താമരശ്ശേരി COD ഡയറക്ടർ ഫാ. ജോസഫ് മുകളേപറമ്പിൽ, ബത്തേരി ശ്രേയസ് ഡയറക്ടർ ഫാ. ടോണി കോഴിമണ്ണിൽ, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. തോമസ് വർഗീസ്, മാനന്തവാടി WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, ഉളിക്കൽ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഷേർളി അലക്സാണ്ടർ, നെല്ലിക്കാംപൊയിൽ ഫൊറോന വികാരി ഫാ. ജോസഫ് ആനിത്താനം, ഉളിക്കൽ വികാരി ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്, പിലാത്തറ ഹോപ്പ് ചാരിറ്റബിൾ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി ശ്രീ. കെ.എസ്. ജയമോഹൻ തുടങ്ങിയ രാഷ്ട്രീയ സാമൂഹ്യസാംസ്കാരിക നേതാക്കന്മാർ ആശംസകളർപ്പിച്ചു സംസാരിച്ചു. തലശ്ശേരി മലബാർ

കാൻസർ സെന്ററിലെ ഡോ. ഫിനിസ് ഫിലിപ്പ് കാൻസർ നിവാരണ ബോധവൽക്കരണക്ലാസിന് നേതൃത്വം നൽകി. കെയ്റോസ് കണ്ണൂർ ഡയറക്ടർ റവ. ഡോ. ജിൽസൺ പനക്കൽ ചടങ്ങിന് നന്ദി രേഖപ്പെടുത്തി.

## സമൂഹവിവാഹം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി ജാതിമതഭേദമന്യേ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിർധനരായ 50 യുവതികൾക്ക് മംഗല്യഭാഗ്യമേകാൻ 2016 സെപ്റ്റംബർ 17 ശനിയാഴ്ച ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ അവസരമൊരുക്കി. TSSS-ന്റെ 9-ാമത് സമൂഹവിവാഹം ബഹു. കേരള തുറമുഖ വകുപ്പുമന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജോർജ്ജ് വലിയമറ്റം അദ്ധ്യക്ഷത വഹിച്ച യോഗത്തിന് TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ സ്വാഗതം ആശംസിച്ചു. വിവാഹസഹായനിധി വിതരണം പേരാവൂർ നിയോജകമണ്ഡലം എം.എൽ.എൽ. അഡ്വ. സണ്ണി ജോസഫ് നിർവ്വഹിച്ചു. 21 വർഷമായി TSSS-ന്റെ സജീവ പ്രവർത്തകനായ ശ്രീ. പി.വി. ഔസേപ്പ് തോട്ടാപ്പള്ളി ദമ്പതികൾക്കുള്ള മധുരംവയ്ക്കൽ ചടങ്ങിന് നേതൃത്വം നൽകി. കാസർഗോഡ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി ശാന്തമ്മ ഫിലിപ്പ്, ഇരിട്ടി മുൻസിപ്പൽ ചെയർമാൻ ശ്രീ. പി.വി. അശോകൻ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി എൻ.പി. റോസമ്മ, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. തോമസ് വർഗീസ്, എരുവശ്ശേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി പൗളിൻ തോമസ്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ജനകീയസംഘ അതിരൂപതാ പ്രസിഡണ്ടുമാരായ ശ്രീ. ബേബി മുള്ളൂർ, ശ്രീ. പി.സി. വർഗീസ് ചെമ്പിത്തറ, RCC പ്രസിഡണ്ടുമാരായ ശ്രീ. ജോസഫ് മരങ്ങാട്ടുമ്യാലിൽ, ശ്രീ. വർക്കി വടക്കേമുറി, ശ്രീ. വർഗീസ് പെരുമത്തറ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. TSSS അസി. ഡയറക്ടർ ഫാ. സ്ക്കറിയ നിരപ്പേൽ ഏവർക്കും ഹൃദ്യമായ നന്ദി രേഖപ്പെടുത്തി.

സമൂഹവിവാഹത്തിൽ പങ്കെടുക്കുന്ന ദമ്പതികൾക്കായുള്ള ഓറിയന്റേഷൻ ക്ലാസ് 2016 സെപ്റ്റംബർ 5-ന് ചെമ്പേരി പാരിഷ്ഹാളിൽവച്ച് നടത്തപ്പെട്ടു. ചെമ്പേരി RCC പ്രസിഡണ്ട് ബേബി മുള്ളൂർ ബോധവൽക്കരണക്ലാസിന് നേതൃത്വം വഹിച്ചു.

## ബഡൂർ ക്രെഡിറ്റ് യൂണിയൻ വാർഷിക ജനറൽബോഡിയും സൗജന്യ പച്ചക്കറിവിത്ത് വിതരണവും

2016 ഓഗസ്റ്റ് 30-ന് ബഡൂർ ക്രെഡിറ്റ് യൂണിയന്റെ വാർഷിക ജനറൽബോഡിയും സൗജന്യ പച്ചക്കറിവിത്ത് വിതരണവും ബഡൂർ

ക്രെഡിറ്റ് യൂണിയൻ ഓഫീസ് ഹാളിൽവച്ച് നടത്തപ്പെട്ടു. ഉച്ചയ്ക്ക് 2 മണിക്ക് ചേർന്ന യോഗത്തിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പാമ്പക്കൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. കെ.സി. ചാണ്ടി ഏവർക്കും സ്വാഗതം ആശംസിച്ചു. തോമാപുരം RCC പ്രസിഡണ്ട് ശ്രീ. ജോസ് മാളിയേക്കൽ ഉദ്ഘാടനവും TSSS പ്രോഗ്രാം മാനേജർ ശ്രീമതി വത്സമ്മ ടോമി മുഖ്യപ്രഭാഷണവും നടത്തി. ബഡൂർ ക്രെഡിറ്റ് യൂണിയൻ ആനിമേറ്റർ സി. ക്രിസ്റ്റീന DM പച്ചക്കറിവിത്ത് വിതരണോദ്ഘാടനം നിർവ്വഹിച്ചു. ശ്രീമതി ഷിജി മാത്യു നന്ദി പറഞ്ഞു.

## പ്രത്യാശ പേഷ്യന്റ് കെയർ യൂണിറ്റ് രൂപീകരണം

വിളക്കന്നൂർ CU യൂണിറ്റിൽ 2016 ഓഗസ്റ്റ് 31-ന് പ്രത്യാശ പാലിയേറ്റീവ് കെയർ യൂണിറ്റ് രൂപീകരിക്കുന്നതിന്റെ ഭാഗമായി ചെറുവത്തൂർ ബ്ലോക്ക് കോ-ഓർഡിനേറ്റർ ശ്രീമതി ബീന അഗസ്റ്റിൻ, TSSS പ്രോഗ്രാം മാനേജർ ശ്രീമതി വത്സമ്മ ടോമി എന്നിവർ ക്ലാസ് എടുത്തു. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോയി പെരിങ്ങലക്കാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ശ്രീ. ജോസ് തോക്കനാട്ട് സ്വാഗതം ആശംസിച്ചു. പ്രസ്തുത യോഗത്തിൽ 32 അംഗങ്ങൾ പങ്കെടുത്തു.

## മാലോം TSSS ഗ്രാമിക യൂണിറ്റ് രൂപീകരണം

മാലോം പാരിഷ്ഹാളിൽവച്ച് 2016 സെപ്റ്റംബർ 4-ന് 2 മണിക്ക് യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി മഞ്ഞളാംകുന്നേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ യൂണിറ്റ് രൂപീകരണത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. യൂണിറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ക്ലാസിന് TSSS പ്രോഗ്രാം മാനേജർ ശ്രീമതി വത്സമ്മ ടോമി നേതൃത്വം നൽകി. 25 ഗ്രാമികകളിൽ നിന്നായി 300 പേർ പങ്കെടുത്തു. തുടർന്ന് ഗ്രാമിക ഭാരവാഹികളിൽ നിന്നും യൂണിറ്റ് പ്രസിഡണ്ടായി ശ്രീ. സ്കറിയ കാഞ്ഞമല, സെക്രട്ടറിയായി ശ്രീ. മൈക്കിൾ ഞൊണ്ടിമാക്കൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ഇവരുടെ നേതൃത്വത്തിൽ 9 അംഗകമ്മിറ്റിയെ തിരഞ്ഞെടുത്തു. ഓഗസ്റ്റ് മാസത്തിൽ വിവിധ വാർഡുകളിലായി നടന്ന ഗ്രാമിക നിയമാവലി ക്ലാസിന് ശ്രീമതി വത്സമ്മ ടോമി, ശ്രീ. ബിജു ജോർജ്ജ്, ശ്രീ. ബെന്നി തോമസ്, ശ്രീമതി ബീന ബേബി എന്നിവർ നേതൃത്വം നൽകി.

## ഓണക്കിറ്റ് വിതരണം

ഗ്രാമിക കൊന്നക്കാട് യൂണിറ്റിന്റെയും മാലോം മഹാത്മാഗാന്ധി ചാരിറ്റബിൾ ട്രസ്റ്റിന്റെയും ചൈത്രവാഹിനി പാലിയേറ്റീവ് കെയർ സൊസൈറ്റി കൊന്നക്കാടിന്റെയും സംയുക്താഭിമുഖ്യത്തിൽ 2016 സെപ്റ്റംബർ 11-ന്

മാലോം സാംസ്കാരിക നിലയത്തിൽവച്ച് സമൂഹത്തിലെ നിർധനരും രോഗികളുമായവരുടെ നൂറോളം കുടുംബങ്ങൾക്ക് ഓണസമ്മാനമായി ഓണക്കിറ്റ് വിതരണം നടത്തി. ഈ പരിപാടിയുടെ ഉദ്ഘാടനം കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എ.ജി.സി. ബഷീർ നിർവ്വഹിച്ചു. മഹാത്മാഗാന്ധി ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ ശ്രീ. രാജു കട്ടക്കയം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൊന്നക്കാട് യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ്ജ് ഇലവുംകുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി.

പരപ്പ ബ്ലോക്ക് പഞ്ചായത് മെമ്പർ ശ്രീമതി മിനി മാത്യു, ബളാൽ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി.വി. മൈക്കിൾ, ചൈത്രവാഹിനി പാലിയേറ്റീവ് കെയർ സൊസൈറ്റി പ്രസിഡണ്ട് ഡോ. പി. വിലാസിനി, ബളാൽ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീമതി ബിന്ദു സാബു, ശ്രീമതി സുമതി സി.വി., ശ്രീമതി ജയന്തി ബാലൻ, ശ്രീമതി സിൽവി പ്രഭാകരൻ, ശ്രീ. കൃഷ്ണൻ കെ.വി., ശ്രീ. സത്യൻ പാടിയിൽ എന്നിവരും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി മാലോത്ത് യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ടോമിച്ചൻ കാഞ്ഞിരമറ്റം എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ചൈത്രവാഹിനി പാലിയേറ്റീവ് കെയർ സൊസൈറ്റി വർക്കിംഗ് പ്രസിഡണ്ട് ശ്രീ. എ. നാരായണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.

## ആദരാഞ്ജലികൾ

TSSS പ്രോഗ്രാം മാനേജർ ശ്രീമതി കുസുമം ബേബിയുടെ അമ്മയുടെ ദേഹവിയോഗത്തിൽ വേദനിക്കുന്ന കുസുമത്തിനോടും കുടുംബാംഗങ്ങളോടുമുള്ള അനുശോചനം അറിയിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനുമായി TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ, അസി. ഡയറക്ടർ ഫാ. സ്ക്കറിയ നിരപ്പേൽ, സ്റ്റാഫംഗങ്ങൾ തുടങ്ങിയവർ ശ്രീമതി കുസുമത്തിന്റെ കുടിയാന്മലയിലുള്ള ഭവനം സന്ദർശിച്ചു.

സ്നേഹപൂർവ്വം

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ

**1. മദർ ഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | | |
|---|---|---|---|
| ഒക്ടോബർ | 02-07 | : | ആന്തരീക-ശാരീരികസൗഖ്യ ധ്യാനം |
| ,, | 08 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം |
| ,, | ,, | : | കന്നഡ ധ്യാനം |
| ,, | 16 | : | മരിയൻ രാത്രി (പൗർണ്ണമി പ്രാർത്ഥന) |
| ,, | 23-28 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം |
| ,, | ,, | : | വ്രതവിശുദ്ധീകരണ ധ്യാനം (സിസ്റ്റേഴ്സിന്) |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം-ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | | |
|---|---|---|---|
| ഒക്ടോബർ | 07 | : | ജാഗരണപ്രാർത്ഥന |
| ,, | 16-20 | : | പ്രേഷിത ധ്യാനം |
| ,, | 23-27 | : | ആന്തരീക സൗഖ്യധ്യാനം |

**3. ഐ.എം.എസ്. ധ്യാനകേന്ദ്രം, പേരട്ട; കൂട്ടുപുഴ, ഫോൺ: 0490-2420320, 9745292602, 9846452511**

| | | | |
|---|---|---|---|
| ഒക്ടോബർ | 06 | : | രോഗശാന്തി ആരാധന (ആദ്യവ്യാഴം) |
| ,, | 10-14 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം (500 രൂപ) |
| ,, | 24-28 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം (500 രൂപ) |

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0460-2444595**

| | | | |
|---|---|---|---|
| ഒക്ടോബർ | 04-06 | : | MGC |
| ,, | 08 | : | ഏകദിനം (രാവിലെ 9.30 മുതൽ വൈകു. 4 വരെ) |
| ,, | 09-11 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം (ഞായർ വൈകു. 4 - ചൊവ്വാഴ്ച രാത്രി 9) |
| ,, | 21-23 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം (വെള്ളി വൈകു. 4 മുതൽ ഞായർ രാത്രി 9 വരെ) |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | | |
|---|---|---|---|
| ഒക്ടോബർ | 01 | : | ഏകദിന കൺവെൻഷൻ |
| ,, | 02-06 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 08 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| ,, | 14 | : | ജാഗരണ പ്രാർത്ഥന |
| ,, | 15 | : | ക്രിസ്റ്റീൻ വിങ്സ് |
| ,, | 29 | : | മരിയൻ ദിവ്യകാരുണ്യ ആരാധന (14-ാം വാർഷികം) |
| ഒക്ടോ.30 നവ. 03 | | : | ആന്തരിക ശാരീരികസൗഖ്യധ്യാനം |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
# മാർ ജോർജ് ഞറളക്കാട്ട്

## 2016 സെപ്റ്റംബർ

ഓഗസ്റ്റ് 22 മുതൽ സെപ്റ്റംബർ 3 വരെ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ചു നടന്ന സിനഡിലും ഇതിനിടയിൽ 25 മുതൽ 28വരെ ഇരിങ്ങാലക്കുട സഹൃദയിൽവച്ച് നടന്ന സീറോമലബാർ സഭ അസംബ്ലിയിലും പങ്കെടുത്തു.

04 രാവിലെ 10 മണിക്ക് പരിയാരത്തെത്തി മദർതെരേസയുടെ തിരുനാളിനോടും വിശുദ്ധപദവി പ്രഖ്യാപനത്തോടനുബന്ധിച്ച് റോമിൽനിന്നും ലഭിച്ച മദർതെരേസയുടെ തിരുശ്ശേഷിപ്പ് പ്രതിഷ്ഠിക്കുകയും വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

05 രാവിലെ പാടാൻകവലയിലെത്തി വി. മദർതെരേസയുടെ തിരുശ്ശേഷിപ്പ് പ്രയാണത്തിന്റെ സമാപനത്തിന് നേതൃത്വം നൽകുകയും മദർ തെരേസ തീർത്ഥാടന ദേവാലയത്തിൽ വി. ബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

ഉച്ചക്ക് മിഷൻലീഗുകാർ ദൈവകരുണയുടെ കുടുംബവർഷത്തോടനുബന്ധിച്ച് പാടാൻകവലയിൽ പണിത് നൽകിയ വീടിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി. തിരിച്ചു മടങ്ങവേ തിരൂരെത്തി പള്ളിപണി കാണുകയും ചെയ്തു.

സെപ്റ്റംബർ 5-9വരെ സന്ദേശഭവനിൽവച്ച് നടന്ന വൈദികരുടെ ആദ്യ ബാച്ച് ധ്യാനത്തിൽ പങ്കെടുക്കുകയും എല്ലാ വൈദികരെയും വ്യക്തിപരമായി കണ്ട് സംസാരിക്കുകയും ചെയ്തു.

08. പൈസക്കരിയിലെത്തി നെട്ടനാനി ബേബിസാറിന്റെ മകന്റെ വിവാഹം ആശീർവദിച്ചു.

10. നെല്ലിക്കാംപൊയിൽവച്ച് നടന്ന കാരിത്താസ് ഇന്ത്യയുടെയും ടിഎസ്എസിന്റെയും സംയുക്ത മീറ്റിംഗിൽ പങ്കെടുത്ത് ടിഎസ്എസിന്റെ ആശാകിരൺ പരിപാടി ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 5 മണിക്ക് പാടിയോട്ടുചാലിൽ പുതിയ സൺഡേസ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും ഇടയസന്ദർശനം ആരംഭിക്കുകയും ചെയ്തു. 11-ാം തീയതി പാടിയോട്ടുചാൽ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

12. രാവിലെ 9.45ന് സന്ദേശഭവനിൽവച്ച് നടന്ന എ.കെ.സി.സിയുടെ അതിരൂപതാമീറ്റിംഗിൽ പങ്കെടുത്തു.

12 മണിക്ക് കരുവഞ്ചാലിൽ അനിറ്റ-അലൻ എന്നിവരുടെ ഒത്തുകല്ല്യാണത്തിന് കാർമികത്വം വഹിച്ചു.

3 മണിക്ക് തളിപ്പറമ്പിലെത്തി കരിസ്മാറ്റിക് നവീകരണത്തിന്റെ സബ്സോൺ ആനിമേറ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

13 പടന്നക്കാടെത്തി വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

14 രാവിലെ നടവയലെത്തി മാമ്മോദിസക്ക് കാർമികത്വം വഹിച്ചു.

15 അതിരൂപതാകേന്ദ്രത്തിൽവച്ച് വിവിധഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6മണിക്ക് അതിരൂപതാകേന്ദ്രത്തിൽ വച്ച് നടന്ന ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

16 തളിപ്പറമ്പിൽവച്ചു നടന്ന രൂപതാ വൈദിക കൂട്ടായ്മയിൽ പങ്കെടുത്ത് അധ്യക്ഷത വഹിച്ചു.

18 മംഗലാപുരത്ത് മുള്ളേഴ്സ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. സെബാസ്റ്റ്യൻ ജോസഫച്ചനെ സന്ദർശിച്ചു.

19 അതിരൂപതാകേന്ദ്രത്തിൽവച്ചു നടന്ന മലബാർ റീജനൽ കൂരിയാമീറ്റിംഗിൽ പങ്കെടുത്തു.

20 ബത്തേരിയിലെത്തി പുതുതായി നിർമ്മിച്ച കത്തീഡ്രൽ പള്ളി വെഞ്ചരിപ്പിൽ പങ്കെടുത്തു. പിന്നീട് നടന്ന മലബാർ ബിഷപ്പ്സ് കോൺഫറൻസിൽ പങ്കെടുക്കുകയും ചെയ്തു.

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### 2016 ഓഗസ്റ്റ്

28 രാവിലെ 7.30ന് കണ്ണിവയൽ സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുതിയ വൈദികമന്ദിരത്തിന് തറക്കല്ലിടുകയും ചെയ്തു. 11.30ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോം, ആശുപത്രി എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ എ.കെ.ജി. ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ രോഗിസന്ദർശനം നടത്തി.

31 വൈകുന്നേരം 4 മണിക്ക് പരിയാരം ഇടവകയിൽ നിര്യാതനായ ആന്റണി മേനാച്ചേരിയുടെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലിപ്രാർത്ഥിച്ചു. 5മണിക്ക് പരിയാരം ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

### 2016 സെപ്റ്റംബർ

1. അതിരൂപത മദർതെരേസ തിരുശേഷിപ്പ് പ്രയാണത്തോടനുബന്ധിച്ച് കണ്ണൂർ സ്റ്റേഡിയം കോർണറിൽ നടന്ന സാംസ്കാരിക സമ്മേളനം വൈകുന്നേരം 5 മണിക്ക് ഉദ്ഘാടനം ചെയ്തു.

3 വൈകുന്നേരം 4 മണിക്ക് നെല്ലിക്കുറ്റിയിൽ നിര്യാതയായ സി. സെയിൽസ് എംഎസ്എംഐയുടെ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

4 രാവിലെ 11 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഡോ. അരുൺ കുറ്റിക്കാട്ടിന്റെയും അനിലയുടെയും വിവാഹം ആശീർവദിച്ചു.

9 രാവിലെ 7.30ന് തൃശ്ശൂർ ബിഷപ്സ് ഹൗസ് സന്ദർശിച്ചു. വൈകുന്നേരം 5.30ന് ഇടുക്കി പേഴുംകണ്ടം ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

10 7.30ന് ഇടുക്കി രൂപതയിൽ ചെമ്പകപാറ ഇടവകയിൽ പൂർവ്വികർക്കായി വി. കുർബാനയർപ്പിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

11 7.30ന് ഇടുക്കി തോപ്രാംകുടി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. 12 മണിക്ക് ഇടുക്കി രൂപതാകാര്യാലയം, കത്തീഡ്രൽ ദൈവാലയം എന്നിവിടങ്ങൾ സന്ദർശിച്ചു.

12 9.30ന് തോപ്രാംകുടി മരിയഗൊരേറ്റി ദൈവാലയത്തിൽ തോമസ് - ഷാന്റി വലിയമറ്റം ദമ്പതികളുടെ മകളായ മറിയത്തിന്റെ മാമ്മോദീസയിൽ മുഖ്യകാർമികനായി. ഉച്ചയ്ക്കുശേഷം ഇടുക്കി കാൽവരിമൗണ്ട് സന്ദർശിച്ചു.

13 തോപ്രാംകുടി വേളാംങ്കണ്ണിമാതാ കുരിശടിയിൽ രാവിലെ 6.30ന് വി. കുർബാനയർപ്പിച്ചു. 11 മണിക്ക് ഇടുക്കി, രാജകുമാരി പള്ളി സന്ദർശിച്ചു. ശേഷം മൂന്നാറിൽ ഹ്രസ്വസന്ദർശനം നടത്തി.

14. ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന ഓണാഘോഷങ്ങളിൽ സംബന്ധിച്ചു.

15. രാവിലെ 10.30ന് കോടഞ്ചേരി പള്ളിയിൽവച്ച് നടന്ന അലൻ-അനീറ്റാ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു. കോടഞ്ചേരി ഭാഗത്തുള്ള രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

16. ജന്മദിനത്തിൽ രാവിലെ 6.15ന് ആർച്ച് ബിഷപ്സ് ഹൗസിൽ ഫൊറോനാവികാരിമാർക്കൊപ്പം വി. കുർബാനയർപ്പിച്ചു. തുടർന്ന് നടന്ന ജന്മദിനാഘോഷങ്ങളിൽ പങ്കാളിയായി.

17 ഇരിട്ടിപള്ളിയിൽവച്ച് ടിഎസ്എസിന്റെ നേതൃത്വത്തിൽ നടന്ന സമൂഹവിവാഹത്തിനുശേഷം നടന്ന അനുമോദനയോഗത്തിൽ അധ്യക്ഷപ്രഭാഷണം നടത്തി.

ഉച്ചയ്ക്ക് 12 മണിക്ക് ഫാ. വിൻസെന്റ് താമരശേരിയുടെ നിര്യാതയായ മാതാവിന്റെ സംസ്കാരകർമ്മങ്ങളിൽ പടിയൂർ ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. ഉച്ചക്ക്ശേഷം കരുവഞ്ചാൽ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഫാ. ഷാജി കരിങ്ങാലിക്കാട്ടിലിനെ സന്ദർശിച്ചു. അതിനുശേഷം കരുവഞ്ചാൽ ദൈവാലയം സന്ദർശിച്ചു.

19. രാവിലെ 11 മണിക്ക് പേരാവൂർ ഫൊറോനാ ദൈവാലയത്തിൽ നിര്യാതയായ മുണ്ടാട്ടുചുണ്ടയിൽ ത്രേസ്യാമ്മയുടെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

## Programme of the Archbishop
## Mar George Njaralakatt

### October - 2016

| | | |
|---|---|---|
| 01 | 10.30 am | - Irikkoor Little Flower Seminary |
| | evening | - Pastoral Visit : Areekamala |
| 02 | | - Pastoral Visit : Areekamala |
| 02-07 | | - Thalassery Minor Seminary : Annual Retreat for Priests |
| 06 | | - Edoor : Ordination Dn. Joseph Kalayil CMF |
| 08-24 | | - Out of Station |
| 25 | | - Day for Priests |
| 26 | | - Visitors' day : Thalassery |
| 27 | | - Padannakkad : Blessing of new building |
| 28 | | - Kannur |
| 29 | 10.00 am | - Pastoral Council : Sandesbhavan |
| | 02.30pm | - Sandesabhavan : Prolife programme |
| 30 | | - Kulathuvayal : Platinum Jubilee Celebration |
| 31 | | - To Rome |

### November - 2016

| | |
|---|---|
| Oct. 31-Nov. 8 | - Rome : Episcopal Ordination of Mar Stephan Chirapanath |
| 08 | - Thermala : MSMI New Convent Blessing |
| 09 | - Visitors' day |

| | | | |
|---|---|---|---|
| 10-11 | | - | GSMS : Kunnoth |
| 12 | 10.30am | - | Chemperi : Retired Teachers' Meeting |
| | 03.30pm | - | Edoor : Jubilee Celebration of Fr. Joseph Valiakandam |
| 13 | | - | Peravoor |
| 14 | 9.30 am | - | Kannur Melechova : Vestition FCC |
| 15 | | - | Kunnamkai : Ordination |
| 16-21 | | - | Bristol : UK |

**Secretary to the Archbishop**

❖❖❖

# Programme of the Archbishop Emeritus
# Mar George Valiamatttam

## October - 2016

| | | |
|---|---|---|
| 02-07 | - | Annual Retreat |
| 09 | - | Mampoil |
| 10 | - | Malome |
| 12 | - | Anickampoil |
| 29 | - | Iritty |

**Secretary to the Archbishop Emeritus**

❖❖❖